Date of publication : 1 ഒക്ടോബർ 2022
വോള്യം 18/ലക്കം 30
ISSN 2319-9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത




## ലൈംഗികാതിക്രമം




## സംഘടിത കൂട്ടായ്മയിൽ
## കണ്ണിചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായി സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാധ്യമ അവലോകനങ്ങൾ, പഴയ കുടുംബ ഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ – പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും – ക്ഷണിക്കുന്നു. താൽപര്യമുള്ളവർ

**sanghadithacalicut@gmail.com**

എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺനമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.

# സംഘടിത

സംഘടിത/ ഒക്ടോബർ 2022/ വോള്യം 19/ലക്കം 30




**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ഡോ.ജാൻസി ജോസ്
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഗാർഗി ഹരിതകം
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട് & കവർ :**
സുവിജ കെ.

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch, Calicut -4

ലൈംഗികാതിക്രമം വൈദ്യശാസ്ത്ര വ്യവഹാരത്തിൽ
**ഡോ. ജയശ്രീ ഏ.കെ.** 6

മീറ്റൂ പ്രസ്ഥാനവും കേരളത്തിലെ ഫെമിനിസ്റ്റ് കൂട്ടായ്മയും
**ബിനിത തമ്പി** 13

വർഗ്ഗീയകലാപങ്ങളും ലൈംഗികാതിക്രമങ്ങളും
**അഡ്വ.ജെ.സന്ധ്യ** 19

തൊഴിലിടത്തിലെ ലൈംഗികാതിക്രമങ്ങളും പരാതിക്കമ്മിറ്റികളും
**അഡ്വ. പ്രീത കെ.കെ.** 22

ലൈംഗികാതിക്രമങ്ങളെ അഭിമുഖീകരിക്കുമ്പോൾ
**അഭിമുഖം : അഡ്വ. സന്ധ്യാ ജനാർദ്ധനൻ / മാളവിക എം.ദേവി** 25

ലൈംഗികാക്രമണ കേസുകൾ : നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ
**സി.എസ്.ചന്ദ്രിക** 28

ക്യാമ്പസിലെത്താവുന്ന മീറ്റൂ അഥവാ കാവ്യനീതി
**മൈന ഉമൈബാൻ** 34

മതവും ലൈംഗികതയും: ഒരു വിചിന്തനം
**ഡോ. സിസ്റ്റർ ജെസ്മി** 37

അസംഘടിത മേഖല സ്ത്രീകളുടെ ലൈംഗികപീഡന അനുഭവങ്ങൾ : വിജി പെൺകൂട്ട് സംസാരിക്കുന്നു
**അഭിമുഖം : വിജി പെൺകൂട്ട് /ഗാർഗി** 41

സുപ്രീം കോടതി വിധിയുടെ കാലിക പ്രസക്തി
**പെൺപക്ഷം /അജിത കെ.** 44

സാംസ്കാരിക രംഗത്തെ ലൈംഗികാതിക്രമങ്ങൾ
**പ്രസന്ന പാർവ്വതി** 46

പരിചരണ സ്വഭാവമുള്ള തൊഴിലുകളും ലിംഗപദവിയും: നഴ്സിംഗ് മേഖലയിൽ നിന്നുള്ള അനുഭവങ്ങൾ
**പഠനം / ചൈതന്യ കെ.** 48

ക്വിയർ മനുഷ്യരുടെ സമ്മതത്തിനു വിലയില്ലേ?
**അനസ്.എൻ.എസ്.** 53

ലൈംഗികാതിക്രമങ്ങളിലെ അപരാധിയും ആണത്തബോധ നിർമ്മിതിയും : ഒരാമുഖം
**റ്റിസി മറിയം തോമസ്** 57

അവാർഡിന്റെ തിളക്കത്തിൽ ഷീബയുടെ സിനിമാ പുസ്തകം
**വഴിത്താരകൾ / ജാനകി** 62

കണ്ണുകെട്ടിക്കളി
**കവിത / ശാലിനി രാമചന്ദ്രൻ** 64

അടികൊണ്ടു മാറുന്ന സൂക്കേടുകൾ
**വാസ്തവം / ഡോ.ജാൻസി ജോസ്** 65

ക്രിസ്പറിന്റെ മാതാവിനെ തേടി പ്രഥമ കിംബർലി പുരസ്ക്കാരം
**ശാസ്ത്രം /സീമ ശ്രീലയം** 66

# മുഖവുര



ഷീബ കെ.എം.

ഇറാനിലെ മഹ്സ അമീനി ദേശ/മത/ സംസ്ക്കാര സമ്മർദ്ദങ്ങളാൽ ജീവനപഹരിക്കപ്പെട്ട മറ്റൊരു ഇരയായിത്തീർന്നിരിക്കുന്നു. സ്ത്രീശരീരം സദാചാര സൂചകങ്ങളായിരിക്കാൻ ശഠിക്കുന്ന ഹിംസാവസ്ഥകളാണ് ആ കൊലയ്ക്കുത്തരവാദി എന്ന് ഉറപ്പിച്ച് പറയാം. ഭരണകൂടം അനുശാസിക്കും വിധം തലമുടി മറച്ചില്ല എന്നത് അറസ്റ്റ് ചെയ്യപ്പെടാനും കൊലചെയ്യപ്പെടാനും പോന്ന കുറ്റമായി മാറിയത് എത്രമേൽ ഭയാനകമാണ്. എന്നാൽ എത്ര കഠിന അധികാരവാഴ്ചയും ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും എന്ന ഓർമ്മപ്പെടുത്തലാണ് അമീനിയുടെ മരണശേഷം ഇറാനിലുയർന്ന വമ്പൻ പ്രതിഷേധങ്ങൾ. ഭരണകൂട അടിച്ചമർത്തലുകൾക്കും അക്രമങ്ങൾക്കും നടുവിലും ധീരരായി ശിരോവസ്ത്രം കത്തിച്ചും തല മുണ്ഡനം ചെയ്തും അവിടത്തെ സ്ത്രീകൾ ഉയർത്തുന്ന വെല്ലുവിളികൾ കേൾക്കാതിരിക്കാൻ ഭരണാധികാരികൾക്കാവുമോ? ഇന്ത്യയടക്കമുള്ള രാജ്യങ്ങളിലെ സമാന പീഡനാവസ്ഥകൾക്കു നേരെ ഉയരാൻ സാധ്യതയുള്ള പ്രതിഷേധങ്ങളുടെ താക്കീതായി ഇവ നിലകൊള്ളട്ടെ.

വിവാഹിതയാണോ അല്ലയോ എന്ന പരിഗണനയില്ലാതെ എല്ലാ സ്ത്രീകൾക്കും ഗർഭാവസ്ഥയുടെ ഇരുപത്തിനാല് ആഴ്ചവരെ ഗർഭഛിദ്രം നടത്താൻ അനുമതി നൽകിക്കൊണ്ട് ചരിത്രപ്രധാനമായ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ് സുപ്രീം കോടതി. ഗർഭഛിദ്ര വിഷയത്തിൽ അമേരിക്ക നടത്തിയ പ്രതിലോമകരമായ തിരിച്ചുപോക്കിന്റെ പശ്ചാത്തലത്തിൽ പ്രത്യേകിച്ചും ഈ വിധി ഏറെ പ്രതീക്ഷാവഹമാണ്.

വനിതാ ശിശു വികസന വകുപ്പ് എറണാകുളം ജില്ലയിൽ ഔദ്യോഗിക ആവശ്യങ്ങൾക്ക് സിവിൽ സ്റ്റേഷനിൽ എത്തുന്നവരോ പരീക്ഷാർത്ഥികളോ ആയ സ്ത്രീകൾക്ക് രാത്രി താമസസൗകര്യം ഒരുക്കാൻ 'എന്റെ കൂട്' പദ്ധതി ആരംഭിച്ചിരിക്കുകയാണ്. സൗജന്യ ഭക്ഷണവും ഇവിടെ ലഭ്യമാണ്. ഏറെ സ്വാഗതാർഹമാണ് ഈ നീക്കം.

ഓക്സ്ഫാം എന്ന സംഘടന പ്രസിദ്ധീകരിച്ച 'ഇന്ത്യാ വിവേചന പഠനം 2022' പ്രകാരം ലിംഗവിവേചനം കാരണം സ്ത്രീകൾ അനുഭവിക്കുന്ന തൊഴിൽ അന്തരം ഗ്രാമപ്രദേശങ്ങളിൽ നൂറു ശതമാനവും നഗരങ്ങളിൽ തൊണ്ണൂറ്റിയെട്ടു ശതമാനവുമാണ്. വിദ്യാഭ്യാസം നേടിയവർക്കിടയിലും സ്ഥിതി ഏറെ ആശ്വാസകരമല്ല എന്നാണ് ഈ അസ്വസ്ഥജനകമായ കണക്കുകൾ സൂചിപ്പിക്കുന്നത്. സർക്കാർ ആസൂത്രണ ആലോചനകളിൽ ഈ പ്രശ്നം ഗൗരവശ്രദ്ധയ്ക്ക് വിധേയമാക്കണം എന്നാണ് ആവശ്യപ്പെടാനുള്ളത്.

ലൈംഗികാതിക്രമങ്ങൾക്കെതിരെ ലോകത്താകമാനം സ്ത്രീവാദ പോരാട്ടങ്ങൾ തുടങ്ങിയിട്ട് അരനൂറ്റാണ്ടിലേറെയായി. 1972 ൽ മഹാരാഷ്ട്രയിലെ ഗഡ്ചിരോലി പോലീസ് സ്റ്റേഷനിൽ മഥുര എന്ന ആദിവാസി പെൺകുട്ടി ലൈംഗികപീഡനത്തിന് ഇരയായതിനെതിരെ സ്വതന്ത്ര സ്ത്രീ സംഘടനകൾ രംഗത്ത് വരികയുണ്ടായി. കുപ്രസിദ്ധമായ ആ സംഭവത്തിനെതിരെ ഉയർന്നു വന്ന സംഘാടനം പിന്നീടിങ്ങോട്ടുള്ള ധാരാളം പോരാട്ടങ്ങൾക്കുള്ള വഴിവിളക്കായി . 1997 ൽ ശൈശവവിവാഹത്തിനെതിരെ പ്രചരണം നടത്തിയതിന് പ്രതികാരമായി ഭൻവരി ദേവി എന്ന സാഥിൻ (സാമൂഹ്യ പ്രവർത്തക) ബലാൽക്കാരത്തിനിരയായ കേസ്സിൽ തൊഴിൽ ദാതാവായ സർക്കാറിന്റെ സംരക്ഷണ ഉത്തരവാദിത്വം ഉറപ്പിക്കുന്ന ചരിത്രപ്രധാന വിധിന്യായം പുറത്തു വന്നു. 2012ലെ നിർഭയ സംഭവത്തിന് ശേഷം ജസ്റ്റിസ് ജെ .എസ് .വർമ്മയുടെ നേതൃത്വത്തിൽ പുറത്തുവന്ന സുപ്രധാന റിപ്പോർട്ടും ലൈംഗികാതിക്രമങ്ങളെ തടയാനുള്ള നിയമായുധമായി മാറി. നിയമം മാറുമ്പോഴും മാറാത്ത ആണധികാര പ്രയോഗങ്ങളും അവയ്ക്ക് ലഭിക്കുന്ന പിന്തുണയും നമ്മെ വീണ്ടും വീണ്ടും ഭയത്തിലും നിരാശയിലും ആഴ്ത്തുന്നുണ്ട്. എന്നിരുന്നാലും പരിവർത്തനത്തിനും അതിജീവനത്തിനുമായുള്ള സംഘാടനങ്ങളും പോരാട്ടങ്ങളും സജീവമായി തുടരുന്നു എന്നതാണ് ഊർജ്ജം പകരുന്ന യാഥാർത്ഥ്യം. ഏറ്റവുമൊടുവിൽ സിവിക്ക് ചന്ദ്രനെതിരെ ലൈംഗികാതിക്രമ പരാതി നൽകിയ അതിജീവിതയ്ക്കൊപ്പം നിൽക്കാൻ രൂപം കൊണ്ട സംഘാടനത്തിൽ കൂടുതൽ പേർ കണ്ണിചേരുമെന്ന ഐക്യദാർഢ്യ പ്രതീക്ഷയിൽ 'ലൈംഗികാതിക്രമം ' ചർച്ച ചെയ്യുന്ന ഈ ലക്കം സംഘടിത സമർപ്പിക്കുന്നു.

ചർച്ചാവിഷയം



**ഡോ. ജയശ്രീ എ.കെ.**
സാമൂഹ്യപ്രവർത്തക
ഡോക്ടർ
പരിയാരം മെഡിക്കൽ കോളേജ്

# ലൈംഗികാതിക്രമം വൈദ്യശാസ്ത്ര വ്യവഹാരത്തിൽ




ലൈംഗികാതിക്രമത്തെക്കുറിച്ച് പിതൃമേധാവിത്വ സങ്കല്പത്തിൽ ഉറച്ചുപോയ കാഴ്ചപ്പാടുകൾ മാറിക്കൊണ്ടിരിക്കുന്ന കാലമാണിത്. ബലം പ്രയോഗിച്ചുള്ള സംയോഗം എന്നതിനേക്കാൾ, മറ്റൊരു വ്യക്തിയുടെ മേലുള്ള കടന്നു കയറ്റം എന്ന രീതിയിലാണ് ഇപ്പോൾ നമ്മളിതു കാണുന്നത്. മറ്റുള്ളവർ അതിക്രമിച്ചു കടക്കാതെ സ്വയം സംരക്ഷിക്കേണ്ടത് സ്ത്രീയുടെ കടമയാണെന്ന ബോധത്തിൽ നിന്നും വ്യവഹാരങ്ങളിൽ നിന്നുമുള്ള മാറ്റമാണിത്.

സ്ത്രീകൾക്കനുകൂലമായ നിയമങ്ങൾ ഉണ്ടായി തുടങ്ങിയിട്ടെയുള്ളൂ. അത് പ്രവൃത്തിയിൽ കൊണ്ടുവരാൻ പൊതുസമൂഹം ഒരുപാടു മാറേണ്ടതുണ്ട്. ഭരണഘടനയുടെ മൂല്യങ്ങളും സാമൂഹ്യനീതിയും ഒത്തുപോകണം. അത് കഴിയാത്തത് കൊണ്ടാണ് നിയമങ്ങൾ ഉണ്ടെങ്കിൽ പോലും അവ ശരിയായ രീതിയിൽ നടക്കാത്തത്.

ലൈംഗിക അതിക്രമങ്ങളിൽ പലപ്പോഴും നീതി ലഭിക്കാതെ പോകുന്നത് സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീവിരുദ്ധ മൂല്യങ്ങൾ മൂലമാണ്. അക്രമം അനുഭവിക്കുന്ന സ്ത്രീയോട് അനുതാപത്തോടെ സമീപിക്കാൻ സ്വന്തം വീട്ടിലുള്ളവർക്ക് പോലും കഴിയാറില്ല. മെഡിക്കൽ രംഗത്ത് പ്രവർത്തിക്കുന്നവർക്കും പ്രത്യേക പരിശീലനം ഇല്ലെങ്കിൽ അവരും സമൂഹത്തിൽ നിന്നു തന്നെ വരുന്നവരായത് കൊണ്ട്, എങ്ങനെ ക

രുതലോടെ അക്രമ വിധേയരെ സമീപിക്കണം എന്നറിയുന്നുണ്ടാവില്ല.

ഓരോരോ കാലത്തും നിലനിൽക്കുന്ന ആശയങ്ങളാണ് മെഡിക്കൽ സമൂഹത്തിലും പ്രതിഫലിക്കുന്നത്. മെഡിക്കൽ സയൻസിൽ ഫോറൻസിക് മെഡിസിൻ ആണ് റേപ്പിനെ കുറിച്ച് പ്രതിപാദിക്കുന്നത്. മാധ്യമങ്ങൾ പലപ്പോഴും ഇത് പൊലിപ്പിച്ച് ഒരു തരം ക്രൂരമായ ആസ്വാദ്യത ഉണ്ടാക്കുന്നത് പോലെ മെഡിക്കൽ വിദ്യാഭ്യാസത്തിലും ഈ വിഷയം ലഘുവായോ രസിപ്പിക്കുന്നതായോ ഒക്കെ ആയി കൈകാര്യം ചെയ്യുന്നത് കണ്ടിട്ടുണ്ട്. പൊതുവേദികളിലും വിനോദങ്ങളിലും ഒക്കെ ഇത് തമാശയാകാറുണ്ട്. ഫോറൻസിക് ക്ലാസിൽ ഒരിക്കൽ ഒരു പ്രൊഫസർ വിഷയം അവതരിപ്പിച്ചത് ഇങ്ങനെ ഒരു ആമുഖത്തിലൂടെയാണ്. 'If rape is inevitable, lie down and enjoy it.' ഇത് കാലങ്ങളായി നില നിന്ന് പോന്ന ഒരു ചൊല്ലാണ്. തുടർന്ന് ആൺകുട്ടികളുടെ വഷളൻ ചിരിയും, പെൺകുട്ടികളുടെ മുഖത്ത് ജാള്യതയും. ചിലരുടെ എങ്കിലും ഉള്ളിൽ രോഷം ഇരച്ചു പൊന്തിയിട്ടുണ്ടാവും എന്ന് വിചാരിക്കുന്നു. അടുത്തിടെ പോലും ഈ ചൊല്ല് ഇന്ത്യയിലെ ഒരു നിയമസഭയിൽ ഉയരുകയും എന്നാൽ പഴയതിനെ അപേക്ഷിച്ച് രൂക്ഷമായ പ്രതികരണങ്ങൾ ഉണ്ടാവുകയും ചെയ്തു. നമ്മുടെ പൊതു വ്യവഹാരങ്ങൾ പതുക്കെ മാറുന്നത് കൊണ്ട് കൂടിയാണിത്.

ഇക്കാലത്ത് മെഡിക്കൽ വിദ്യാർത്ഥികളും ഇതൊന്നും ആസ്വദിക്കുമെന്ന് തോന്നുന്നില്ല. അഥവാ, ഇല്ലെന്ന് വിശ്വസിക്കാനാണ് എനിക്കിഷ്ടം.

സ്ത്രീകൾ റേപ് ഇഷ്ടപ്പെടുന്നു എന്ന് പോലും വിശ്വസിച്ച് പോന്ന സമൂഹമാണ് നമ്മുടേത്. സ്ത്രീകളുടെ യോനിയിൽ ഒരു താക്കോലിട്ടു തിരിച്ചാൽ പ്രവർത്തിക്കുന്ന യന്ത്രം പോലെ, ലിംഗം ഉത്തേജനം ഉണ്ടാക്കുമെന്നാണ് ഇക്കൂട്ടർ കരുതുന്നത്. മസ്തിഷ്കം ഉണർന്നാൽ മാത്രമാണ് ലൈംഗികതയും ഉണരുക എന്നവർ അറിയുന്നില്ല. വൈദ്യശാസ്ത്രം തന്നെ പ്രത്യുത്പാദനവും ലൈംഗികതയും ജനനേന്ദ്രിയത്തിന്റെ മാത്രം ധർമ്മമായി കണ്ടിരുന്നു. വ്യത്യസ്ത അവയവങ്ങളും രാസഘടകങ്ങളും, സാമൂഹ്യമായ ഘടകങ്ങൾ



**സ്ത്രീകൾ റേപ് ഇഷ്ടപ്പെടുന്നു എന്ന് പോലും വിശ്വസിച്ച് പോന്ന സമൂഹമാണ് നമ്മുടേത്. സ്ത്രീകളുടെ യോനിയിൽ ഒരു താക്കോലിട്ടു തിരിച്ചാൽ പ്രവർത്തിക്കുന്ന യന്ത്രം പോലെ, ലിംഗം ഉത്തേജനം ഉണ്ടാക്കുമെന്നാണ് ഇക്കൂട്ടർ കരുതുന്നത്. മസ്തിഷ്കം ഉണർന്നാൽ മാത്രമാണ് ലൈംഗികതയും ഉണരുക എന്നവർ അറിയുന്നില്ല.**

പോലും ഒത്തൊരുമിച്ചാണ് ഈ ധർമ്മങ്ങൾ ഉണ്ടാകുന്നതെന്ന് ഇന്ന് മനസ്സിലാക്കിയിട്ടുണ്ട്.

ലൈംഗികതയുടെ ഗുണപരമായ വശങ്ങൾ മെഡിക്കൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, അതിലെ കുറ്റകൃത്യങ്ങൾ ഫോറൻസിക് മെഡിസിൻ, വിഷയമാക്കിയിട്ടുണ്ട്. അതിൽ,ലിംഗയോനീ സംയോഗം (peno vaginal sex) ഒഴിച്ചുള്ള ലൈംഗിക ഇടപെടലുകൾ എല്ലാം ശാസ്ത്രീയമെന്നതിനെക്കാൾ, സാമൂഹ്യ വ്യവഹാരക്കങ്ങൾക്കനുസരിച്ചാണ് നിർവ്വചിച്ചത്. സ്വയംഭോഗവും സ്വവർഗരതിയുമെല്ലാം രോഗമായോ കുറ്റമായോ കണ്ടത് ഇതു മൂലമാണ്.

നിർഭയ കേസിനെ തുടർന്ന് 2013 ലും 2018ലും ഉണ്ടായ ക്രിമിനൽ നിയമഭേദഗതി സാമൂഹ്യ വ്യവഹാരങ്ങളിലും മാറ്റങ്ങൾ ഉണ്ടാ

ക്കി കൊണ്ടിരിക്കുന്നു.കേസ് കൊടുക്കാൻ പോലും സ്ത്രീകൾ ധൈര്യപ്പെടാത്ത ഇടത്തിൽ നിന്നാണ് ഇപ്പോൾ കുറെ ഒക്കെ മുന്നോട്ട് വന്നിട്ടുള്ളത്. കേസുകൾ കോടതിയിൽ എത്തുമ്പോൾ മെഡിക്കൽ തെളിവുകൾ വളരെ പ്രധാനമാണ്. ശരീരത്തിനും മനസ്സിനും മുറിവേറ്റിരിക്കുന്ന സ്ത്രീക്ക് വേദനയും അപമാനവും താങ്ങാൻ പറ്റാത്തതായിരിക്കും. അവരോട് സംസാരിക്കുമ്പോഴും ശരീരം പരിശോധിക്കുമ്പോഴും നല്ല കരുതൽ വേണം. ആശുപത്രിയിൽ തിരക്കിനിടയിൽ ആയിരിക്കും ഡോക്ടർമാരും നഴ്സുമാരും ഇവരെ പരിശോധിക്കുന്നത്. ആ അവസ്ഥയും ലൈംഗിക അതിക്രമം ഏറ്റുവാങ്ങുന്നവരോട് സമൂഹത്തിൽ പൊതുവേ കാണുന്ന സംശയവും ഒക്കെ ആരോഗ്യപ്രവർത്തകരെ ഈ ഘട്ടത്തിൽ നിസ്സംഗരോ അസ്വസ്ഥരോ അനുതാപശൂന്യരോ ആക്കി മാറ്റിയേക്കാം. 2013ൽ ക്രിമിനൽ നിയമ ഭേദഗതി വരുന്നത് വരെ ഇക്കാര്യം ആരും പരിഗണിച്ചിരുന്നില്ല. എന്നാൽ അതിനു ശേഷം കേരള ഗവണ്മെന്റും ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന ചില സന്നദ്ധ സംഘടനകളും നിലവിലുള്ള മെഡിക്കോ ലീഗൽ പ്രോട്ടോക്കോൾ സ്ത്രീ സൗഹാർദ്ദപരമായി മാറ്റി എഴുതാൻ മുന്നിട്ടു. സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങളെ പിന്തുടർന്ന് കൊണ്ട് കൂടി ആയിരുന്നു ഇത്.

സ്ത്രീകളുടെ ശരീരത്തിന്റെ അധികാരം ഒരു പൗര എന്ന നിലക്ക് അവൾക്കുണ്ടെന്നത് ഇന്ത്യൻ ഭരണഘടന ഉറപ്പിക്കുന്നു എങ്കിലും നമ്മുടെ വ്യവഹാരങ്ങൾ എപ്പോഴും പിതൃമേധാവിത്വസമ്പ്രദായം നിലനിർത്തി പോന്നു. അതിന്റെ പ്രതിഫലനമാണ് വിധേയയായ സ്ത്രീയോടുള്ള കോടതി സമീപനങ്ങളിലും മെഡിക്കൽ പരിശോധനകളിൽ പോലും കണ്ടിരുന്നത്. ഏറെ വിവാദമായ റ്റൂ ഫിംഗർ ടെസ്റ്റ് (Two finger test) ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്.

ഇപ്പോൾ ഈ വിഷയത്തിൽ ഫെമിനിസ്റ്റ്/ ഇന്റർസെക്ഷണൽ/ഇന്റർഡിസിപ്ലിനറി സമീപനങ്ങൾ ഏറെക്കുറെ അംഗീകരിച്ചു വരുന്നു എന്നത് പ്രതീക്ഷ നൽകുന്നു. ഈ സന്ദർഭത്തിൽ തിരുത്തി എഴുതപ്പെട്ട ലൈംഗികാതിക്രമ കേസുകളിലെ മെഡിക്കോ ലീഗൽ പ്രോട്ടോകോൾ പരിശോധിക്കുകയാണിവിടെ.

കുറ്റകൃത്യത്തിന് തെളിവുണ്ടാക്കുന്നതിൽ മെഡിക്കൽ പരിശോധന പ്രധാന പങ്ക് വഹിക്കുന്നു. മുൻപ് പലപ്പോഴും ഈ സേവനം വിധേയരായ സ്ത്രീകൾക്ക് വേണ്ട തരത്തിൽ ലഭിക്കാതെ വന്നിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ആശുപത്രികൾ തന്നെ എളുപ്പത്തിൽ ലഭ്യമല്ലാതിരിക്കും. ചിലപ്പോൾ വനിതാ ഡോക്ടർമാരില്ലാതിരിക്കും. ആ സന്ദർഭങ്ങളിലൊക്കെ പരിശോധന നിഷേധിക്കപ്പെടുന്നത് ആരോഗ്യപ്രവർത്തകർ ഇതിന്റെ ഗൗരവം വേണ്ട രീതിയിൽ ഉൾക്കൊള്ളാത്തതു കൊണ്ടാണ്. ധാർമ്മികമായി ഈ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കാൻ ആരോഗ്യപ്രവർത്തകർക്ക് അവസരം നൽകുന്നത് നില നിന്നിരുന്ന സ്ത്രീ വിരുദ്ധമായ ലൈംഗിക വ്യവഹാരങ്ങൾ കൂടി ആയിരുന്നിരിക്കണം. നിയമപരമായ ബാദ്ധ്യതയിലൂടെ ഇപ്പോൾ അതിന് മാറ്റം വന്നിരിക്കുന്നു. ലൈംഗികതയെ കുറിച്ച് വനിതാ ഡോക്ടർമാരും സംസാരിച്ച് ശീലമില്ലാത്ത സംസ്കാരമാണ് നമ്മുടേത്. സംഭവത്തിന്റെ വിവരണം അന്വേഷി



ക്കുന്നിടത്ത് ഇതും വീഴ്ചകൾക്കിടയാക്കിയേക്കും.

2013 ലെ ക്രിമിനൽ ഭേദഗതി കാതലായ മാറ്റമാണ് കൊണ്ടുവന്നത്. റേപ്പിന്റെ നിർവ്വചനത്തിൽ യോനിക്കുള്ളിൽ ലിംഗം കടത്തുക മാത്രമല്ല, അതിനായി ശരീരത്തിൽ നടത്തുന്ന ഏതു കയ്യേറ്റവും അതിന്റെയുള്ളിൽ വരുമെന്നത് വലിയ ഒരു മാറ്റമാണ്. ആ സമയത്ത് ഏതെങ്കിലും സ്ത്രീ അത് തടഞ്ഞില്ല എന്നതും സമ്മതമായി പരിഗണിക്കുന്നില്ല.കൊളോണിയൽ കാലം മുതൽ നിലനിൽക്കുന്ന എവിഡെന്സ് ആക്ടിലെ 53(എ) പ്രസക്തമല്ലാതാക്കിയത് ഒരു പ്രധാന വഴിത്തിരിവാണ്. ലൈംഗികാതിക്രമത്തിന് വിധേയയാക്കപ്പെട്ട സ്ത്രീയുടെ സമ്മതത്തെക്കുറിച്ചുള്ള വാദത്തിൽ നേരത്തേ അവർക്ക് ലൈംഗിക ബന്ധം ഉണ്ടായിരുന്നു എന്നത് സമ്മതമായി കരുതേണ്ടതില്ല എന്നത് ഇത്രയും വൈകി

യാണെങ്കിലും വലിയ മാറ്റമുണ്ടാക്കുന്നു. അതിനാൽ അതുമായി ബന്ധപ്പെട്ട വൈദ്യപരിശോധനയും അനാവശ്യമാണ്. ഈയൊരു വകുപ്പ് വെച്ചുകൊണ്ടാണ് കൂടുതലും സ്ത്രീകൾക്കെതിരായ വിധികൾ നടത്തിയിരുന്നത്.മാത്രമല്ല ലൈംഗിക തൊഴിലാളികളെ, റേപ്പ് ചെയ്യുന്നത് കുറ്റമല്ല എന്നു പോലും ഇതു വച്ച് വ്യാഖ്യാനിച്ചിരുന്നു.

പുതിയ പ്രോട്ടോകോൾ സ്ത്രീ സൗഹാർദ്ദപരമാണെന്ന് അതിന്റെ ആമുഖത്തിൽ തന്നെ പറയുന്നു. അതിജീവിതർക്ക് ഏറ്റവും ഗുണകരമായ തരത്തിലുള്ള പരിശോധനയും ചികിത്സയും മാനസികപിന്തുണയും നൽകണമെന്ന് അത് അനുശാസിക്കുന്നു. കൂടാതെ, അംഗപരിമിതർ, ട്രാൻസ്ജെന്റർ മനുഷ്യർ, കുട്ടികൾ തുടങ്ങിയവർക്ക് നൽകേണ്ട പ്രത്യേക ശ്രദ്ധയേയും വിവരിക്കുന്നുണ്ട്. പോക്സോ (2019) നിയമത്തിനു ശേഷം അതിലെ വ്യവസ്ഥകളും ഈ പ്രോട്ടോകോൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഉദാഹരണത്തിന് കുട്ടിയെ പരിശോധിക്കുമ്പോൾ അവർക്ക് താല്പര്യമുള്ള മുതിർന്നവർ കൂടെയുണ്ടാകണം. രക്ഷാകർത്താവിന്റെ സമ്മതമെന്ന പോലെ കുട്ടിയുടെ ശാരീരിക- മാനസികാവസ്ഥയും പ്രധാനമാണ്. മെഡിക്കൽ പരിശോധന നടത്തുന്നവർ പോലീസുമായും സാമൂഹ്യ നീതിവകുപ്പിലുള്ളവരുമായും ബന്ധപ്പെട്ട മറ്റു ഏജൻസികളുമായും അടുത്തു ചേർന്ന് പ്രവർത്തിക്കേണ്ടി വരും. ഉദ്ദേശ്യലക്ഷ്യങ്ങൾ എല്ലാവരും ഒരു പോലെ ഉൾക്കൊള്ളണം.

പോലീസിൽ പരാതി ലഭിച്ചാൽ ഇരുപത്തിനാല് മണിക്കൂറിനകം മെഡിക്കൽ പരിശോധന നടത്തിയിരിക്കണം. അത് വനിതാ ഡോക്ടർ, കഴിയുമെങ്കിൽ ഗൈനക്കോളജിസ്റ്റ് ചെയ്യണം. ഗുണനിലവാരം മെച്ചപ്പെടുത്താനും കൂടി ഉള്ള ശ്രമമാണിത്. ഒരു പക്ഷെ,വനിതാ ഡോക്ടർ ഒട്ടും ലഭ്യമല്ലെങ്കിൽ, അടിയന്തിരത കണക്കിലെടുത്ത് നഴ്സോ ബന്ധുവോ ആയ, ഒരു സ്ത്രീയുടെ സാന്നിദ്ധ്യത്തിൽ മാത്രം ആൺ ഡോക്ടർക്ക് പരിശോധിക്കാവുന്നതാണ്. 357 ഇപ്രകാരവും പോക്സോ പ്രകാരവും നിർദ്ദിഷ്ട ഡോക്ടർ പരിശോധിക്കാൻ വിസമ്മതിക്കുന്നത് ശിക്ഷാർഹമാണ്. ഐപിസി 166 പ്രകാരം, സമയത്ത് ചികിത്സ നൽകാത്ത ആരോഗ്യപ്രവർത്തകർക്ക് ഒരു വർഷം വരെ തടവ് ശിക്ഷ നൽകാവുന്നതാണ്. പോലീസിനെ അറിയിക്കാതിരിക്കുന്നതും ശിക്ഷാർഹമായ കുറ്റമാണ്. ഇതെല്ലാം മെഡിക്കോ ലീഗൽ പ്രോട്ടോകോളിൽ എടുത്തു പറയുന്നുണ്ട്. അതിക്രമം നടന്നു എന്നതിന് തെളിവായ ശുക്ലം, രക്തം, മറ്റു വസ്തുക്കൾ എന്നിവ ശേഖരിക്കുകയും ഡി.എൻ.എ പരിശോധനക്ക് അയക്കുകയും ചെയ്യുക ഡോക്ടറുടെ കർത്തവ്യമാണ്. 357 ഇ പ്രകാരം അവർക്ക് ആവശ്യമായ സൗജന്യ ചികിത്സയും നൽകേണ്ടതാണ്.

മിക്ക കേസുകളിലും റിപ്പോർട്ടിംഗ് നടക്കുന്നത് ദിവസങ്ങൾക്കോ, ആഴ്ചകൾക്കോ ചിലപ്പോൾ മാസങ്ങൾക്ക് ശേഷം പോലുമോ ആയിരിക്കും. അത്തരം സന്ദർഭങ്ങളിൽ പരിശോധനയുടെ ഉദ്ദേശ്യം പരിഗണിച്ചാണ് ഡോക്ടർ കക്ഷിയെ സമീപിക്കേണ്ടത്. കുറ്റകൃത്യത്തെ സംബന്ധിച്ച തെളിവിന്, കൂടുതൽ ഉറപ്പിന് വേണ്ടിയാണ് മെഡിക്കൽ പരിശോധന നടത്തുന്നതെന്ന് ഡോക്ടർമാർ ഓർക്കണം. അത്തരം തെളിവുകൾ ശാസ്




ത്രീയമായി ലഭിക്കില്ല എന്ന് സംഭവ വിവരണത്തിൽ നിന്ന് ലഭിക്കുന്ന പക്ഷം- ഉദാഹരണത്തിന് കാലതാമസം- അനാവശ്യമായ പരിശോധന, വിവേചനപൂർവ്വം ഒഴിവാക്കണം. ലിംഗ പ്രവേശം നടന്നിട്ടില്ലെന്ന് സ്ത്രീയുടെ മൊഴിയിൽ തന്നെ പറയുന്നുണ്ടെങ്കിൽ ഉള്ള് പരിശോധനയുടെ ആവശ്യമില്ലല്ലോ. എന്നാൽ, മുമ്പ് ഇത്തരം വിവേചനരഹിതമായ പരിശോധനകൾ നടന്നിരുന്നതായി സ്ത്രീകൾ എഴുതിയിട്ടുണ്ട്. ദേഹപരിശോധന സ്ത്രീകൾ പലപ്പോഴും വീണ്ടും ഒരു ശാരീരിക അക്രമം പോലെ അനുഭവിച്ചിട്ടുള്ളതായി ധാരാളം സാക്ഷ്യങ്ങളുണ്ട്. കക്ഷികൾക്ക് ശാരീരികമായി ഉണ്ടാകുന്ന ബുദ്ധിമുട്ട് പരമാവധി ഒഴിവാക്കണമെന്ന അന്താരാഷ്ട്രമായ മാനദണ്ഡങ്ങളൊക്കെ നമ്മുടെ പുതിയ പ്രോട്ടോക്കോളും അനുശാസിക്കുന്നുണ്ട്. മാറിവന്ന റേപ്പിന്റെ നിർവ്വചനത്തിന്റെ സാഹചര്യത്തിൽ ഇത് കൂടു


തൽ പ്രസക്തമാകുന്നു. യോനീ പ്രവേശം മാത്രം കുറ്റകരം എന്നത് സ്ത്രീയെ ലൈംഗികവസ്തുവായി കാണുന്നതിന്റെ ലക്ഷണമാണല്ലോ. എന്നാൽ, സ്ത്രീയുടെ ശരീരത്തിൽ സമ്മതമില്ലാതെയുള്ള ഏതു സ്പർശവും കുറ്റകരമാണെന്നത് സ്ത്രീയെ പൗരയായി കാണുന്ന ആധുനികബോധത്തിന്റെ സൃഷ്ടിയാണ്. പുതിയ നിർവ്വചന പ്രകാരം , ലൈംഗിക വേഴ്ചയിലേക്ക് ലക്ഷ്യം വച്ചുള്ള ഏതു പ്രവർത്തനവും കുറ്റകരമാണ്.

വളരെ നീണ്ട പരിശോധനകൾ കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുമെന്ന് കണ്ടതിനാൽ പുതിയ പ്രോട്ടോകോൾ അവ ചുരുക്കുകയും എന്നാൽ,ആവശ്യമുള്ളത് ഉൾക്കൊള്ളുകയും ചെയ്തു കൊണ്ട് വിധേയക്കും പരിശോധകകക്കും ഈ പ്രക്രിയ എളുപ്പമാക്കാൻ ശ്രമിക്കുന്നു. ഇവിടെ ദേഹപരിശോധനയെക്കാൾ സ്ത്രീയുടെ മൊഴിക്കും മറ്റു സാഹചര്യതെളിവുകൾക്കുമാണ് പ്രാധാന്യം. വേണ്ട സന്ദർഭങ്ങളിൽ ദേഹപരിശോധനയുടെ ആവശ്യകത, മാനസിക പിൻതുണയോടെ കക്ഷിയെ ബോദ്ധ്യപ്പെടുത്തുകയും, സമ്മതത്തോടെ മാത്രം അത് ചെയ്യുകയുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒരു തരത്തിലും സമ്മതമില്ലാതെയോ ബലം പ്രയോഗിച്ചോ അത് ചെയ്യാൻ പാടുള്ളതല്ല. യാന്ത്രികമായ തരത്തിലല്ല, അനുതാപത്തോടെയും വിവേചനബുദ്ധിയോടെയുമാണ് ഈ നടപടികൾ ചെയ്യേണ്ടതെന്ന് കേരള പ്രോട്ടോകോൾ അർത്ഥമാക്കുന്നു.

പരിശോധനക്കുള്ള സ്ഥലം സ്ത്രീകൾക്ക് ആശ്വാസകരം ആയിരിക്കണമെന്നും, വസ്ത്രം ആവശ്യമെന്ന് വരികിൽ പല അളവിലുള്ളവ കരുതിവെക്കണമെന്നും പ്രോട്ടോകോൾ പറയുന്നുണ്ട്. . പരിശോധന കിറ്റ് ആശുപത്രികളിൽ എപ്പോഴും ലഭ്യമായിരിക്കണം.

ആവശ്യമായ ചികിത്സാ സൗകര്യം ഉറപ്പു വരുത്തണം. ഇതിൽ അപകടനില തരണം ചെയ്യാനുള്ളത്, മുറിവുകൾ ഉണക്കുന്നതിനാവശ്യമായത്, ലൈംഗിക രോഗത്തിന് സാദ്ധ്യത ഉണ്ടെങ്കിൽ അത് തടയാനാവശ്യമായത്, ഗർഭം തടയാനുള്ള നടപടികൾ എന്നിവയൊക്കെ ഉൾപ്പെടുന്നു. ഇതെല്ലാം തന്നെ വ്യക്തിയുടെ അറിവോടും സമ്മതത്തോടും കൂടി ആയിരിക്കണം.ബലാൽസംഗത്തിന് വിധേയയായ സ്ത്രീയെ അത് ചെയ്ത പുരുഷനെക്കൊണ്ട് വിവാഹം ചെയ്യിപ്പിക്കുക എന്ന പ്രാകൃത രീതി നിലനിന്നിരുന്നു എന്നത് ഈ സന്ദർഭത്തിൽ ഓർക്കാവുന്നതാണ്. ഇപ്പോഴും അത്തരം സംസാരങ്ങൾ നമ്മുടെ സമൂഹത്തിൽ നടക്കുന്നു എന്നത് വിചിത്രമാണ്. കക്ഷിയുടെ രഹസ്യാത്മകത (confidentiality) സൂക്ഷിക്കുക എന്നതും ഡോക്ടറുടെ കടമയാണ്. മറ്റുള്ളവർക്ക് ലഭ്യമാകാത്ത തരത്തിൽ എല്ലാ റെക്കോർഡുകളും സൂക്ഷിക്കാനും ശ്രദ്ധിക്കണം.വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഇത് ഒഴിവാക്കിയിട്ടുണ്ട്.

ഇത് ചെയ്യേണ്ടി വരുന്ന എ



**യോനീ പ്രവേശം മാത്രം കുറ്റകരം എന്നത് സ്ത്രീയെ ലൈംഗികവസ്തുവായി കാണുന്നതിന്റെ ലക്ഷണമാണല്ലോ. എന്നാൽ, സ്ത്രീയുടെ ശരീരത്തിൽ സമ്മതമില്ലാതെയുള്ള ഏതു സ്പർശവും കുറ്റകരമാണെന്നത് സ്ത്രീയെ പൗരയായി കാണുന്ന ആധുനികബോധത്തിന്റെ സൃഷ്ടിയാണ്. പുതിയ നിർവ്വചന പ്രകാരം , ലൈംഗിക വേഴ്ചയിലേക്ക് ലക്ഷ്യം വച്ചുള്ള ഏതു പ്രവർത്തനവും കുറ്റകരമാണ്.**

**അതിജീവിതക്ക് തെല്ലെങ്കിലും കുറ്റബോധമോ ഭയമോ ഒക്കെ ഉണ്ടെങ്കിൽ അത് മാറ്റിയെടുക്കാനും മനോസംഘർഷം പരമാവധി കുറക്കാനുമുള്ള ശ്രമങ്ങൾ ഡോക്ടറുടെ ഭാഗത്ത് നിന്നും ഉണ്ടാകണം. കക്ഷി പറയുന്ന പ്രധാന കാര്യങ്ങൾ വിട്ടു കളയാനോ പറയാത്ത കാര്യങ്ങൾ കൂട്ടി ചേർക്കാനോ പാടില്ല. അപമാനിക്കപ്പെടുന്നതോ വേദനിപ്പിക്കുന്നതോ ആയ ചോദ്യങ്ങൾ വിവേചനപൂർവ്വം ഒഴിവാക്കണം.**

ല്ലാ ഡോക്ടർമാർക്കും ഈ പ്രോട്ടോകോളിൽ നിർബ്ബന്ധമായും പരിശീലനം നൽകിയിരിക്കണം.പരിശോധന ആവശ്യമാണെങ്കിലും ചിലപ്പോൾ ഭയമോ അസ്വസ്ഥതയോ മൂലം കക്ഷി സമ്മതം നല്കാതിരുന്നേക്കും. അത്തരം സന്ദർഭത്തിൽ ഉണ്ടായേക്കാവുന്ന ദോഷഫലങ്ങൾ അവരെ സ്




നേഹപൂർവ്വം പറഞ്ഞു മനസ്സിലാക്കി കൊടുക്കുക എന്നതും ഡോക്ടറുടെ കർത്തവ്യമാണ്.

മാനസികമായി പിന്തുണച്ചു കൊണ്ട് എങ്ങനെ വിവരങ്ങൾ ശേഖരിക്കാമെന്നതും പരിശോധനകൾ നടത്താമെന്നുള്ളതും ഒക്കെ പരിശീലനം ആവശ്യമുള്ളതാണ്. കക്ഷിയെ മോശക്കാരിയായി കാണുകയോ മോശമായ വാക്കുകൾ ഉപയോഗിക്കുകയോ ഒന്നും ചെയ്യാൻ പാടുള്ളതല്ല. അനുതാപത്തോടെയും സൗഹാർദ്ദത്തോടെയും മാത്രമേ അവരെ സമീപിക്കാൻ പാടുള്ളൂ. വിരുദ്ധമായ ഒരു സംസ്കാരം ഇപ്പോഴും നില നിൽക്കുന്നത് കൊണ്ടും അത്തരം സംഭവങ്ങൾ നേരത്തേ ഉണ്ടായിട്ടുള്ളത് കൊണ്ടുമാണ് ഇതെടുത്ത് പറയുന്നത്. അതിജീവിതക്ക് തെല്ലെങ്കിലും കുറ്റബോധമോ ഭയമോ ഒക്കെ ഉണ്ടെങ്കിൽ അത് മാറ്റിയെടുക്കാനും മനോസംഘർഷം പരമാവധി കുറക്കാനുമുള്ള ശ്രമങ്ങൾ ഡോക്ടറുടെ ഭാഗത്ത് നിന്നും ഉണ്ടാകണം. കക്ഷി പറയുന്ന പ്രധാന കാര്യങ്ങൾ വിട്ടു കളയാനോ പറയാത്ത കാര്യങ്ങൾ കൂട്ടി ചേർക്കാനോ പാടില്ല. അപമാനിക്കപ്പെടുന്നതോ വേദനിപ്പിക്കുന്നതോ ആയ ചോദ്യങ്ങൾ വിവേചനപൂർവ്വം ഒഴിവാക്കണം. ഇടക്ക് ചോദ്യങ്ങൾ ചോദിച്ച് തടസ്സപ്പെടുത്താതെ തുടർച്ചയായി പറയാൻ അനുവദിക്കുകയും അവർ പറയുന്നത് ക്ഷമാപൂർവ്വം കേൾക്കുകയും വേണം.സംസാരത്തിനിടക്ക് അവർക്ക് വിശ്രമം ആവശ്യമെങ്കിൽ ഇടവേള നൽകിയ ശേഷം വീണ്ടും തുടരണം.

പരിശോധനയും വിവരശേഖരണവും നടത്തുമ്പോൾ അതിജീവിതയുടെ സ്വകാര്യത മാനിക്കേണ്ടതുണ്ട്. സ്വകാര്യവും ലോലവുമായ ഭാഗങ്ങളിൽ മുറിവ് പറ്റിയിട്ടുണ്ടെങ്കിൽ. അവരുടെ വേദനയും പരിഭ്രമവും കണക്കിലെടുത്ത് വേണം പരിശോധന നടത്തുവാൻ. റ്റൂ ഫിംഗർ ടെസ്റ്റി (Two finger test)നെ പറ്റി ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്. അത് ചെയ്യാൻ പാടില്ലെന്ന് തന്നെയാണ് നിയമം അനുശാസിക്കുന്നത്. 2013 ലെ ക്രിമിനൽ ഭേദഗതി ഇതെടുത്ത് പറയുന്നുണ്ട്. രോഗങ്ങൾ നിർണ്ണയിക്കാനും ഗർഭകാലത്തുമൊക്കെ യോനിക്കുള്ളിൽ കൈ കടത്തി ചെയ്യുന്ന വജൈനൽ (Vaginal) പരിശോധന റേപ്പിനു ശേഷം ചെയ്യുന്നത് മിക്കപ്പോഴും അനാവശ്യമായിട്ടായിരിക്കും. മുറിവുകളുള്ളപ്പോൾ അതിന്റെ തീവ്രത അളക്കാൻ വേണ്ടി മാത്രമാണ് അത് ചെയ്യാവുന്നത്. എന്നാൽ പിതൃമേധാവിത്വമൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തി നേരത്തേ ഇത് സ്ത്രീയുടെ കന്യകാത്വം പരിശോധിക്കാനാണ് നിർദ്ദേശിച്ചിരുന്നത്. ഒന്ന്, നേരത്തേ സ്ത്രീക്ക് മറ്റു ബന്ധങ്ങളുണ്ടായിട്ടുണ്ടോ എന്ന് നോക്കി ലൈംഗികാതിക്രമം എന്ന കുറ്റകൃത്യം തന്നെ റദ്ദു ചെയ്യാൻ. രണ്ട്, അടുത്തുണ്ടായ അതിക്രമത്തിൽ ലിംഗപ്രവേശം ന

ടന്നിട്ടുണ്ടെങ്കിൽ മാത്രം അത് റേപ് ആയി പരിഗണിക്കാൻ. രണ്ടായാലും, ഇത് അശാസ്ത്രീയവും അധാർമ്മികവുമാണ്. സ്ത്രീയുടെ മുൻകാല ബന്ധങ്ങൾ അന്വേഷിക്കുന്നത് ഈ കേസിന് ബാധകമാകാത്തതും സ്ത്രീയുടെ ലൈംഗിക കർതൃത്വത്തിന്റെ നിഷേധവുമാണ്. ലിംഗപ്രവേശം എപ്പോഴും കന്യാചർമ്മം പൊട്ടിപ്പോകുന്നതിനും വിരൽ കടത്തുന്നതിനുമുള്ള കാരണമാകുന്നില്ലെന്നതും അതിന് സ്പോർട്ട്സ് പോലെയുള്ള പല പ്രവൃത്തികളും കാരണമാകാം എന്നതും ഇതിന്റെ അശാ

ക്രമം നടന്നില്ല എന്ന് പറയാൻ സാധിക്കില്ല. പല കേസുകളിലും ഇവയുടെ അഭാവമുണ്ടായിരിക്കും. അതിനാൽ മൊഴി രേഖപ്പെടുത്തുമ്പോൾ ഡോക്ടർമാർ അത് കൂടി ശ്രദ്ധിക്കണം.

കേരള ഗവണ്മെന്റിന്റെ പുതിയ മെഡിക്കോ ലീഗൽ പ്രോട്ടോകോൾ സ്ത്രീസൗഹാർദ്ദപരമായ മെഡിക്കൽ സമീപനത്തിന് ഊന്നൽ നൽകുന്നു എന്ന് പറയാം. ഏകീകൃതമായ പരിശോധനക്കായി ഒരു കിറ്റി-(Sexual Assault Forensic Evidence (SAFE) നുള്ള നിർദ്ദേശം അതിലുണ്ട്. ഡോക്ടർ




സ്ത്രീയതയും വെളിവാക്കുന്നുണ്ട്. ഈ കാരണങ്ങളൊക്കെ കൊണ്ട് പുതിയ പ്രോട്ടോകോൾ ഇതിന് അംഗീകാരം നൽകുന്നില്ല. റേപ്പിന്റെ നിർവ്വചനത്തിൽ ലിംഗപ്രവേശം മാത്രമല്ല ഇപ്പോൾ ഉള്ളതെന്നതും അത് ശരീരത്തിന് മേലുള്ള എല്ലാ കടന്നു കയറ്റവും ഉൾക്കൊള്ളുന്നു എന്നതും കന്യകാത്വ പരിശോധനയെ അസാധുവാക്കുന്നു. പകരം നഖം കൊണ്ടും കടിയേറ്റും ഉള്ള മുറിപ്പാടുകൾ, മറ്റു സാഹചര്യ തെളിവുകൾ എന്നിവയ്ക്ക് ഒക്കെയാണ് ഇപ്പോൾ പ്രാധാന്യം നൽകുന്നത്. എന്നാൽ, ലിംഗപ്രവേശം അതിക്രമത്തിന് തെളിവ് നൽകുന്ന സമയത്ത് മുറിവുകൾ, ശുക്ലത്തിന്റെ സാന്നിദ്ധ്യം എന്നിവയൊക്കെ വച്ച് അത് നൽകുകയും വേണം.ഏത് തരത്തിലുള്ള അതിക്രമമാണ് നടന്നതെന്നത് വിശദമായി വിവരശേഖരണത്തിൽ മനസ്സിലാക്കുകയും അതിന് ആസ്പദമായി ശരീരപരിശോധന നടത്തുകയും ചെയ്താൽ അത് അതിജീവിതക്ക് പ്രയാസങ്ങൾ കുറയ്ക്കാൻ സഹായകമാവും. ദേഹത്ത് മുറിവുകളോ മറ്റു അടയാളങ്ങളോ ഇല്ല എന്നത് മാത്രം കൊണ്ട് ലൈംഗികാതി

മാരുടെ റോൾ അതിൽ കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. എങ്ങനെ സെൻസിറ്റിവ് ആയി വിക്ടിമിനെ സമീപിക്കണമെന്നും അവർക്ക് മാനസികപിന്തുണ നൽകിക്കൊണ്ട് വിവരങ്ങൾ ശേഖരിക്കണമെന്നും പറയുന്നു. മൊഴി എടുക്കലും പരിശോധനയും വിക്ടിമിനെ വീണ്ടും ഉപദ്രവിക്കാനല്ല, കോടതിയിൽ തെളിവുകളെ ശക്തിപ്പെടുത്താനാണെന്ന ബോദ്ധ്യത്തോടെ അത് ചെയ്യണം. ചികിത്സ ആവശ്യമുണ്ടെങ്കിൽ കൃത്യമായി അവസ്ഥ നിർണ്ണയിച്ച് സൗജന്യമായി അത് നൽകണം. മാനസികമായി പ്രശ്നം അനുഭവിക്കുന്നുണ്ടെങ്കിൽ കൗൺസിലിംഗ് സേവനമോ മറ്റു ചികിത്സയോ കിട്ടാനുള്ള നടപടികൾ എടുക്കണം എന്നു തുടങ്ങി എല്ലാ നടപടികളും വിശദീകരിക്കുന്നുണ്ട്. അതേ സമയം, ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ പരിശീലനവും ആശുപത്രിയിൽ സൗകര്യങ്ങളും കൂടി ഒരുക്കിയാൽ മാത്രമേ ഇതെല്ലാം പ്രാവർത്തികമാവൂ. സ്ത്രീ സംഘടനകൾ ജാഗ്രതയോടെ നിരീക്ഷിക്കേണ്ട കാര്യങ്ങളാണിവ.

ചർച്ചാവിഷയം

# മീറ്റൂ പ്രസ്ഥാനവും കേരളത്തിലെ ഫെമിനിസ്റ്റ് കൂട്ടായ്മയും




**ബിനിത തമ്പി**
അധ്യാപിക,
എച്ച്.എസ്.എസ് വിഭാഗം
ഐ.ഐ.ടി., മദ്രാസ്


സ്ത്രീകൾക്കെതിരെ ഇന്നേവരെയുണ്ടായ ലൈംഗിക അതിക്രമങ്ങളുടെയും പീഡനങ്ങളുടെയും ചരിത്രത്തിലെ ഒരു സുപ്രധാന ഏടാണ് മീറ്റൂ മൂവ്മെന്റ്. അമേരിക്കയിൽ കറുത്ത വംശജരുടെ ഇടയിൽ പ്രവർത്തിച്ചിരുന്ന ഒരു യൂത്ത് ക്യാമ്പ് ഡയറക്ടറായിരുന്ന ടരാനാ ബർക് ആണ് ലൈംഗിക അതിക്രമങ്ങൾ നേരിട്ട സ്ത്രീകളെ, തുറന്നു പറച്ചിലുകൾക്ക് പ്രേരിപ്പിക്കുന്നതിനായി 2006 –ൽ 'മീറ്റൂ'വിനു തുടക്കം കുറിച്ചത്. എന്നാൽ 2017 –ൽ ഹാർവി വൈൻസ്റ്റൈനെതിരെ നടി അലീസ മിലാനോയും മറ്റും നടത്തിയ വെളിപ്പെടുത്തലുകളാണ് മീറ്റൂ ഹാഷ്ടാഗ് വൈറലാക്കി മാറ്റിയത്. ഒട്ടനവധി മീറ്റൂ വെളിപ്പെടുത്തലുകളാണ് അതിനുശേഷം ലോകത്തൊട്ടാകെ ഉണ്ടായത്. ഏകദേശം 85 ഓളം രാജ്യങ്ങളിലേക്ക് ഇത് വ്യാപിക്കുകയും ഇംഗ്ലീഷ്, സ്പാനിഷ്, ഇറ്റാലിയൻ, ആഫ്രിക്കൻസ്, സൊമാലി, ചൈനീസ് തുടങ്ങിയ ഭാഷകളിൽ മീറ്റൂ ഹാഷ്ടാഗ് തരംഗം രൂപപ്പെടുകയും ചെയ്തു.

മീറ്റൂ മൂവ്മെന്റ് ലോകത്തൊട്ടാകെ വൈവിധ്യമാർന്ന ചർച്ചകൾക്കാണ് വഴിവെച്ചത്. വെളിപ്പെടുത്തലുകളിലെ കാലതാമസം, പൊരുത്തക്കേട് ഇവയെ എങ്ങ



നെ കാണണം, പീഡനാനുഭവങ്ങളിലൂടെ കടന്നുപോകുന്നവർ നേരിടുന്ന മാനസികമായ ട്രോമയുടെ സ്വഭാവമെന്ത്, തൊഴിൽ സ്ഥാപനങ്ങൾക്കുള്ളിൽ നടക്കുന്ന അതിക്രമങ്ങൾ വെളിപ്പെടുത്തുമ്പോൾ അവയെ കൈകാര്യം ചെയ്യേണ്ടതെപ്രകാരം, പുരുഷാധികാരം നിർമ്മിച്ച സ്ത്രീകളുടെ 'മാനഭംഗം' എന്ന അവസ്ഥയെ പുരുഷനെതിരെ ഉപയോഗിക്കുന്നതിലെ സൈദ്ധാന്തികമായ ബലഹീനത എന്തൊക്കെയാണ്, ലൈംഗികബന്ധങ്ങളിലെ സമ്മതി (കൺസെന്റ്) യുടെ അഭാവത്തെ എങ്ങനെ മനസ്സിലാക്കണം തുടങ്ങി ധാരാളം സന്ദേഹങ്ങളാണ് മീറ്റൂവുമായി ബന്ധപ്പെട്ടുയർന്നത്. ഒപ്പം, മീറ്റൂ വെളിപ്പെടുത്തലുകളെ സംശയത്തോടെ വീക്ഷിക്കുന്ന ചർച്ചകളുമുണ്ടായി. തൊഴിൽപരമായും മറ്റുമുള്ള വിരോധത്തിന്റെ അടിസ്ഥാനത്തിൽ വ്യാജവെളിപ്പെടുത്തലുകൾ ഉണ്ടാവാനുള്ള സാധ്യതകൾക്ക് മീടൂ വഴി തുറക്കുമെന്നായിരുന്നു പ്രധാന ആശങ്ക. തന്നെയുമല്ല, ഇത്തരം സാഹചര്യം സ്ത്രീകളുടെ തൊഴിൽ സാധ്യതകൾക്ക് മങ്ങലേൽപ്പിക്കാനിടയുണ്ടെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. കോർപ്പറേറ്റ് രംഗത്തുള്ള പല ഉന്നത ജോലികളിലും, തൊഴിൽ പരിരക്ഷയുടെ ഭാഗമായി, ലൈംഗിക ആരോപണങ്ങളിന്മേലുള്ള സെറ്റിൽമെന്റുകളിൽ പണം മുടക്കേണ്ടിവരുന്നത് തൊഴിൽ ഉടമ്പടി പ്രകാരം തൊഴിലുടമയാണ്. ഇത്തരം സാഹചര്യം ഒഴിവാക്കാനായി തൊഴിൽ ഉടമകൾ ചെറുപ്പക്കാരികളായ സ്ത്രീകളെ റിക്രൂട്ട് ചെയ്യാൻ മടിക്കുന്ന അവസ്ഥയിലേക്ക് മീറ്റൂ നയിച്ചേക്കാം എന്ന ആശങ്കയും ഉണ്ടായി. രാത്രി ഏറെവൈകിയും ജോലി ചെയ്യേണ്ടിവരുന്ന തൊഴിലിടങ്ങളിൽ ലൈംഗിക പീഡന പരാതികൾക്കുള്ള സാധ്യതകൾ കൂടുതലുമാണ്. മീറ്റൂ വെളിപ്പെടുത്തലുകൾക്ക് ശേഷം വാൾസ്ട്രീറ്റിലും മറ്റുമുള്ള പല തൊഴിൽ സ്ഥാപനങ്ങളിലും സ്ത്രീകളെ ഒഴിവാക്കാനുള്ള പ്രവണതയുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ ലോകത്തൊട്ടാകെ അത്രമേൽ വ്യാപകമാണെന്നും അവയെ പലപ്പോഴും സ്വാഭാവികസംഭവങ്ങൾ എന്ന നിലയിലാണ് പൊതുസമൂഹം വിലയിരുത്തുന്നതെന്നും ഇതിനെതിരെ പരാതിപ്പെടുന്ന സ്ത്രീകൾക്ക് നിലവിലെ നിയമവ്യവസ്ഥക്കുള്ളിൽ നീതിനിഷേധിക്കപ്പെടുന്ന അവസ്ഥയാണുള്ളതെന്നും മീറ്റൂ മൂവ്മെന്റ് തുറന്നുകാട്ടി.




കഴിഞ്ഞ രണ്ടുമൂന്നു ദശകങ്ങളിലായി ഫെമിനിസ്റ്റ് പ്രസ്ഥാനം നേരിട്ട തളർച്ചയുടെ കാരണം അത് നിയോലിബറൽ ഫെമിനിസമായി രൂപപ്പെട്ടതിനാലാണ്. വർദ്ധിച്ച ഉപഭോഗ സംസ്കാരം രൂപപ്പെടുത്തുന്ന ഉപഭോക്താവ് എന്ന പൗരനിലയിൽ വ്യക്തിയധിഷ്ഠിതമായ ഏജൻസി ഉപയോഗപ്പെടുത്തി അവകാശങ്ങൾ നേടിയെടുക്കുക, അതുവഴി ജീവിതവിജയവും മറ്റു നേട്ടങ്ങളും കൈവരിക്കുക എന്നിങ്ങനെയുള്ള അവസ്ഥയായി അത് രൂപാന്തരപ്പെട്ടിട്ടുണ്ട്. വിവിധ രാഷ്ട്രീയ സ്വത്വങ്ങൾ ഉണ്ടാക്കിയ ചിതറലുകളും ഇതോടൊപ്പമുണ്ട്. ഫെമിനിസ്റ്റ് പ്രസ്ഥാനം അടുത്തകാലത്ത് കൈവിട്ട തങ്ങളുടെ പൊതു രാഷ്ട്രീയ വിഷയത്തെ തിരിച്ചു പിടിക്കാൻ ശ്രമിച്ച ചരിത്ര സന്ദർഭം കൂടിയായിരുന്നു മീറ്റൂ തരംഗം. അർജന്റീനയിൽ തുടങ്ങി വിവിധ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലേക്ക് പടർന്ന NiUnaMenos (not one woman less) എന്ന മൂവ്മെന്റ് ലൈംഗിക പീഡനം എന്ന സാർവത്രിക സ്ത്രീഅനുഭവത്തെ കേന്ദ്രീകരിച്ച് ഫെമിനിസ്റ്റ് രാഷ്ട്രീയം തിരിച്ചു പിടിക്കാനും പുനർനിർണയിക്കാ

നുമുള്ള ശ്രമമായി മാറി. ഈ മൂവ്മെന്റിന്റെ അലകൾ യൂറോപ്പിലുൾപ്പെടെ കാണാൻ കഴിയും. ഭരണകൂട ഹിംസക്കും അവഗണനക്കും, കോർപ്പറേറ്റ് ചൂഷണങ്ങക്കും എതിരെയുള്ള ആശയരൂപീകരണത്തിലേക്കും പ്രായോഗിക സമരപരിപാടി രൂപീകരണത്തിലേക്കും അത് വളരുന്നുണ്ട്. 2020 –21 ൽ അബോർഷൻ നിയമവിരുദ്ധമാക്കിയതിനെതിരെ പോളണ്ടിൽ Women's Strike എന്ന പേരിൽ ഒരു ലക്ഷത്തോളം സ്ത്രീകളാണ് തെരുവിൽ പ്രതിഷേധിച്ചത്. നിയോ ലിബറൽ മൂല്യങ്ങളുടെ വ്യക്തി കേന്ദ്രീകൃത താൽപര്യങ്ങളിലൂന്നിയ ഫെമിനിസ്റ്റ് നിലപാടുകളിൽ നിന്ന് വിശാലമായ ഒരു സാമൂഹിക പരിപ്രേക്ഷ്യത്തിലേക്കു മാറാൻ ശ്രമിക്കുന്നു




എന്നതാണ് വർത്തമാനകാല ചരിത്ര യാഥാർഥ്യം.

ഇന്ത്യയിൽ ബോളിവുഡ് നടി തനുശ്രീ ദത്ത നടൻ നാനാ പടേക്കറിനെതിരെ മീറ്റൂ ആരോപണം ഉന്നയിച്ചതിന് പിന്നാലെ ബോളിവുഡിൽ പല വെളിപ്പെടുത്തലുകളും ഉണ്ടായി. സിനിമനിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട ഇടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കാനുള്ള സംവിധാനങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് ഇവ വഴിതെളിക്കുകയുമുണ്ടായി. ഓരോ സിനിമനിർമ്മാണവുമായി ബന്ധപ്പെട്ട് ഐസിസി രൂപീകരിക്കണം എന്നതടക്കമുള്ള നിർദ്ദേശങ്ങൾ അടുത്തിടെ കേരള ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

ഇന്ത്യയിലെ വിവിധ പത്രസ്ഥാപനങ്ങളിൽ ഉന്നതപദവിയിലുള്ള മാധ്യമ പ്രവർത്തകർക്കെതിരെയും മീറ്റൂ ആരോപണങ്ങൾ ഉയരുകയുണ്ടായി. മുതിർന്ന മാധ്യമ പ്രവർത്തകൻ എം.ജെ. അക്ബർ മീറ്റൂ വെളിപ്പെടുത്തലിനെതിരെ ഫയൽ ചെയ്ത മാനനഷ്ടക്കേസിൽ, വെളിപ്പെടുത്തൽ നടത്തിയ വനിതാ ജേർണലിസ്റ്റിനെ ദൽഹി കോടതി വെറുതെ വിടുകയും സ്ത്രീകൾക്ക് അവരുടെ പരാതി ഏത് പ്ലാറ്റ്ഫോമിലും എത്രകാലം കഴിഞ്ഞും ഉന്നയിക്കാനുള്ള അവകാശമുണ്ട് എന്ന് വ്യക്തമാക്കുകയും ചെയ്തു. വെളിപ്പെടുത്തലുകളോടുമുള്ള വിവിധ കോണുകളിൽനിന്നുള്ള പ്രതികരണങ്ങൾ അവയുടെ സവിശേഷ സാഹചര്യങ്ങളിലേക്ക് വെളിച്ചം വീശുന്നവയാണ്.

തമിഴ് ഗായിക ചിന്മയി കവിയും ഗാനരചയിതാവുമായ വൈരമുത്തുവിനെതിരെ ഉന്നയിച്ച മീറ്റൂ വെളിപ്പെടുത്തലുകൾ തമിഴ്നാട്ടിലെ ദ്രാവിഡ – സ്വത്വ രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തെ മുൻനിർത്തി ഗായികക്കെതിരെയുള്ള സംഘടിതമായ ആക്രമണമായതെങ്ങനെയാണെന്ന് നാം കണ്ടതാണ്. ബ്രാഹ്മണ സ്ത്രീയായ ഗായിക പിന്നാക്ക സമുദായാംഗമായ ഗാനരചയിതാവിനെതിരെ വർഷങ്ങൾക്കു ശേഷം നടത്തിയ വെളിപ്പെടുത്തൽ ഗൂഢലക്ഷ്യത്തോടു കൂടിയുള്ളതാണ് എന്നതായിരുന്നു ആരോപണം. ജാതിരാഷ്ട്രീയത്തോടുള്ള പ്രത്യയശാസ്ത്രപരമായ അടുപ്പം ഗാനരചയിതാവിനെ തള്ളിപ്പറയുന്നതിൽ നിന്ന് പല പ്രമുഖ വ്യക്തികളെയും തടഞ്ഞു എന്നതാണ് വാസ്തവം.

ഇന്ത്യയിൽ അക്കാദമിക രംഗത്ത് പ്രവർത്തിക്കുന്നവർക്കെതിരെ ഉന്നയിക്കപ്പെട്ട മീറ്റൂ വെളിപ്പെടുത്തലുകൾ ശേഖരിച്ച് റായ സർക്കാർ എന്ന നിയമ വിദ്യാർത്ഥിനി പുറത്തുവിട്ട പട്ടിക– LoSHA (List of Sexual Harassers in Academia) ഈ രംഗത്ത് വലിയ ചർച്ചകൾക്ക് വഴിയൊരുക്കി. കഫീല എന്ന ഗ്രൂപ്പ് ബ്ലോഗിലൂടെ നിവേദിത മേനോൻ ഉൾപ്പെടെയുള്ള പ്രമുഖർ ഈ ലിസ്റ്റിനെ തള്ളിപ്പറഞ്ഞു. ലിസ്റ്റിനെ അനുകൂലിച്ചും എതിർത്തും വാദമുഖങ്ങൾ ഉയർന്നു. ഇന്ത്യൻ അക്കാദമിയക്കുള്ളിലെ മുതിർന്ന സ്ത്രീ ഗവേ

ഷകരും അധ്യാപകരും, പീഡകരായ പുരുഷസുഹൃത്തുക്കളുടെ പക്ഷം പിടിച്ചു എന്ന ആരോപണമാണ് യുവ വിദ്യാർത്ഥികൾ ഉന്നയിച്ചത്. ഫെമിനിസത്തെക്കുറിച്ചുള്ള ഇവരിൽ ചിലരുടെ ലേഖനങ്ങളും പുസ്തകങ്ങളും വായിക്കാൻ തയ്യാറല്ല എന്ന നിലപാടും ചില വിദ്യാർഥികൾ മുന്നോട്ട് വെച്ചിരുന്നു.

ന്യൂ യോർക്ക് യൂണിവേഴ്സിറ്റിയിലെ പ്രശസ്തയായ ഫ്രഞ്ച് ഫിലോസഫി പ്രൊഫസറും ഫെമിനിസ്റ്റുമായ അവിറ്റൽ റോനെലിനെതിരെ അവരുടെ പൂർവ്വ വിദ്യാർത്ഥി ലൈംഗികപീഡന പരാതി നൽകിയിരുന്നു. ടൈറ്റിൽ കതന്റെ (ഫെഡറൽ സിവിൽ നിയമം) അ




ടിസ്ഥാനത്തിൽ രൂപീകരിച്ച സമിതി നടത്തിയ അന്വേഷണത്തിൽ പ്രൊഫസർ റോനെൽ കുറ്റക്കാരിയെന്ന് കണ്ടെത്തി, യൂണിവേഴ്സിറ്റി അവരെ ഒരു വർഷത്തേക്ക് സസ്പെൻഡ് ചെയ്തു. ഈ അന്വേഷണം നടക്കുമ്പോൾ ജൂഡിത് ബട്ലർ, ഗായത്രി ചക്രവർത്തി സ്പിവാക് ഉൾപ്പെടെയുള്ള അക്കാദമിക രംഗത്തെ പ്രമുഖർ റോനെല്ലിന് പിന്തുണ നൽകി യൂണിവേഴ്സിറ്റിക്ക് കത്തയച്ചത് വ്യാപകമായി ചർച്ചചെയ്യപ്പെട്ടിരുന്നു. ആ കത്തിൽ അവർ ആവശ്യപ്പെട്ടത് "she be accorded the dignity rightly deserved by someone of her international standing and reputation" എന്നായിരുന്നു! തങ്ങൾ ദീഘകാലം റോനെലുമായി ഇടപെട്ട് പ്രവർത്തിച്ചിട്ടുണ്ടെന്നും അവർ ഇപ്രകാരം ഒരു ലൈംഗികപീഡനം നടത്താനുള്ള സാധ്യത ഇല്ല എന്നും കത്തിൽ പറയുന്നുണ്ട്. തന്നെയുമല്ല, ഇരയെ കുപ്പെടുത്തുന്ന (വിക്ടിം ബ്ലെയിമിങ്ങ്) നടത്തുന്ന തരം പരാമശങ്ങളും കത്തിലുണ്ടായിരുന്നു. കത്ത് തിടുക്കത്തിൽ എഴുതിയതാണെന്നും പരാതി ഉന്നയിക്കുന്നവരെ അപകീർത്തിപ്പെടുത്തുന്നത് ലൈംഗിക പീഡന പരാതികളിൽ പലപ്പോഴും സംഭവിക്കാറുള്ളതായതിനാൽ അത് ഒഴിവാക്കേണ്ടതായിരുന്നുവെന്നും പ്രൊഫസർ റോനെല്ലിന് അവരുടെ അക്കാദമിക നിലക്കും വിലക്കും അനുസരിച്ചുള്ള പരിഗണന നൽകണം എന്നാവശ്യപ്പെട്ടത് ശരിയായില്ലെന്നും ജൂഡിത്ത് ബട്ലർ പിന്നീട് ഖേദപ്രകടനം നടത്തിയിരുന്നു. "We all make errors in life and in work. The task is to acknowledge them, as I hope I have, and to see what they can teach us as we move forward" എന്നു പറഞ്ഞാണ് ആ ഖേദം പ്രകടിപ്പിക്കുന്ന പ്രസ്താവന ബട്ലർ അവസാനിപ്പിക്കുന്നത്.

കേരളത്തിലാവട്ടെ, ദി ഹിന്ദു ദിനപത്രത്തിന്റെ ബ്യൂറോ ചീഫായിരുന്ന ഗൗരിദാസൻ നായർക്കെതിരെയും കൊച്ചിൻ ബിനാലെയുടെ പ്രധാന നടത്തിപ്പുകാരനായിരുന്ന റിയാസ് കോമു എന്ന ചിത്രകാരനെതിരെയും മീടൂ ആരോപണം ഉയർന്നു. തുടർന്ന് ഗൗരിദാസൻ നായർക്ക് സ്വയം വിരമിക്കാൻ സ്ഥാപനം അവസരം നൽകി, റിയാസ് കോമുവിനോട് ബിനാലെ നടത്തിപ്പിൽ നിന്നും വിട്ടുനിൽക്കാൻ സംഘാടകർ ആവശ്യപ്പെടുകയുമുണ്ടായി. ഈ രണ്ട് ആരോപണങ്ങളിലും പരാതിക്കാരികൾ നീതിക്കായി കോടതിയെ സമീപിച്ചിരുന്നില്ല എന്ന കാര്യം പ്രത്യേകം സൂചിപ്പിക്കേണ്ടതുണ്ട്.

കേരളത്തിൽ 80കൾ മുതൽ വിവിധ ഫെമിനിസ്റ്റ് സംഘടനകൾ ലൈംഗിക പീഡനങ്ങൾക്കെതിരെ നിലപാടെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഫെമിനിസ്റ്റ് രാഷ്ട്രീയം രൂപപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. കെ.അജിതയുടെ നേതൃത്വത്തിലുള്ള അന്വേഷിയും ഇതര സംഘടനകളും, ഫെമിനിസ്റ്റുകളായ അഭിഭാഷകരും ഈ വ്യവഹാര നിർമ്മിതിയുടെ ഭാഗമായവരാണ്. കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാ

നത്തിന്റെ ഒരു പ്രധാന ധാരയാണിത്. കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ പി.ഇ.ഉഷ നടത്തിയ പോരാട്ടം ഇടത് സർവീസ് സംഘടനയുടെ നേതൃനിരയിലുള്ള ഒരാൾക്കെതിരെയായിരുന്നു എങ്കിലും ആ വിഷയത്തിൽ ഒരു ഫെമിനിസ്റ്റ് ഐക്യം രൂപപ്പെടുത്താൻ കഴിഞ്ഞത് ഇതിനാലാണ്. സൂര്യനെല്ലി കേസ്, ഐസ്ക്രീം പാർലർ കേസ് തുടങ്ങിയവയെല്ലാം ഇതിന്റെ തുടർച്ചകളാണ്. ഇങ്ങനെ ലൈംഗികപീഡന വിഷയങ്ങളിൽ കേരളത്തിലെ ഫെമിനിസ്റ്റ് സാംസ്കാരിക പ്രവർത്തകർക്കിടയിൽ ഉണ്ടായ പൊതുഐക്യം വഴി അത് ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ മിനിമം അജണ്ടയുടെ ഭാഗമായിത്തീർന്നിട്ടുണ്ട്.

എന്നാൽ സിവിക് ചന്ദ്രനെതിരെ രണ്ടു അതിജീവിതമാർ പ്രത്യേകം പ്രത്യേകമായി കൊടുത്ത പരാതികളും അതിനെ തുടർന്നുള്ള ചർച്ചകളും ഇതിൽ നിന്നും വ്യത്യസ്തമായ സവിശേഷമായൊരു സാഹചര്യത്തെ മുന്നോട്ടു വെക്കുന്നുണ്ട്. ആരോപണ വിധേയൻ ഫെമിനിസ്റ്റ് രാഷ്ട്രീയ ചേരിയോട് ചേർന്നു നിൽക്കുന്ന, കലാ സാഹിത്യ രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തിയാണ് എന്നത് ഇതുമായി ബന്ധപ്പെട്ട പ്രതികരണങ്ങളുടെ സ്വഭാവത്തെ വ്യത്യസ്തമാക്കി. സാഹിത്യ രംഗത്തുള്ളവർ പാലിച്ച നിശബ്ദതയുടെ കാരണവും മറ്റൊന്നല്ല. എന്നാൽ, സിവിക് ചന്ദ്രനെ ന്യായീകരിക്കുന്ന നിലപാടുകൾ ചില ഫെമിനിസ്റ്റുകളിൽ നിന്നും പാഠഭേദത്തിന്റെ പ്രസാധകരായ നൈതിക വേദിയുടെ ഭാഗത്തുനിന്നും ഉണ്ടായി. അതിജീവിത ഉന്നയിച്ച പരാതിയിൽ പൊരുത്തക്കേടുകൾ ഉണ്ടെന്നും സിവിക്ക് ചന്ദ്രന്റെ ലൈംഗികാതിക്രമം താരതമ്യേന തീവ്രത കുറഞ്ഞതാണെന്നുമുള്ള വാദങ്ങളുയർത്തിയാണ് അവർ പ്രതിരോധിച്ചത്. തീവ്രത കുറഞ്ഞ (അവരുടെ അഭിപ്രായത്തിൽ) ലൈംഗിക കയ്യേറ്റങ്ങൾ നിയമ നടപടികൾക്ക് വിധേയമാകേണ്ടതില്ല എന്ന വാദം യഥാർത്ഥത്തിൽ ലൈംഗിക പീഡനത്തെ സാമാന്യവൽക്കരിക്കാൻ ഇടയാക്കും. ലൈംഗിക പീഡനങ്ങൾക്കും റേപ്പ് കൾച്ചറിനുമെതിരേ രൂപം കൊണ്ട മീറ്റൂ മൂവ്മെന്റ് 'സ്ത്രീകളുടെ അനുമതി' എന്ന സങ്കൽപനത്തെ കേന്ദ്രീകരിച്ചു രൂപപ്പെടുത്തിയ രാഷ്ട്രീയത്തെയാണ് ഇതിലൂടെ ഈ വിഭാഗം നിരാകരിക്കാൻ ശ്രമിച്ചത്.

സർക്കാർ സംവിധാനങ്ങളിൽ ഇടപെടുകയും അവയെ സ്ത്രീകൾക്ക് അനുകൂലമാക്കുകയും ചെയ്യുക എന്നത് പൊതുവെ ഫെമിനിസ്റ്റ് രാഷ്ട്രീയത്തിന്റെ ഭാഗമാണ്. മുതലാളിത്ത വ്യവസ്ഥക്ക് അകത്ത് തൊഴിൽപരമായും സാമ്പത്തികമായും സ്ത്രീകൾ നേരിടുന്ന പിന്നാക്കാവസ്ഥ പരിഹരിക്കാനും സുരക്ഷയും ക്ഷേമവും ഉറപ്പാക്കാനും സർക്കാരുകളിൽ സമ്മർദ്ദം ചെലുത്തുക എന്നത് സോഷ്യലിസ്റ്റ് ഫെമിനിസ്റ്റുകൾ സ്വീകരിച്ചു വരുന്ന നിലപാടുമാണ്. അതേസമയം സർക്കാരുകളോട് വിമർശനാത്മകമായ അകലം പാലിക്കേണ്ടതുമുണ്ട്. കെ. അജിത 2021 ജൂലൈ ലക്കം പാഠഭേദത്തിനു നൽകിയ ഒരു ഇന്റർവ്യൂയിൽ, വിവിധ ലൈംഗികപീഡന കേസുകളുമായി ബന്ധപ്പെട്ട് അവർ നടത്തിയ ഇടപെടലുകളെക്കുറിച്ച് പരാമശിക്കുന്നുണ്ട്. 1993 – ൽ അജിതയുടെ നേതൃത്വത്തിൽ 'അന്വേഷി' രൂപീകരിച്ചതിന് ശേഷം ആയിരക്കണക്കിന് പരാതികളാണത്രെ സംഘടനക്ക് മുന്നിലെത്തിയത്. കേരള സർക്കാരിന്റെ സാമൂഹിക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കോഴിക്കോട്ടെ നിർഭയ ഷെൽട്ടർ ഹോം (ലൈംഗികാതിക്രമം നേരിട്ടവരെ പുനരധിവസിപ്പിക്കുന്ന സ്ഥാപനം ) ഇപ്പോൾ നടത്തുന്നത് അ



ന്വേഷിയാണ്. കേവലം 6 മാസത്തിനുള്ളിൽ 32 ഓളം സ്ത്രീകളാണ് ഈ സംവിധാനം ഉപയോഗപ്പെടുത്തിയത് എന്ന് അജിത ഇന്റർവ്യൂവിൽ പറയുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനും നിർഭയ ഷെൽട്ടർ പോലുള്ളവ യാഥാർഥ്യമാക്കാനും സാധിച്ചത് ഫെമിനിസ്റ്റ് ആക്ടിവിസ്റ്റുകൾ സർക്കാർ സംവിധാനം പ്രയോജനപ്പെടുത്തിയത് കൊണ്ട് കൂടിയാണ്. പി ഇ ഉഷ, സീമ ഭാസ്കർ, മിനി സുകുമാർ തുടങ്ങിയ ഫെമിനിസ്റ്റുകൾ നേതൃനിരയിൽ ഉണ്ടായിരുന്ന മഹിളാ സമഖ്യ പോലുള്ള സ്ത്രീ ശാക്തീകരണ സംവിധാനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച കേരളത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

കേരളത്തിന്റെ സാഹചര്യത്തിൽ, സംസ്ഥാനത്തെ ഏതാണ്ട് 50 ശതമാനത്തോളം വരുന്ന കുടുംബങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കിയിട്ടുള്ള കുടുംബശ്രീ പോലുള്ള സംവിധാനങ്ങൾ വഴി ദാരിദ്ര്യ നിർമാർജ്ജന പദ്ധതികൾ നടപ്പാക്കിയതും, നിയോ ലിബറൽ സാമ്പത്തിക നയങ്ങൾ പിന്തുടരുമ്പോഴും അതിന്റെ രൂക്ഷത കുറക്കുന്ന രീതിയിലുള്ള ക്ഷേമ പദ്ധതികൾ കൊണ്ടുവരുന്നതും ശബരിമലയിലെ സ്ത്രീ പ്രവേശവുമായി ബന്ധപ്പെട്ട വിഷയത്തിലും വനിതാ മതിലിന്റെ സംഘാടനത്തിലും ഒക്കെ സ്ത്രീ അനുകൂല നിലപാടുകൾ കാണിച്ചതും കേരളസർക്കാരിനെ വ്യത്യസ്തമാക്കുന്നുണ്ട്. എന്നാൽ അനുപമ വിഷയത്തിലും വാളയാർ കേസിലും സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്യപ്പെട്ടതും നിർജ്ജീവമായിരുന്നതും സർക്കാരിന്റെ ഭാഗത്തുണ്ടായ ഗുരുതരമായ കൃത്യ വിലോപമാണ്. സർക്കാരിന്റെ ഇത്തരം വീഴ്ചകൾ ചോദ്യം ചെയ്യുന്ന ക്രിയാത്മക പ്രതിപക്ഷമായി നിന്നുകൊണ്ടുവേണം ഫെമിനിസ്റ്റ് പ്രസ്ഥാനം അതിനോട് രാഷ്ട്രീയമായി സംവദിക്കാനുള്ള ഇടം സൃഷ്ടിക്കേണ്ടത്.




സിവിക്ക് ചന്ദ്രനെതിരെയുള്ള അതിജീവിതമാരുടെ പരാതി മറ്റു പ്രദേശങ്ങളിലേതിന് സമാനമായി കേരളത്തിലെ ഫെമിനിസ്റ്റ് ആക്ടിവിസ്റ്റുകൾക്കു ഐക്യപ്പെടലിനുള്ള ചരിത്ര സന്ദർഭമാണ് സൃഷ്ടിച്ചിരിക്കുന്നത്. അത് എപ്രകാരം രൂപപ്പെടുത്താം എന്നതാണ് ഇപ്പോൾ ഫെമിനിസ്റ്റുകൾ അഭിമുഖീകരിക്കേണ്ട അടിയന്തിരവിഷയം. ഇതിനായി ദലിത്, ലൈംഗിക ന്യൂനപക്ഷങ്ങൾ തുടങ്ങി വിവിധ സ്വത്വവിഭാഗങ്ങൾ ഉൾപ്പെടുന്ന ഫെമിനിസ്റ്റ് ഗ്രൂപ്പുകളുടെ അയഞ്ഞതും വിശാലവുമായ ഒരു പ്ലാറ്റ്ഫോം രൂപപ്പെടേണ്ടതുണ്ട്. ചുരുക്കത്തിൽ, വിവിധ തൊഴിൽ നിലകളിലും മേഖലകളിലുമുള്ള ഫെമിനിസ്റ്റ് ആക്ടിവിസ്റ്റുകളും അഭിഭാഷകരും അക്കാദമിക്കുകളും ഒക്കെ തമ്മിലുള്ള പരസ്പര ഇടപെടലുകളിലൂടെയും കൊടുക്കൽ വാങ്ങലുകളിലൂടെയും ശക്തിപ്പെടേണ്ടതാണ് ഫെമിനിസ്റ്റ് രാഷ്ട്രീയം.

ചർച്ചാവിഷയം

# വർഗ്ഗീയകലാപങ്ങളും ലൈംഗികാതിക്രമങ്ങളും



അഡ്വ.ജെ.സന്ധ്യ
സാമൂഹിക പ്രവർത്തക

ഇക്കഴിഞ്ഞ ഓഗസ്റ്റ് 15ന് രാജ്യം മുഴുവൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുമ്പോൾ, മനുഷ്യാവകാശ പ്രവർത്തകരെയും രാജ്യത്ത് നിയമവാഴ്ചയും സമാധാനവും കാംക്ഷിക്കുന്നവരെയും ഞെട്ടിച്ചുകൊണ്ട് ഗുജറാത്തിൽ നിന്നും ഒരു വാർത്ത വന്നു. വർഗീയ കലാപത്തിന്റെ ഭാഗമായി, ബിൽക്കീസ് ബാനൊവെന്ന 21 കാരിയെ കൂട്ടബലാൽസംഗം ചെയ്യുകയും അവരുടെ മൂന്നര വയസുള്ള മകളെയും മറ്റു ബന്ധുക്കളെയും കൊലപ്പെടുത്തുകയും ചെയ്ത കേസിലെ 11 കുറ്റവാളികളെയും ഗുജറാത്ത് സർക്കാർ സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ മറവിൽ ജയിൽ മോചിതരാക്കി എന്നുള്ള വാർത്ത!

ജയിലിൽ നിന്നിറങ്ങിയ വർക്ക് ലഡു വിതരണം നടത്തിക്കൊണ്ട് ഒരു വിഭാഗം ആളുകൾ ഈ കൊടും കുറ്റവാളികളുടെ മോചനം ആഘോഷിച്ചു.ആ ആഘോഷവും പ്രതികളുടെ മോചനവും ബിൽക്കിസ് ബാനൊ വിന്റെ പരാജയമല്ല, മറിച്ച് ഇന്ത്യയിലെ ഓരോ സ്ത്രീയുടെയും കരണത്തേറ്റ അടിയും പരാജയവും ആണ്.



ബിൽക്കീസ് ബാനൊ

27.02.2002ലാണ് ഗുജറാത്തിൽ വർഗീയ കലാപം പൊട്ടിപ്പുറപ്പെട്ടത്. സബർമതി എക്സ്പ്രസിന്റെ ഒരു കോച്ച് കത്തിക്കപ്പെട്ടതിനെ തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുസ്ലിം സമുദായത്തിനെതിരെ വൻ ആക്രമണം ഉണ്ടായി. അക്രമം ഭയന്ന് മുസ്ലിം സമുദായത്തിൽപെട്ടവർ സംഘമായി സുരക്ഷിത സ്ഥലങ്ങൾ അന്വേഷിച്ച് പലായനം ചെയ്യാൻ തുടങ്ങി.അങ്ങനെ അഞ്ചുമാസം ഗർഭിണിയായിരുന്ന 21 വയസ്സുകാരിയായ ബിൽക്കിസും,സ്ത്രീകളും കുട്ടിക

ളും അടങ്ങുന്ന അവരുടെ 17 ബന്ധുക്കളും വീട് സുരക്ഷിതമല്ല എന്ന് മനസ്സിലാക്കി സുരക്ഷിത സ്ഥലത്തേക്ക് മാറാൻ ശ്രമിക്കവേ വഴിയിൽ അക്രമത്തിനിരയാകുകയായിരുന്നു.അന്നത്തെ സംഭവം കോടതിവിധിയിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെ :

'.......അവർ പന്നിവേൽ എന്ന സ്ഥലത്തിനരികെ എത്തിയപ്പോൾ 25 പേരോളം രണ്ട് വെളുത്ത വാഹനങ്ങളിലായി അവിടെ എത്തി. പരാതിക്കാരി ഉൾപ്പെടെയുള്ള ആളുകളെ കണ്ടപ്പോൾ അവർ വണ്ടി നിർത്തി.'ഈ മുസ്ലീങ്ങളെ കൊല്ലൂ ' എന്ന് ആക്രോശിച്ചുകൊണ്ട് പരാതിക്കാരി ഉൾപ്പെടെയുള്ള സംഘത്തിന് നേരെ അവർ പാഞ്ഞടുത്തു.രണ്ട് വെള്ള വാഹനങ്ങളിൽ ഉണ്ടായിരുന്നവരുടെ കയ്യിൽ വലിയ വാളുകൾ, ലാത്തികൾ, അരിവാളുകൾ എന്നിവ ഉണ്ടായിരുന്നു. അക്രമിക്കാൻ എത്തിയവരിൽ




ഒന്നു മുതൽ 12 പ്രതികളെ പരാതിക്കാരി തിരിച്ചറിഞ്ഞിട്ടുണ്ട്. നാലാംപ്രതി ശൈലേഷ് ചിമൻലാൽ ഭട്ട്, പരാതിക്കാരിയുടെ കയ്യിലിരുന്ന സലേഹ എന്നപെൺകുഞ്ഞിനെ വലിച്ചെടുത്ത് നിലത്തടിച്ചു. കുഞ്ഞ് തൽക്ഷണം മരണപ്പെട്ടു. ഒന്നാംപ്രതി ജസ്വന്ത് ഭായി ചതുർ ഭായി വാൾ ഉപയോഗിച്ച് പരാതിക്കാരിയെ വെട്ടാൻ തുടങ്ങിയപ്പോൾ പരാതിക്കാരി തന്റെ ഇടത് കൈ ഉപയോഗിച്ച് തടുത്തതിനാൽ കയ്യിൽ മുറിവുണ്ടായി. ഒന്നും രണ്ടും മൂന്നും പ്രതികൾ പരാതിക്കാരിയുടെ വസ്ത്രങ്ങൾ അഴിച്ച് അവരെ ബലാത്സംഗം ചെയ്തു. ആദ്യം ജസ്വന്ത് ഭായ് ചതുർഭായിയും, തുടർന്ന് രണ്ടാംപ്രതി ഗോവിന്ദഭായി നെയ്യും നരേഷ് മോദിയയും ആണ് ബലാത്സംഗം ചെയ്തത്.അഞ്ചു മുതൽ 12 വരെയുള്ള പ്രതികൾ, പരാതിക്കാരിയോടൊപ്പം ഉണ്ടായിരുന്ന മറ്റു സ്ത്രീകളുടെ വസ്ത്രങ്ങൾ അഴിക്കുകയും ബലാത്സംഗം ചെയ്യുകയും ചെയ്തു.ബലാത്സംഗത്തെ തുടർന്ന് പരാതിക്കാരി മണിക്കൂറുകളോളം അബോധാവസ്ഥയിൽ കിടന്നു. ബോധം വീണ്ടെടുത്തപ്പോൾ പരാതിക്കാരിയോടൊപ്പം ഉണ്ടായിരുന്ന ഷമീമിന്റെ കുഞ്ഞടക്കം പലരും മരിച്ചു കിടക്കുന്നത് കണ്ടു. പരാതിക്കാരി തികച്ചും നഗ്നയായിരുന്നു. അടുത്ത് കണ്ട പെറ്റിക്കോട്ട് ധരിച്ച് പരാതിക്കാരി നിരങ്ങി ഒരു മലമുകളിൽ കയറി ഒളിച്ചിരുന്നു. അടുത്തദിവസം മലയുടെ അപ്പുറത്തെ ഭാഗത്തേക്ക് നടക്കുമ്പോൾ അവിടെ 11ആം സാക്ഷിയെ കണ്ടു. അവർ ആവശ്യമായ വസ്ത്രങ്ങൾ നൽകി. തൽസമയം ഒരു ജീപ്പിൽ യൂണിഫോമിൽ ചിലർ വരുന്നത് കണ്ടു. അവരുടെ അടുത്തേക്ക് ഓടിപ്പോയി തന്നെ ഏതെങ്കിലും സുരക്ഷിതസ്ഥാനത്തേക്ക് എത്തിക്കാൻ പറഞ്ഞു. പരാതിക്കാരിയെ അവർ ലിംഖേടാ സ്റ്റേഷനിൽ എത്തിച്ച് മൊഴി രേഖപ്പെടുത്തുകയായിരുന്നു'.

പിന്നീടങ്ങോട്ട് കുറ്റവാളികളെ നിയമത്തിന്റെ മുൻപിൽ കൊണ്ട് വരാനും ശിക്ഷിപ്പിക്കാനും ഒരു വലിയ നിയമ പോരാട്ടം നടത്തേണ്ടി വന്നു ബിൽക്കിസിന് . പോലീസ് പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിക്കാൻ തയ്യാറായില്ല. തുടർന്ന് ബിൽക്കിസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുകയും, കോടതി 2003ൽ പരാതി സിബിഐയെ കൊണ്ട് അന്വേഷിപ്പിക്കാൻ ഉത്തരവിടുകയുമായിരുന്നു. സിബിഐ,മൃതദേഹങ്ങൾ പുറത്തെടുത്ത് വീണ്ടും പോസ്മോർട്ടം ചെയ്തും മറ്റും ശക്തമായ തെളിവുകൾ ശേഖരിച്ച് പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചു. ഗുജറാത്തിൽ വിചാരണ നടത്തിയാൽ നീതി ലഭിക്കുകയില്ലെന്ന ആശങ്കയുമായി ബിൽക്കിസ് വീണ്ടും ബഹു. സുപ്രീംകോടതിയെ സമീപിച്ചതിനെ തുടർന്ന് വിചാരണ, മുംബൈയിലെ സ്പെഷ്യൽ കോടതിയിലേക്ക് മാറ്റി. 2008 ൽ 12 പേരെ കൊലപാതകത്തിനും ബലാത്സംഗത്തിനുമായി ശിക്ഷിച്ചു.2017 ൽ മുംബൈ ഹൈക്കോടതി പ്രതികളിൽ 11 പേരുടെ ശിക്ഷ ശരിവെച്ചു. 2019ൽ ബഹു. സുപ്രീംകോടതി ബിൽക്കിസ് ബാനൊ വിന് ഗുജറാത്ത് സർക്കാർ 50 ലക്ഷം രൂപ നഷ്ടപരിഹാരവും സർക്കാർ ജോലിയും താമസസ്ഥലവും നൽകണ

മെന്നും വിധിച്ചു. കൂടാതെ കുറ്റക്കാരായ പോലീസുകാർക്കെതിരെയുള്ള വകുപ്പ് തല നടപടികൾ ത്വരിതപ്പെടുത്തണമെന്നും നിർദ്ദേശിച്ചു.

സുദീർഘമായ നിയമ പോരാട്ടത്തിനൊടുവിൽ പ്രതികളെ ശിക്ഷിക്കാൻ കഴിഞ്ഞതിന്റെ ആശ്വാസത്തിൽ ഒരു സമൂഹം മൊത്തം കഴിഞ്ഞു വരവേയാണ് സർക്കാർ പ്രത്യേകമായി രൂപീകരിച്ച പഞ്ചമഹാൽ ജില്ലാ കളക്ടറും രണ്ട് ബിജെപി എംഎൽഎമാരും അടങ്ങുന്ന ഒരു കമ്മിറ്റി, 1992ലെ ഗുജറാത്ത് സർക്കാരിന്റെ റമിഷൻ പോളിസിയുടെ വ്യവസ്ഥകൾ ആധാരമാക്കി ശിക്ഷാ കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പുതന്നെ 11 കുറ്റവാളികളെയും വിട്ടയക്കാനുള്ള നടപടികൾ സ്വീകരിച്ചത്.

റെമിഷനുമായി ബന്ധപ്പെട്ട് രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങളെ കാറ്റിൽ പറത്തിയാണ് ഗുജറാത്ത് സർക്കാർ പ്രതികളുടെ ശിക്ഷാ കാലാവധി പൂർണ്ണമാകുന്നതിന് മുമ്പ് തന്നെ അവരെ വിട്ടയച്ചത്.

**ന്യൂനപക്ഷ മതത്തിൽ ജനിച്ചുപോയി എന്നതുകൊണ്ട് മാത്രം അതിക്രൂരമായ ലൈംഗിക അതിക്രമത്തിന് ഇരയാവുകയും, സ്വന്തം കുഞ്ഞിനെയും അടുത്ത ബന്ധുക്കളെയും നഷ്ടപ്പെടുകയും ചെയ്ത ബിൽക്കിസ് ബാനൊവിന് സർക്കാർ മനപ്പൂർവം നീതി നിഷേധിക്കുന്നത് രാജ്യത്തിന് മൊത്തം കളങ്കമാണ്.**



സ്വാതന്ത്ര്യത്തിന്റെ 75–ആം വാർഷിക ആഘോഷത്തോടനുബന്ധിച്ച് തടവുകാരെ വിട്ടയക്കുന്നതുമായി ബന്ധപ്പെട്ട് ഈ വർഷം ജൂൺ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ ഉത്തരവിലും ഒന്നിൽ കൂടുതൽ പേർ കൊല്ലപ്പെട്ടിട്ടുള്ള കേസുകളിലെ കുറ്റവാളികളെയും കൂട്ടബലാത്സംഗം കേസിലെ കുറ്റവാളികളെയും കാലാവധി തീരുന്നതിനു മുമ്പ് വിട്ടയക്കരുത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവിനും ക്രിമിനൽ നടപടിക്രമത്തിലെ വ്യവസ്ഥകൾക്കും കടകവിരുദ്ധമായ നടപടിയാണ് ഗുജറാത്ത് സർക്കാർ അതിക്രൂര കുറ്റകൃത്യം ചെയ്ത 11 പേരെയും പുറത്തുവിട്ടതിലൂടെ സ്വീകരിച്ചത് .

നീതി നിർവഹണത്തിനെതിരെയുള്ള ഗുജറാത്ത് സർക്കാറിന്റെ ഈ വെല്ലുവിളിയെ ചൂണ്ടിക്കാട്ടി അടിയന്തര നടപടികൾ ആവശ്യപ്പെട്ട് ശ്രീമതി സുഭാഷിണി അലി, പത്രപ്രവർത്തക രേവതി ലോൾ,വിദ്യാഭ്യാസ വിദഗ്ധ ശ്രീമതി രൂപരേഖ വർമ്മ എന്നിവർ ചേർന്ന് ഒരു പൊതുതാൽപര്യ ഹർജി ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തു. എന്നും സ്ത്രീകളുടെ അവകാശ പോരാട്ടങ്ങളിൽ സജീവ പങ്കാളിയായ അന്വേഷിയും അഡ്വ. പ്രശാന്ത് പത്മനാഭൻ വഴി ഈ പൊതുതാൽപര്യ ഹർജിയിൽ കക്ഷി ചേർന്നിട്ടുണ്ട്. ന്യൂനപക്ഷ മതത്തിൽ ജനിച്ചുപോയി എന്നതുകൊണ്ട് മാത്രം അതിക്രൂരമായ ലൈംഗിക അതിക്രമത്തിന് ഇരയാവുകയും, സ്വന്തം കുഞ്ഞിനെയും അടുത്ത ബന്ധുക്കളെയും നഷ്ടപ്പെടുകയും ചെയ്ത ബിൽക്കിസ് ബാനൊവിന് സർക്കാർ മനപ്പൂർവം നീതി നിഷേധിക്കുന്നത് രാജ്യത്തിന് മൊത്തം കളങ്കമാണ്. എന്നാൽ ഇതിനെതിരെ പൊതുസമൂഹം അപകടകരമാംവിധം മൗനം പാലിക്കുന്നു എന്നത് ലജ്ജകരവും ആശങ്കാജനകവുമാണ്.



**അഡ്വ. പ്രീത കെ.കെ.**
സീനിയർ ഗവ. പ്ലീഡർ
കേരള ഹൈക്കോടതി

# തൊഴിലിടത്തിലെ ലൈംഗികാതിക്രമങ്ങളും പരാതിക്കമ്മിറ്റികളും



കേരളത്തിൽ പ്രത്യേകിച്ച് കോഴിക്കോട് ഈയടുത്തകാലത്തു നടന്ന ലൈംഗികാതിക്രമക്കേസിലെ സംവാദങ്ങളിൽ പ്രധാന ചർച്ചയായ ഒന്നാണ് ഇന്റേണൽ കമ്മറ്റിയുടെ റിപ്പോർട്ടും ജാമ്യവ്യവസ്ഥയും. ലൈംഗികാതിക്രമക്കേസുകളിൽ ജാമ്യം അനുവദിക്കുമ്പോൾ കോടതികൾ നിഷ്കർഷിക്കേണ്ട ഉത്തരവാദിത്വങ്ങൾ അപർണ്ണഭട്ട് ഡെ സ്റ്റേറ്റ് ഓഫ് മധ്യപ്രദേശ് എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളാണ്  അതിജീവിതയും പ്രതിയുമായുള്ള സമ്പർക്കത്തിന് ഉത്തരവിടുന്നതോ, നിർദ്ദേശിക്കുന്നതോ ആവരുത് ജാമ്യവ്യവസ്ഥ, മറിച്ച് അതിജീവിതയെ പ്രതി വീണ്ടും പീഡിപ്പിക്കുന്നതിൽ നിന്നും സംരക്ഷിക്കുന്ന വ്യവസ്ഥകളായിരിക്കണം എന്നുമുള്ളത്.

പ്രതിക്ക് ജാമ്യം അനുവദിക്കുമ്പോൾ പരാതിക്കാരിയെ വിവരം അറിയിക്കേണ്ടതും ജാമ്യ ഉത്തരവിന്റെ പകർപ്പ് നൽകേണ്ടതുമാണ്.

ജാമ്യ വ്യവസ്ഥകളിലും ജാമ്യ ഉത്തരവിലും പുരുഷമേധാവിത്വത്തിന്റേതായ സ്ഥിരംപല്ലവിയിലുള്ള, സ്ത്രീകളെക്കുറിച്ചുള്ള മുൻവിധികൾ ഒഴിവാക്കേണ്ടതും

ക്രിമിനൽ നടപടി ചട്ടത്തിന് അനുസൃതവും ആയിരിക്കണം. അതായത് സ്ത്രീയുടെ വേഷം, പെരുമാറ്റം, മുൻകാലസ്വഭാവം, സദാചാരം എന്നിവ പരാമർശിക്കാൻ പാടില്ല എന്നിവ. നിർഭാഗ്യകരമെന്ന് പറയട്ടെ, അതിജീവിതക്ക് കോഴിക്കോട് കോടതിയിൽ നിന്നോ ഇന്റേണൽ കമ്മിറ്റിയിൽനിന്നോ നീതി ലഭിച്ചില്ല എന്നു മാത്രമല്ല കേരളത്തിലെ ഫെമിനിസ്റ്റുകൾ വേർതിരിഞ്ഞ് അനുകൂലിച്ചും പ്രതികൂലിച്ചും അഭിപ്രായം പ്രകടിപ്പിക്കുന്നതുമായ സാഹചര്യമാണ് ഉണ്ടായത്.

എന്നാൽ തൊഴിലിടങ്ങളിലെ ഇൻറേണൽ കമ്മറ്റിയുടെ രൂപീകരണം, ഘടന, അധികാരപരിധി എന്നിവയെപ്പറ്റി സാധാരണജനങ്ങൾപോലും ചർച്ചചെയ്തു എന്നത് ഏറെ ശ്രദ്ധേയമാണ്. (പലപ്പോഴും ഇത്തരം സംഭവങ്ങളാണ് നിയമങ്ങളെപ്പറ്റി അവബോധമുണ്ടാക്കാൻ സഹായിക്കുന്നത്) തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് അതിക്രമങ്ങളില്ലാതെ ഭയപ്പെടാതെയും നേരിടാനും സ്വസ്ഥവും സമാധാനപരവും സുരക്ഷിതവുമായ അന്തരീക്ഷത്തിൽ ജോലിചെയ്യുവാനുള്ള ഭരണഘടനാപരമായ അവകാശം ഉറപ്പാക്കുന്നതാണ് 2013 ലെ തൊഴിൽസ്ഥലത്തെ ലൈംഗികപീഡന നിരോധന പരിഹാര നിയമം.

തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന വിവേചനങ്ങളിലൊന്ന് ലൈംഗികതയുമായി ബന്ധപ്പെട്ടിട്ടുള്ളത് തന്നെയാണ്. തൊഴിലിടങ്ങളിൽ ഓരോ വ്യക്തികളിൽ നിന്നും നേരിടണ്ടിവരുന്ന ലൈംഗികസ്വഭാവമുള്ളതും അസ്വീകാര്യവുമായ പെരുമാറ്റത്തെയാണ് ഇതുകൊണ്ട് സൂചിപ്പിക്കുന്നത്. തൊഴിലിടങ്ങളിൽ നടക്കുന്ന ലൈംഗികാതിക്രമം അങ്ങനെ ലൈംഗിക വിവേചനത്തിന്റെ ഭാഗമാകുന്നു. കാരണം ഒരു വ്യക്തിയുടെ ലിംഗത്തെ അടിസ്ഥാനപ്പെടുത്തിയതിനാൽ എല്ലായിടത്തും നിലനിൽക്കുന്ന സ്ത്രീകൾക്കെതിരായ കടന്നാക്രമണങ്ങളുടെ വിപുലീകരണം കൂടിയാണിതെന്നും മനസിലാക്കേണ്ടതുണ്ട്.

തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾക്കെതിരെ പരാതിപ്പെടുന്നതിനായി രൂപികരിച്ചിട്ടുള്ള കമ്മറ്റികളാണ് ഇന്റേണൽ പരാതി കമ്മറ്റിയും (ഐ.സി.സി) ലോക്കൽ കമ്മറ്റിയും.

### ഇന്റേണൽ പരാതി കമ്മറ്റിയുടെ ഘടനയും അധികാരവും

1) പ്രിസൈഡിംഗ് ഓഫീസർ : തൊഴിലാളികളിൽ നിന്നും സീനിയർ തലത്തിൽ ജോലിചെയ്യുന്ന സ്ത്രീ ജീവനക്കാരി. അവരെ ലഭ്യമല്ലെങ്കിൽ അതേ തൊഴിലിടവുമായി ബന്ധപ്പെട്ട മറ്റ് ഓഫീസുകളിൽ നിന്നോ, ഭരണസമിതി യൂണിറ്റുകളിൽ നിന്നോ, ഒരേ തൊഴിലുടമക്കു കീഴിലുള്ള മുതിർന്ന സ്ത്രീകളെ നാമനിർദ്ദേശം ചെയ്യണം.

2) തൊഴിലാളികളിൽ നിന്നും തെരെഞ്ഞെടുക്കുന്ന രണ്ടിൽ കുറയാത്ത അംഗങ്ങൾ–സ്ത്രീ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതോ, സാമൂഹ്യപ്രവർത്തനമോ, നിയമപരിജ്ഞാനമോ അഭിലഷണീയം.

3) സ്ത്രീപ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നതോ അല്ലെങ്കിൽ ലൈംഗികാതിക്രമപ്രശ്നങ്ങളിൽ ഇടപെട്ടുപരിചയമുള്ള തൊഴിലിടത്തിനു പുറത്തുള്ള ഏതെങ്കിലും ഒരു സംഘടനയുടേയോ സ്ഥാപനത്തിന്റേയോ പ്രതിനിധി

4) അംഗങ്ങളിൽ പകുതിയും സ്ത്രീകളായിരിക്കണം. ഈ കമ്മറ്റിയുടെ കാലാവധി മൂന്ന് വർഷത്തിൽ കൂടാൻ പാടില്ല.

### ലോക്കൽ പരാതിക്കമ്മറ്റിയുടെ ഘടനയും അധികാരവും.

1) ഏതെങ്കിലും വ്യവസായ സംരംഭങ്ങളിലോ ഓഫീസുകളിലോ പത്തിൽ താഴെ തൊഴിലാളികൾ ഉണ്ടെങ്കിൽ, ഇന്റേണൽ പരാതി കമ്മറ്റികൾ രൂപീകരിച്ചിട്ടില്ലെങ്കിലും, ലൈംഗിക പീഡനപരാതി തൊഴിലുടമക്ക് എതിരെയായാൽകൂടിയും ജില്ലാതല



ത്തിൽ ലൈംഗികപീഡന പരാതികൾ സ്വീകരിക്കുന്നതിനായി ലോക്കൽ പരാതി കമ്മറ്റി രൂപീകരിക്കണം.

2) ഓരോ ഗ്രാമപ്രദേശങ്ങളിലെ ബ്ലോക്കിലും താലൂക്കിലും ആദിവാസിമേഖലയിലും നഗരപ്രദേശങ്ങളിൽ വാർഡ്/മുനിസിപ്പാലിറ്റിയിലും പരാതികൾ സ്വീകരിക്കുന്നതിനും അത് ഏഴ് ദിവസത്തിനകം ലോക്കൽ കമ്മറ്റിക്ക് അയച്ചുകൊടുക്കുന്നതിനും ഒരു നോഡൽ ഓഫീസറെ ജില്ലാ ഓഫീസർ നിയമിക്കണം.

3) ലോക്കൽ കമ്മറ്റിയുടെ അധികാരപരിധി ആ

ജില്ല മുഴുവനും ആണ്.

**ലോക്കൽ കമ്മറ്റി അംഗങ്ങൾ**

എ) ചെയർപേഴ്സൺ– സാമൂഹ്യപ്രവർത്തന രംഗത്ത് മികവുപുലർത്തിയിട്ടുള്ളതും സ്ത്രീപ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നതുമായ വനിതയായിരിക്കണം.

ബി) ജില്ലയിലെ ബ്ലോക്കിലോ, താലൂക്കിലോ, വാർഡിലോ, മുനിസിപ്പാലിറ്റിയിലോ പ്രവർത്തിക്കുന്ന സ്ത്രീകളിൽ നിന്ന് ഒരംഗം.

സി) രണ്ട് അംഗങ്ങളിൽ ഒരാൾ സ്ത്രീയായിരിക്കണം. സ്ത്രീ പ്രശ്നങ്ങളിലും ലൈംഗികപീഡന പ്രശ്നങ്ങളിലും സജീവമായി ഇടപെടുന്നതോ പ്രവർത്തിക്കുന്നതോ ആയ സർക്കാരേതര സംഘടനകളിലേയോ, അസോസിയേഷനിലോ ഒരംഗം.

ബി) രേഖകൾ വരുത്തുന്നതിനും കണ്ടെടുക്കുന്നതിനും

സി) പരാതിയുമായി ബന്ധപ്പെട്ട മറ്റേതുകാര്യങ്ങൾക്കും തൊണ്ണൂറ് ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കണം.

ലൈംഗികാതിക്രമക്കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളാകട്ടെ കമ്മറ്റികളാകട്ടെ സ്ത്രീപക്ഷചിന്താഗതിയുള്ളവരായിരിക്കണം. അപർണ്ണാ ഭട്ട് കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശിക്കുന്നത് ലൈംഗികാതിക്രമക്കേസുകൾ പരിഗണിക്കുമ്പോൾ സ്ഥിരം പല്ലവിയിലുള്ള അഭിപ്രായങ്ങൾ ഒഴിവാക്കേണ്ടതാണ്. അഥവാ ഉത്തരവുകളിൽ സ്ത്രീകൾ ശാരീരികമായി ബലഹീനരാണെന്നും, സംരക്ഷണം വേണമെന്നും, സ്ത്രീ




ഇതിൽ ഒരാൾക്കെങ്കിലും നിയമപരിജ്ഞാനമോ, നിയമപശ്ചാത്തലമോ അഭിലഷണീയം, ഒരാൾ പട്ടികജാതി-വർഗ്ഗവിഭാഗത്തിലോ, മറ്റുപിന്നാക്ക ന്യൂനപക്ഷ സമുദായത്തിലോ പെടുന്ന സ്ത്രീ ആയിരിക്കണം.

ഡി) ജില്ലയിലെ സാമൂഹ്യനീതിവകുപ്പിലോ, സ്ത്രീകളുടേയും കുട്ടികളുടേയും വകുപ്പിലോ ബന്ധപ്പെട്ട ഓഫീസർ എക്സ് ഒഫീഷ്യോ അംഗമായിരിക്കണം.

ലോക്കൽ കമ്മറ്റിയുടെ കാലാവധി മൂന്നുവർഷം ആയിരിക്കും.

**പരാതിയുടെ അന്വേഷണത്തിന് ഇരുകമ്മറ്റികൾക്കും താഴെപറയുന്ന കാര്യങ്ങളിൽ സിവിൽ കോടതിയുടെ അധികാരമുണ്ടായിരിക്കും.**

എ) ഏതുവ്യക്തിയേയും വിളിക്കുന്നതിനും തെളിവെടുപ്പിനും

കൾക്ക് സ്വയം തീരുമാനമെടുക്കാൻ കഴിവില്ലാത്തവരാണെന്നും, പുരുഷനാണ് കുടുംബനാഥനെന്നും കുടുംബസംബന്ധമായ എല്ലാ തീരുമാനങ്ങളും കുടുംബനാഥനായ പുരുഷന്റേതാണെന്നും, നമ്മളുടെ സംസ്കാരം അനുസരിച്ച് സ്ത്രീകൾ കീഴ്പ്പെട്ടും അനുസരണയോടെയും ഇരിക്കണമെന്നും, നല്ല സ്ത്രീകൾ ചാരിത്ര്യവതികളായിരിക്കുമെന്നും, മാതൃത്വമാണ് സ്ത്രീകളുടെ കടമയും ചുമതലയുമെന്നും, രാത്രികാലങ്ങളിൽ സ്ത്രീകൾ ഒറ്റക്കായതുകൊണ്ടും വസ്ത്രധാരണ രീതികൊണ്ടുമാണ് ആക്രമിക്കപ്പെടുന്നതെന്നും തുടങ്ങിയ വികലമായ കാഴ്ചപ്പാടുകൾ അവസാനിപ്പിക്കേണ്ടത് ഓരോ പൗരന്റേയും കൂടി കടമയാണ്.



**മാളവിക എം.ദേവി**
പി ജി വിദ്യാർത്ഥി
കമ്മ്യൂണിക്കേഷൻ &ജേർണലിസം
കേരള സർവ്വകലാശാല

# ലൈംഗികാതിക്രമങ്ങളെ അഭിമുഖീകരിക്കുമ്പോൾ

സാമൂഹിക പ്രവർത്തകയും അഭിഭാഷകയുമായ അഡ്വ. സന്ധ്യാ ജനാർദ്ധനൻ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെയും സ്ത്രീശാക്തീകരണത്തെയും കുറിച്ച് സംസാരിക്കുന്നു.

1. നമ്മുടെ ചുറ്റും സ്ത്രീകൾ ഒരുപാട് അതിക്രമങ്ങൾ നേരിടുന്നുണ്ട്. ഇതിൽ കരുണയുടെയും കരുതലിന്റെയും മറവിൽ അതിക്രമം നടക്കുന്നുണ്ട്. ഇത് മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽ ആണോ നമ്മുടെ സാമൂഹികവ്യവസ്ഥ മനസിലാക്കിയാൽ തന്നെ അതിനെതിരെ പ്രതികരിക്കാനുള്ള ധൈര്യവും ചുറ്റുപാടും അവർക്കുണ്ടോ?

എനിക്ക് തോന്നുന്നത് പല തരത്തിലുള്ള അതിക്രമങ്ങളും നടക്കുന്നുണ്ട്. അതിൽ തന്നെ പലതും പതിഞ്ഞ സ്വഭാവത്തിൽ നടക്കുന്നവയാണ്. ഇവയൊക്കെ ചൂഷണമാണെന്ന് മനസ്സിലാക്കുക എന്നതാണ് ആദ്യ കടമ്പ . മനസ്സിലാക്കിയതിനുശേഷം നമ്മുടെ സാമൂഹിക വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് ഇതിനെതിരെ പ്രതികരിക്കുക എന്നുള്ളതാണ് രണ്ടാമത്തെ കാര്യം. എന്നാൽ ഇന്ന് ഇവയൊന്നും വകവയ്ക്കാതെ ഒരുപാട് സ്ത്രീകൾ തങ്ങൾ നേരിടുന്ന ചൂഷണങ്ങൾക്കെതിരെ ശബ്ദമുയർത്തുന്നുണ്ട്. ഈ മാറ്റം പ്രതീക്ഷ നൽകുന്ന ഒന്നാണ്. നമ്മുടെ സ്ത്രീകൾ ഇപ്പോൾ മാറ്റത്തിന്റെ പാതയിലാണ്. സ്ത്രീ ശാക്തീകരണ പ്രക്രിയ പ്രകടമായി നമുക്ക് ചുറ്റും കാണാൻ കഴിയുന്നുണ്ട്. ഈ മാറ്റത്തിന് അടിത്തറയിട്ട കാരണങ്ങളിൽ ഒന്നായി എനിക്ക് തോന്നുന്നത് 2017 ൽ നടിയെ ആക്രമിച്ച കേസുമായി ബന്ധപ്പെട്ട് സാമൂഹിക മാധ്യമങ്ങളിലും മറ്റും വന്ന ചർച്ചകളാണ്. ഇത്തരം ചർച്ചകൾ കൂടുതൽ സ്ത്രീകളെ മുൻനിരയിലേക്ക് എത്തിക്കുന്നതായി കാണാൻ കഴിഞ്ഞു. പക്ഷെ ഇതിലുള്ള ഒരു പ്രശ്നം എന്തെന്നാൽ ഇങ്ങനെ മുന്നിലേക്ക് വരുന്ന സ്ത്രീകളെ പിൻതുണയ്ക്കാനായി ഒരു സൗഹൃദ സമ്പ്രദായം ഈ നാട്ടിലുണ്ടാവണം എന്നുള്ളതാണ്. അങ്ങനെയൊരു വ്യവസ്ഥ വാർത്തെടുക്കാൻ നമുക്ക് കഴിഞ്ഞാൽ അത് വളരെ വലിയൊരു കാര്യമായിരിക്കും.



അഡ്വ. സന്ധ്യാ ജനാർദ്ധനൻ

*2.ഇത്തരത്തിലുള്ള കേസുകൾ കോടതികളിൽ എത്തുമ്പോൾ വൈകാരികതയുടെ ഭാഗമായി അവയെല്ലാം വളച്ചൊടിക്കപ്പെടുന്നുണ്ടോ? കൃത്യമായ രീതിയിൽ നീതി നടപ്പില്ലാക്കുന്നുണ്ടോ...?*

സ്ത്രീകളുമായി ബന്ധപ്പെട്ട കേസുകൾ കോടതിയിൽ എത്തുമ്പോൾ പലപ്പോഴും അവരുമായി ബന്ധപ്പെട്ട് സമുഹത്തിൽ നിലനിൽക്കുന്ന വാർപ്പുമാതൃകകൾ കേസിനെയും വിധിയെയും സ്വാധീനിക്കുന്നതായി എന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. തെളിവുകളെ അടിസ്ഥാനമാക്കിയാണ് കോടതികൾ പ്രവർത്തിക്കുന്നത് എന്ന് പറഞ്ഞാൽ പോലും ചില സാഹചര്യങ്ങളിൽ ആത്മനിഷ്ഠയായാണ് വിധികൾ വരുന്നത്. ഇത് കൊണ്ടാണല്ലോ പല കീഴ്ക്കോടതി വിധികളെയും മാറ്റിമറിക്കുന്ന മേൽകോടതി വിധികൾ വന്നിട്ടുള്ളത്. കഴിഞ്ഞ 20 വർഷത്തെ കാലയളവിനുള്ളിൽ നിന്ന് നോക്കിയാൽ നമ്മുടെ നിയമങ്ങളും സംവിധാനങ്ങളുമൊക്കെ ഒരുപാട് പരോഗമിച്ചതായി കാണാൻ കഴിയും. എന്നാൽ സ്ത്രീകളുടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിൽ നമ്മളിന്നും പിന്നിലാണെന്നാണ് എനിക്ക് തോന്നുന്നത്. നിയമനിർമ്മാണത്തിലൂടെ മാത്രം ഇത് കൈകാര്യം ചെയ്യാൻ നമുക്ക് കഴിയില്ല. ഒരു സ്ത്രി എന്തെങ്കിലും തരത്തിലുള്ള അനീതി നേരിട്ടാൽ, അതിനെതിരെ പോരാടണം എന്ന് ഉറപ്പിച്ചാൽ അവിടം മുതൽ അവർക്ക് ഉറച്ച പിന്തുണയുമായി നിലകൊള്ളാൻ നമ്മുടെ സംവിധാനങ്ങൾക്ക് കഴിയണം. നിലവിലുള്ള സഹായസംവിധാനങ്ങളെ പറ്റി വ്യക്തമായ ബോധവൽക്കരണം സ്ത്രീകൾക്ക് നൽകേണ്ടതും അനിവാര്യമാണ്.

*3.നിയമപരമായി ഒരു വ്യക്തിക്ക് സമ്മതം നൽകാൻ ഉള്ള പ്രായം ഏതാണ് ?പോക്സോ കേസുകളിൽ സമ്മതത്തിനുള്ള പ്രാധാന്യം എന്താണ്?*

18 വയസ്സിനു താഴെയുള്ള കുട്ടികളുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നതോ ലൈംഗികചുവയോടെ നോക്കുന്നതോ പോലും ഒരു അതിക്രമായാണ് നിയമം കണക്കാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളും ശിക്ഷാനടപടികളുമൊക്കെയാണ് POCSO Act ൽ പറയുന്നത്. കുട്ടിയുടെ സമ്മതത്തോടുകൂടി ലൈംഗികബന്ധതിൽ ഏർപ്പെട്ടാലും അത് ശിക്ഷാർഹമാണ്. ഈ നിയമം കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഒന്നാണ്. അതുകൊണ്ടു തന്നെ ഇത് വളരെയധികം പ്രാധാന്യമുള്ള ഒന്നാണ്. 18 വയസ്സിനു താഴെയുള്ള കുട്ടികൾക്കെല്ലാം സംരക്ഷണം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ നിയമം നടപ്പിലാക്കുന്നത് . അതിന്റേതായ പ്രാധാന്യത്തോടെ ഈ നിയമത്തെ കാണണം എന്നാണ് എനിക്ക് തോന്നുന്നത്. കൺസെന്റ് പോലെയുള്ള കാര്യങ്ങൾ ഇതിലേക്ക് കൂട്ടിച്ചേർത്താൽ അവയൊക്കെ വളച്ചൊടിക്കപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ലൈംഗിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കുട്ടികൾക്കും വ്യക്തമായ അവബോധം നൽകേണ്ടതുണ്ട്.

*4. താങ്കൾക്ക് ഇത്തരത്തിലുള്ള ഒരുപാട് അനുഭവങ്ങൾ കേൾക്കേണ്ടി വന്നിട്ടുണ്ടാവും. വൈകാരികമായ പ്രശ്നങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടാവും. അതിൽ നിന്നെല്ലാം എങ്ങനെയാണ് മുക്തി നേടുന്നത് അല്ലെങ്കിൽ എപ്പോഴും ഒരു അഭിഭാഷക എന്ന നിലക്ക് വസ്തുതകൾ മാത്രം അടിസ്ഥാനമാക്കി നിൽക്കാൻ കഴിയുമോ ? ഒരു മനുഷ്യൻ എന്ന നിലക്ക് വൈകാരികമായി ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ടോ?*

ഞാനൊരു അഭിഭാഷകയാകുമെന്ന് ഒരിക്കലും കരുതിയിട്ടില്ല. 'സ്ത്രീവേദി', 'സഖി' തുടങ്ങിയ സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുന്ന സമയത്താണ് സ്ത്രീകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും നിയമപരമായി അത് കൈകാര്യം ചെയ്യാനും അവരുടെ കൂടെ അണിചേർന്ന് പോരാടാനും ഒരു അഭിഭാഷകയ്ക്ക് കഴിയും എന്നുള്ളത് മനസ്സിലാക്കിയതു കൊണ്ടാണ് ഈ രംഗത്തേക്ക് ഞാൻ ചുവടെടുത്ത് വയ്ക്കുന്നത്. അതുകൊണ്ട് തന്നെ പ്രശ്നങ്ങളും വെല്ലുവിളികളുമെല്ലാം നേരിടാൻ പാകത്തിന് മനസ്സിനെ പരുവപ്പെടുത്തിയിട്ടുണ്ട്. ഒരു അഭിഭാഷക എന്നതിലുപരി ഒരു ആക്റ്റിവിസ്റ്റായി തന്നെയാണ് ഞാനിപ്പോഴും ഏതൊരു കേസിനെയും സമീപിക്കുക. ദിനംപ്രതി അതിക്രമങ്ങളുടെയും ചൂഷണങ്ങളുടെയും കഥകൾ കേൾക്കുമ്പോൾ ചില സമയങ്ങളിൽ മാനസികമായി ബുദ്ധിമുട്ട് തോന്നാറുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അടുത്ത സുഹൃത്തുക്കളുമായോ മകളുമായോ സംസാരിക്കാറുണ്ട്.

*5. എൽ.ജി.ബി.ടി.ക്യു.ഐ.എ+ സമൂഹത്തിന് നിയമപരമായി എത്രത്തോളം സംരക്ഷണം കിട്ടുന്നുണ്ട് ?*

*അവർക്ക് നിയമം ഉറപ്പു നൽകുന്ന അവകാശങ്ങളും നീതിയും എങ്ങനെ ഉറപ്പു വരുത്താം?*

ഭരണഘടന ഉറപ്പു നൽകുന്ന എല്ലാ അവകാശങ്ങളുമുള്ള പൗരന്മാരാണെങ്കിൽ പോലും സാമ്പത്തിക ചൂഷണം, ലൈംഗിക ചൂഷണം തുടങ്ങിയ ഒട്ടേറെ വിവേചനങ്ങൾ നേരിടുന്ന ഒരു വിഭാഗമാണ് എൽ.ജി.ബി.ടി.ക്യു.ഐ.എ+ സമൂഹം. 2020 ജനുവരി 10 നാണ് ട്രാൻസ്ജെന്റർ ആക്റ്റ് നിലവിൽ വരുന്നത്. ട്രാൻസ്ജെന്റർ വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ ഈ നിയമം ഒരു പരിധിവരെ വിജയിക്കുന്നുണ്ടെന്നാണ് എനിക്ക്

തോന്നുന്നത്. ഹോമോസെക്ഷ്വൽ വ്യക്തികളോടുള്ള സമൂഹത്തിന്റെ കാഴ്ച്ചപാടിലാണ് മാറ്റം വരേണ്ടത്. എൽ.ജി.ബി.ടി.ക്യു.ഐ.എ+ സമൂഹത്തിൽ ഉൾപ്പെടുന്ന വ്യക്തികൾ അവരുടെ ദൃശ്യത (visibility) കൂട്ടാൻ പരിശ്രമിക്കുന്നത് വളരെയധികം പ്രതീക്ഷയുളവാക്കുന്ന ഒരു കാര്യമാണ്. ഇതോടൊപ്പം നിയമത്തിന്റെ പരിരക്ഷ കൂടി ഉറപ്പാക്കാൻ സാധിച്ചാൽ അത് വലിയൊരു മാറ്റത്തിലേക്ക് വഴിതെളിക്കുമെന്ന് ഉറപ്പാണ്.

*6.ഗാർഹിക പീഡനങ്ങൾ നേരിടുന്ന ഒരുപാട് പേർ ഇപ്പോൾ പുറത്തേക്ക് എത്തുന്നുണ്ട്.അവരും ഈ സോഷ്യൽ സിസ്റ്റത്തിന്റെ ഭാഗമാണ്.പല കാര്യങ്ങളും തുറന്ന് പറയുന്നതിൽ മടി ഉണ്ടാവാൻ സാധ്യതയുണ്ട്.അതിനെയൊക്കെ എങ്ങനെ അഡ്രസ് ചെയ്യും? മാറ്റത്തിന്റെ പാതയിൽ നിൽക്കുന്ന ഒരു സമൂഹം എന്ന നിലയിൽ നമുക്കെങ്ങനെ അവരെ പിൻതുണക്കാം ?*

താൻ നേരിടുന്നത് അതിക്രമം ആണെന്ന് ഒരു സ്ത്രീ തിരിച്ചറിയുക എന്നതാണ് ആദ്യത്തെ കാര്യം. ഇത്തരത്തിലുള്ള പീഡനങ്ങൾ താൻ സഹിക്കേണ്ടതില്ല എന്ന് ഉറച്ച തീരുമാനം എടുക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആ തീരുമാനം ഒരു സ്ത്രീ എടുത്താൽ മാത്രമേ നിയമപരമായും മാനസികമായുമൊക്കെ മറ്റുള്ളവർക്ക് അവരെ പിൻതുണയ്ക്കാൻ കഴിയുകയുള്ളു. ഇങ്ങനെയുള്ള സന്ദർഭങ്ങളിലാണ് സുഹൃത്തുക്കളും ബന്ധുക്കളുമെല്ലാം മുൻവിധികളൊന്നും കൂടാതെ സ്ത്രീകളെ പിൻതുണയ്ക്കേണ്ടത്. ഉത്ര, വിസ്മയ തുടങ്ങിയ പെൺകുട്ടികൾക്കുണ്ടായ അനുഭവങ്ങളെല്ലാം നാം ഭീതിയോടെയാണ് കണ്ടത്. ഈ കേസുകളുമായി ബന്ധപ്പെട്ടുണ്ടായ ചർച്ചകളെല്ലാം തന്നെ വലിയൊരു മാറ്റത്തിന് വഴിതെളിക്കുന്നതായി കാണാൻ കഴിയുന്നുണ്ട്. ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട പരാതികളുമായി ഒരുപാട് സ്ത്രീകൾ മുന്നിലേക്ക് വരുന്നുണ്ട്.

*7.സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് സ്ത്രീകൾ മാത്രം ചിന്തിച്ചാൽ മതിയോ? അത് സമൂഹത്തിന്റെ ഉത്തരവാദിത്വമല്ലേ?*

നിർഭാഗ്യവശാൽ സ്ത്രീശാക്തീകരണത്തെ ഒരു ഏകവഴി പ്രക്രിയയാണ്. പെൺകുട്ടികൾ / സ്ത്രീകൾ ഇത് സംബന്ധിച്ച കാര്യങ്ങളെല്ലാം മനസ്സിലാക്കുകയും ശാക്തീകരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. എന്നാൽ സ്വന്തം കാലിൽ നിൽക്കാൻ ശേഷിയുള്ള , സ്വന്തമായി നിലപാടുള്ള, സാമ്പത്തിക സ്ഥിരതയുള്ള ഒരു പെൺകുട്ടിയോട് പരസ്പര ബഹുമാനത്തോടെ പെരുമാറാൻ കെൽപ്പുള്ളവരായി നമ്മുടെ ആൺകുട്ടികളെ നമ്മൾ വാർത്തെടുക്കുന്നുണ്ടോ എന്നത് ഒരു ചോദ്യമാണ്. ഇനിയുള്ള കാലത്ത് ഭർത്താവിനെയും മക്കളെയും സേ



വിക്കുന്ന പരിചാരകയായി ഒതുങ്ങികൂടാൻ പെൺകുട്ടികൾ തയ്യാറാകില്ല. വീടുകളിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും തന്നെ ജെന്ററിനെ കുറിച്ചും ജീവിതനൈപുണ്യത്തെ കുറിച്ചുമൊ

ക്കെ വ്യക്തമായ ധാരണ എല്ലാ കുട്ടികൾക്കും നൽകണം. ഇങ്ങനെയുള്ള നിരന്തരമായ ഇടപെടലുകളിലൂടെ മാത്രമേ നമുക്ക് ഈ ലോകത്തെ ഒരു സമത്വസുന്ദരമാക്കാൻ കഴിയുകയുള്ളു.

ചർച്ചാവിഷയം

# ലൈംഗികാക്രമണ കേസുകൾ : നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ



**സി.എസ്.ചന്ദ്രിക**
എഴുത്തുകാരി
സാമൂഹികപ്രവർത്തക

ഏതാണ്ട് അമ്പതു വർഷക്കാലത്തെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക പ്രവർത്തന 'പാരമ്പര്യ'മുള്ള മലയാളി ആൺജീവിതത്തിന്റെ ഇങ്ങേ അറ്റത്തു വന്നു നിൽക്കുമ്പോഴാണ്, എഴുപതു വയസ്സു പിന്നിട്ടു നിൽക്കുമ്പോഴാണ് രണ്ടു സ്ത്രീകൾ സിവിക് ചന്ദ്രനെതിരെ ലൈംഗികാക്രമണം നടത്തിയെന്ന പേരിൽ കേസ് കൊടുത്തിട്ടുള്ളത്. സിവിക് ചന്ദ്രൻ എഴുത്തുകാരനും പാഠഭേദം എന്ന മാസികയുടെ പ്ര




സാധകനും പത്രാധിപരും സാംസ്കാരിക പ്രവർത്തകനുമാണ്. സിവിക് ചന്ദ്രനെതിരെ പോലീസിൽ പരാതി നൽകിയിരിക്കുന്നത് രണ്ട് എഴുത്തുകാരികളാണ്. അതിൽ ഒരാൾ ദലിത് സമൂഹത്തിൽ നിന്നുള്ള സാഹിത്യകാരിയാണ്. വേറെയും സ്ത്രീകൾ സിവിക് ചന്ദ്രനിൽ നിന്ന് നേരിട്ടിട്ടുള്ള ലൈംഗിക കയ്യേറ്റത്തിന്റെ അനുഭവങ്ങൾ സ്വകാര്യമായി സ്ത്രീകൾക്കിടയിൽ പങ്കുവെച്ചു കഴിഞ്ഞിട്ടുണ്ട്. ഇക്കാലത്തു മാത്രമല്ല, നേരത്തേയും സിവിക് ചന്ദ്രൻ സ്ത്രീകളോട് ലൈംഗിക കയ്യേറ്റം നടത്തിയതിന്റെ അനുഭവങ്ങൾ എച്ച്മുകുട്ടിയെപ്പോലുള്ള എഴുത്തുകാരികളും തുറന്നെഴുതിയിട്ടുണ്ട്.

സ്ത്രീയുടെ സമ്മതം കൂടാതെ ലൈംഗികാസക്തിയോടെ അവളുടെ ശരീരത്തിനുമേൽ നടത്തുന്ന ഏതു തരം അതിക്രമവും ലൈംഗികാക്രമണമാണ്. ബലാത്സംഗം ചെയ്താൽ മാത്രമേ ലൈംഗികാക്രമണത്തിന്റെ നിർവ്വചനത്തിൽ വരൂ എന്ന കാലം കഴിഞ്ഞു. പരിചയമുള്ളവരിൽ നിന്ന് അത്തരത്തിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന ആക്രമണങ്ങളിൽ സ്ത്രീകൾക്കുണ്ടാക്കുന്ന ആഘാതം വളരെ വലുതാണ്. ഇത്തരം ആക്രമണങ്ങളിൽ പുരുഷന്റെ ഉയർന്ന പ്രായം, പദവി, പ്രശസ്തി, സാമൂഹ്യ, സാമ്പത്തികാധികാരം തുടങ്ങിയ ഘടകങ്ങൾ തക്കം നോക്കി ആക്രമിക്കുന്നതിനായി ലൈംഗികാക്രമണകാരികളായ പുരുഷൻമാർ സാധൂകരണമായി നിരത്തുന്ന പ്രിവിലേജുകളാണ്. ഈ പ്രിവിലേജുകൾ ഉള്ള പുരുഷൻമാർക്കെതിരെ തുറന്ന് പരാതിപ്പെടാൻ തീരുമാനിക്കുന്നതു പോലും ആഘാതത്തിൽ നിന്ന് മുക്തമാകാൻ ആക്രമണം നേരിട്ട ഇരകൾ കഠിനമായി ശ്രമിക്കുന്നതിന്റെ ഭാഗമാണ്. ഭൂരിഭാഗം സ്ത്രീകളും ഇത്തരം അനുഭവങ്ങൾ തുറന്നു പറയുകയോ കേസ് കൊടുക്കുകയോ ചെയ്യുകയില്ല. കാരണം, പരാതി

കൊടുക്കാൻ സ്വന്തം വീട്ടിലുള്ളവർ സാധാരണ നിലയിൽ സമ്മതിക്കുകയില്ല. വീട്ടുകാരുടെ സമ്മതത്തോടെ പരാതി കൊടുത്താൽ തന്നെയും ബന്ധുക്കളും നാട്ടുകാരും ആ കുടുംബത്തേയും ഇരയായ സ്ത്രീയേയുമാണ് തുടർന്ന് കുറ്റപ്പെടുത്തുക. അനുഭവിച്ച ലൈംഗികാക്രമണം കൂടാതെ സ്ത്രീക്കു നേരെ ലൈംഗികാപവാദ പ്രചരണങ്ങളും കുറ്റവാളികളായ പുരുഷൻമാരുടെ സംരക്ഷണത്തിനായി നാടു മുഴുവൻ പടരും. സൂര്യനെല്ലി കേസു മുതൽ കേരളം അതു കണ്ടിട്ടുണ്ട്. ചെറിയ പെൺകുട്ടിയെ നാൽപത് പേർ തടവിൽ വെച്ച് ലൈംഗിക പീഡനം നടത്തിയിട്ടും 'അവൾ എന്തിന് അവരുടെ കൂടെ പോയി?' എന്നാണ് പൊതുസമൂഹം കുറ്റവാളികൾക്കനുകൂലമായി പെൺകുട്ടിയെ വിചാരണ ചെയ്തിരുന്നത്. കുറ്റവാളികൾ പ്രശസ്തരും സ്വാധീനമുള്ളവരുമായ പുരുഷൻമാരാകുമ്പോൾ ഇപ്പോഴും ഇതു തന്നെയാണ് കേൾക്കുന്നത്. ദിലീപിനെ അനുകൂലിച്ചു കൊണ്ട് നടിക്കു നേരെ പി സി

ഇപ്പോൾ, സിവിക് ചന്ദ്രനെ അനുകൂലിക്കുന്നവർ ദലിത് സ്ത്രീയായ പരാതിക്കാരിക്കു നേരെ നടത്തുന്ന ദുഷ്പ്രചരണങ്ങൾ നീതിബോധത്തിന്റെ എല്ലാ സീമകളും ലംഘിക്കുന്നതാണ്. അവർ ഒരു ദലിത് സ്ത്രീയായതു കൊണ്ടു നേരിടേണ്ടി വരുന്ന അധികമായ വിചാരണയും സിവിക് അനുകൂല പക്ഷത്തു നിന്ന് ഉണ്ടാകുന്നുണ്ട്. മാത്രവുമല്ല, സിവിക് ചന്ദ്രനു വേണ്ടി വാദിക്കുന്നതും അതിജീവിതയെ അവിശ്വസിക്കുന്നതും അതിജീവിതക്കൊപ്പം നിൽക്കുന്നവരെയടക്കം അസഭ്യം പറയുന്നതും നുണകൾ പ്രചരിപ്പിക്കുന്നതും ഫെമിനിസ്റ്റുകൾ എന്ന് അറിയപ്പെടുന്നവരുടെ ഒരു ചെറുസംഘമാണ് എന്നതാണ് ഈ കേസിൽ കാണുന്ന വലിയ ധാർമ്മിക ദുരന്തം. 1980 കൾ മുതലുള്ള സ്വതന്ത്ര ഫെമിനിസ്റ്റ് സംഘടനകളുടേയും വ്യക്തികളുടേയും സമരത്തിൽ ഇതുവരേയും കേരളത്തിൽ ഇത്തരത്തിൽ അനീതിയുടെ പക്ഷത്ത് തുറന്ന് നിലയുറപ്പിക്കുന്ന ഒരു ഫെമിനിസ്റ്റ് നീക്കവും ഉണ്ടായിട്ടില്ല.

**അനുഭവിച്ച ലൈംഗികാക്രമണം കൂടാതെ സ്ത്രീക്കു നേരെ ലൈംഗികാപവാദ പ്രചരണങ്ങളും കുറ്റവാളികളായ പുരുഷൻമാരുടെ സംരക്ഷണത്തിനായി നാടു മുഴുവൻ പടരും. സൂര്യനെല്ലി കേസു മുതൽ കേരളം അതു കണ്ടിട്ടുണ്ട് ചെറിയ പെൺകുട്ടിയെ 40 പേർ തടവിൽ വെച്ച് ലൈംഗികപീഡനം നടത്തിയിട്ടും 'അവൾ എന്തിന് അവരുടെ കൂടെ പോയി?' എന്നാണ്പൊതുസമൂഹം കുറ്റവാളികൾക്കനുകൂലമായി പെൺകുട്ടിയെ വിചാരണ ചെയ്തിരുന്നത് കുറ്റവാളികൾ പ്രശസ്തരും സ്വാധീനമുള്ളവരുമായ പുരുഷൻമാരാകുമ്പോൾ ഇപ്പോഴും ഇതു തന്നെയാണ്കേൾക്കുന്നത്**




ജോർജ്ജും സിനിമാ മേഖലയിലെ ദിലീപ് അനുകൂലികളും നടത്തിയ കള്ളപ്രചരണങ്ങൾ കേരളം കേട്ടിട്ടുണ്ട്. സംഭവം നടന്ന് അഞ്ചു വർഷങ്ങൾ പിന്നിട്ടിട്ടും കേസു കൊടുത്തതു കൊണ്ടു മാത്രമാണ്, നടി പുറത്തിറങ്ങുന്നതും ഇഷ്ടമുള്ള വസ്ത്രം ധരിക്കുന്നതു പോലും ദിലീപിന്റെ അനുകൂലികൾ നടിയെ പരിഹസിക്കാനും സൈബർ ആക്രമണം നടത്താനും വേദനിപ്പിക്കാനും പൊതുവിടത്തിൽ നിന്ന് ഒഴിവാക്കാനും ശ്രമിക്കുന്ന കാഴ്ചകൾ സജീവമാണിപ്പോഴും.


ഇത് ആദ്യത്തെ അനുഭവമാണ്. സിവിക് ചന്ദ്രന്റെ അനുഭാവികളും സുഹൃത്തുക്കളുമായ ഫെമിനിസ്റ്റുകൾ ഫെമിനിസത്തിന്റെ രാഷ്ട്രീയ അന്തസ്സത്തയെത്തന്നെ മറന്നു കൊണ്ട്, ബൗദ്ധിക സത്യസന്ധതയില്ലാതെ പരാതിക്കാരിയായ സ്ത്രീക്കു നേരെയും അവർക്കു പിന്തുണ നൽകുന്ന സ്ത്രീകൾക്കു നേരെയും സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തുന്ന ആക്രമണങ്ങൾ പോലൊന്ന് മറ്റൊരു ലൈംഗിക ആക്രമണ കേസിലും കേരളത്തിൽ മുമ്പുണ്ടായിട്ടില്ല. ഇത് ചൂണ്ടിക്കാണിക്കുന്നത് ലൈംഗികാക്ര

മണം നടത്തിയ പുരുഷൻ പ്രശസ്തനും വലിയ സൗഹൃദ വലയവും ഉള്ളവനാണെങ്കിൽ, ഇക്കാലത്ത് പാർശ്വവൽകൃത സാമൂഹ്യ വിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകളുടെ നീതിക്കു വേണ്ടിയുള്ള പോരാട്ടത്തിന് കൂടുതൽ വലിയ വില കൊടുക്കേണ്ടി വരും എന്നുള്ളതാണ്. ജനാധിപത്യപരമായ വാദ മറുവാദത്തിനുള്ള എല്ലാ സാധ്യതകളും അടച്ചു കൊണ്ട് കേസു കൊടുക്കാനുള്ള അതിജീവിതമാരുടെ ജനാധിപത്യപരമായ ഇടത്തെ, അവകാശത്തെ തന്നെ പാടേ നിഷേധിച്ചു കൊണ്ടാണ് ഏതാണ്ടൊരു സൈബർ ആക്രമണത്തിന്റെ സ്വഭാവത്തിൽ ഇവരുടെ വിശദീകരണങ്ങളും വ്യക്ത്യധിക്ഷേപങ്ങളും സാമൂഹ്യ മാധ്യമങ്ങളിൽ തുടർച്ചയായി വരുന്നത്. താൻ നേരിട്ട ആക്രമണത്തിന്റെ മുറിവുകളെ വീണ്ടും വീണ്ടും കീറിമുറിക്കുന്ന തരം ദുഷ്പ്രചരണങ്ങളെയാണ് പരാതിപ്പെട്ടതിനു ശേഷം ഈ കേസിലെ അതിജീവിതമാർക്ക് വിശേഷിച്ച് ദലിത് വിഭാഗത്തിൽ നിന്നുള്ള അതിജീവിതക്ക് ഈ സിവിക് പക്ഷ ഫെമിനിസ്റ്റുകളിൽ നിന്ന് നേരിടേണ്ടി വന്നിരിക്കുന്നത്. ഒരു അതിജീവിതക്കും മേലിൽ ഇത്തരം ദുരവസ്ഥ ഉണ്ടാകിതിരിക്കട്ടെ.

ലൈംഗിക അക്രമത്തിനും അനീതിക്കുമെതിരായി ദീർഘകാലം പോരാടിയാലും കോടതികളിൽ നിന്ന് തീർത്തും സ്ത്രീവിരുദ്ധമായ, ലൈംഗിക കുറ്റവാളികൾക്ക് അനുകൂലമായ വിധികൾ പലപ്പോഴും ഉണ്ടാകാറുണ്ട്. അതോർക്കുമ്പോൾ നിവൃത്തിയുണ്ടെങ്കിൽ ഒരു സ്ത്രീയും പരാതിപ്പെടാൻ മുന്നോട്ടു വരികയില്ല. എന്നിട്ടും ആരെങ്കിലും പരാതികളുമായി മുന്നോട്ടു വരുന്നുണ്ടെങ്കിൽ നീതിന്യായ വ്യവസ്ഥ മാത്രമേ ആശ്രയിക്കാനുള്ളു എന്ന നിസ്സഹായത കൊണ്ടു കൂടിയാണ്. മുറിവേറ്റു പോയ സ്വന്തം വ്യക്തിത്വത്തെ ആഘാതത്തിൽ നിന്ന് കരകയറ്റാനും കുറ്റവാളികൾ സമൂഹത്തിനു മുന്നിൽ തുറന്നു കാട്ടപ്പെടണം, നിയമപരമായ വിചാരണ പ്രക്രിയകളിലൂടെ കടന്നു പോകണം എന്ന ആഗ്രഹം നടപ്പാക്കാനുമുള്ള വഴിയാണത്. പ്രതിസ്ഥാനത്ത് നിൽക്കുന്ന പുരുഷൻ ആൾബലം കൊണ്ടും സാമൂഹ്യ സാമ്പത്തികാധികാരം കൊണ്ടും ഇരയേക്കാൾ പ്രബലനാണിവിടെ. പരാതിപ്പെട്ട സ്ത്രീകളെ കുറ്റപ്പെടുത്താനും ഉപദേശിക്കാനും ഫെമിനിസ്റ്റുകൾ എന്ന് അറിയപ്പെടുന്നവർ തന്നെ മുന്നിൽ വന്ന് ആരോപണ വിധേയനായ പുരുഷനു വേണ്ടി സംസാരിക്കുമ്പോൾ അതിജീവിതകൾക്കുണ്ടാകുന്ന മാനസിക സമ്മർദ്ദങ്ങളും സംഘർഷവും എത്ര കടുത്തതാണ്! ഇത്തരം അതീവ സംഘർഷത്തിനുള്ളിലും ഉറച്ച് നിന്ന്, മുഖമില്ലാതെ, പേരില്ലാതെ പോരാടുന്ന അതിജീവിതകളാണ് ഈ കേസിൽ മുന്നിൽ നിൽക്കുന്നത്. അവർ സിവിക് അനുകൂല ഫെമിനിസ്റ്റുകളോട് തങ്ങളുടെ അനുഭവങ്ങൾ പലപ്പോഴായി മാധ്യമങ്ങളിലൂടെ എടുത്തുപറഞ്ഞുകൊണ്ടിരിക്കുകയാണ്. അവർ കടുത്ത സമ്മർദ്ദമുണ്ടാക്കുന്നതു കൊണ്ടു മാത്രം. സിവിക് ചന്ദ്രനെതിരെയുള്ള അതിജീവിതമാരുടെ കേസുകൾ നടത്തുന്നതിനൊപ്പം സിവിക് അനുകൂല ഫെമിനിസ്റ്റുകളെക്കൂടി പ്രതിരോധിക്കാൻ നിർബ്ബന്ധിതരായിക്കൊണ്ടാണ് അതിജീവിതകൾക്കൊപ്പം നിന്ന് പിന്തുണക്കാൻ കേരളത്തിലെ വലിയൊരു വിഭാഗം ഫെമിനിസ്റ്റുകളുടെ കൂട്ടായ്മ രൂപപ്പെട്ട് ഇപ്പോൾ പ്രവർത്തിക്കുന്നത്.

### പാഠഭേദം ഐ സി സി എന്ന സ്ത്രീവിരുദ്ധ അന്വേഷണ കമ്മറ്റിയുടെ പങ്ക്

പാഠഭേദം എഡിറ്റർ ആയ മൃദുലാദേവിയുടെ മുൻകയ്യിൽ പാഠഭേദം നൈതിക വേദി രൂപീകരിച്ച അന്വേഷണ കമ്മറ്റിയാണ് യഥാർത്ഥത്തിൽ ഈ കേസിനെ ഈ വിധം പോലീസിലും കോടതിയിലും എത്തിച്ചത് എന്നാണ് ഒന്നാമത്തെ കേസിലെ അതിജീവിതയുടെ വെളിപ്പെടുത്തലുകളിലും അനുഭവങ്ങളിലും അടങ്ങുന്ന വസ്തുതകൾ വിലയിരുത്തുമ്പോൾ വെളിപ്പെടുന്നത്. പി ഇ ഉഷ, മൃദുലാദേവി, ഡോ. ഖദീജ മുംതാസ് എന്നീ മൂന്നു ഫെമിനിസ്റ്റുകൾ അടങ്ങിയതായിരുന്നു ആ കമ്മറ്റി. അവരുടെ തെളിവെടുപ്പുകളും അന്വേഷണ രീതികളും തീർപ്പുകളും അതിജീവിതക്ക് എതിരും സിവി




ക് ചന്ദ്രന് അനുകൂലവുമായിരുന്നു. അതിൽ വേദനിച്ചും പ്രതിഷേധിച്ചും നീതി തേടിയാണ് അതിജീവിത പോലീസിൽ പരാതി കൊടുക്കുന്നത്. ഈ മൂന്നു പേരുടെ കമ്മറ്റി അതിജീവിതയുടെ അനുഭവങ്ങളെ കൃത്യമായി കേൾക്കുകയും തെളിവുകൾ ശേഖരിക്കുകയും വിലയിരുത്തുകയും ചെയ്തിരുന്നെങ്കിൽ ഈ കേസ് കോടതിയിൽ എത്തുമായിരുന്നില്ല എന്ന് സാരം. അതിനാൽ പൊറുക്കൽ നീതിയെക്കുറിച്ച് അക്കാദമിക് ഗവേഷകയുടെ ഉപദേശങ്ങളും തെറിവിളികളും ശാപങ്ങളും അസ്ഥാനത്താണ്. യഥാർത്ഥത്തിൽ അവർ ശകാരിക്കേണ്ടത് ഐ സി സി അംഗങ്ങളായ സ്വന്തം സുഹൃത്തു

ക്കളെയാണ്.

ഈ വിധം അനീതി ചെയ്തു എന്നു മാത്രമല്ല, പാഠഭേദം ഐ സി സി എന്ന പേരിൽ ഉണ്ടാക്കിയിരുന്നത് പോഷ് നിയമപ്രകാരമുള്ളതല്ല എന്ന സത്യം ആ കമ്മറ്റിയെക്കുറിച്ച് കേസിന്റെ ഭാഗമായി അതിജീവിതയുടെ അഡ്വക്കേറ്റുമാർ പരിശോധിക്കുമ്പോഴാണ് അതിജീവിതയും ഒപ്പമുള്ളവരും മനസസിലാക്കുന്നത്. ആ കമ്മറ്റിയിലെ ഒരംഗമായ പി ഇ ഉഷ സ്വന്തം ജീവിതത്തിൽ സമാനമായ ഒരു കേസിലൂടെ കടന്നു വന്ന ഒരു സ്ത്രീ മാത്രമല്ല, ഇത്തരം നിയമങ്ങൾ പഠിച്ചിരിക്കേണ്ടുന്ന ഉത്തരവാദിത്വമുള്ള പദവികളിൽ ജോലി ചെയ്ത ഫെമിനിസ്റ്റ് കൂടിയാണ്. സ്ഥാപനത്തിന്റെ മേലധികാരിക്കെതിരെയുള്ള പരാതിയിൽ ഇത്തരം കമ്മറ്റി ഉണ്ടാക്കാൻ പാഠഭേദത്തിന് അധികാരമില്ല എന്ന് ഉപദേശിക്കാൻ അവർ ശ്രമിച്ചിട്ടില്ല. സിവിക്കിനോടും പാഠഭേദത്തോടുമുള്ള അടുപ്പത്തിന്റെ പേരിൽ കോംപ്രമൈസ് ചെയ്യാവുന്ന കാര്യമാണോ സ്ത്രീനീതിക്കു വേണ്ടി നിരവധി കാലത്തെ പോരാട്ടങ്ങൾക്കു ശേഷം രാജ്യത്തുണ്ടായിട്ടുള്ള നിയമം? നിയമവിരുദ്ധമായ ആ കമ്മറ്റിയുടെ അദ്ധ്യക്ഷ ആരായിരുന്നു? അതിൽ ആരായിരുന്നു നിയമ വിദഗ്ദ്ധ? ഒരു മുറിയിൽ നടന്ന സെക്ഷ്വൽ ഹരാസ്മെന്റിന് ഇരയോട് തെളിവു ചോദിക്കുന്നതിലെ ലിംഗനീതി ധാർമ്മികത എന്തായിരുന്നു? ഹഗ് ചെയ്തിട്ടുണ്ട് എന്ന് സിവിക് ചന്ദ്രൻ പറഞ്ഞതു കൊണ്ടു മാത്രം, 'ബാഡ് ടച്ചിന്' ശിക്ഷയായി പാഠഭേദം അംഗങ്ങളും ഐ സി സി എന്ന പേരിൽ രൂപീകരിച്ച കമ്മറ്റി അംഗങ്ങളും പരാതിക്കാരിയും ഒരുമിച്ചിരുന്ന് സിവിക് ചന്ദ്രൻ അതിജീവിതയോട് മാപ്പ് പറഞ്ഞാൽ മതി എന്ന പരിഹാരം എന്തു തരം ഫെമിനിസ്റ്റ് നീതിബോധമാണ്? തുടങ്ങിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ സിവിക് പക്ഷത്തു നിൽക്കുന്ന ഫെമിനിസ്റ്റുകൾ സമൂഹത്തോട് പറയേണ്ടതുണ്ട്. എന്തായാലും നിയമവിരുദ്ധമായ ആ അന്വേഷണകമ്മറ്റിക്കും റിപ്പോർട്ടിനും എതിരെ ദലിത് അതിജീവിതക്കു വേണ്ടി ലേബർ കമ്മീഷണർക്ക് അപ്പീൽ നൽകിയിട്ടുണ്ട്. ഇവിടെ ചോദിച്ചതിലേറെയധികം പിഴവുകൾ ആ കമ്മറ്റി നടത്തിയിട്ടുണ്ട്.

കാരണം, ഐ സി സി എന്ന കള്ളപ്പേരിൽ ഉണ്ടാക്കിയ ഈ കമ്മറ്റിയുടെ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കിയതിന്റെ പേരിൽ ഉണ്ടായ സ്ത്രീവിരുദ്ധ ജാമ്യവിധി വലിയ ആഘാതമാണ് സ്ത്രീ സമൂഹത്തിനുണ്ടാക്കിയിട്ടുള്ളത്. ആ റിപ്പോർട്ട് നിയമപരമാണെന്നു കരുതി, ആ അന്വേഷണം സത്യസന്ധമാണെന്നു കരുതി, പി ഇ ഉഷ പരാതിക്കാരിക്കെതിരായി നിൽക്കില്ല എന്നു കരുതി കേരളത്തിലെ ഒരു ഫെമിനിസ്റ്റ് ഗ്രൂപ്പ് സിവിക് ചന്ദ്രൻ കേസിലെ ദലിത് വിഭാഗത്തിൽ നിന്നുള്ള അതിജീവിതക്കു വേണ്ടി പരസ്യമായി നിലകൊള്ളാതെ ഇപ്പോഴും മാറി നിൽക്കുന്നുണ്ട്. അവർ വിശ്വസിക്കുന്നത് പി ഇ ഉഷ പറയുന്നതു മാത്രമാണ്. എന്തിനാണ് ഈ കേസിൽ ഇത്രയും ബഹളം എന്നതാണ് അവരുടെ സംശയം. സിവിക് ചന്ദ്രൻ സി പി എം വിരുദ്ധനായതുകൊണ്ടാണ് ഈ ബഹളം എന്നതാണ് പ്രചരിപ്പിക്കപ്പെട്ടിരിക്കുന്ന, വിശ്വസിപ്പിച്ചിരിക്കുന്ന കള്ളം. യഥാർത്ഥത്തിൽ സിവിക് ചന്ദ്രൻ സി പി എം വിരുദ്ധനാണോ എന്നതല്ല, മറിച്ച് അയാൾ കേരളത്തിന്റെ സാംസ്ക്കാരിക രംഗത്ത് വലിയ വേരുകളുള്ള പുരുഷനും എഴുത്തുകാരനും പുരോഗമന പ്രസിദ്ധീകരണമെന്ന് അവകാശപ്പെടുന്ന പ്രസിദ്ധീകരണത്തിന്റെ പ്രസാധകനും എഡിറ്ററുമാണ് എന്നതാണ് അതിജീവിതക്ക് നീതി കിട്ടാനുള്ള പ്രസ്താവനകളും പ്രതികരണങ്ങളും അതിശക്തമായി ഉയരുന്നതിനിടയാക്കിയത്. മാത്രവുമല്ല, അതിജീവിതക്ക് നീതി ആവശ്യപ്പെടുമ്പോൾ, പൊറുക്കൽ നീതിവാദം ഉയർത്തിയവരും അതിനെ പിന്തുണച്ചവരുമാണ് രംഗം കൂടുതൽ ശബ്ദായമാനമാക്കാൻ കാരണക്കാരായത്. ഫെമിനിസ്റ്റ് രാഷ്ട്രീയബോധത്തെ ചതിച്ച് സിവിക് ചന്ദ്രനെ പിന്തുണ

**സിവിക്ച്ചന്ദ്രൻ അതിജീവിതയോട് മാപ്പ് പറഞ്ഞാൽ മതി എന്ന പരിഹാരം എന്തു തരം ഫെമിനിസ്റ്റ് നീതിബോധമാണ്? തുടങ്ങിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ സിവിക്പക്ഷത്തു നിൽക്കുന്ന ഫെമിനിസ്റ്റുകൾ സമൂഹത്തോട് പറയേണ്ടതുണ്ട് എന്തായാലും നിയമവിരുദ്ധമായ ആ അന്വേഷണകമ്മറ്റിക്കും റിപ്പോർട്ടിനും എതിരെ ദലിത് അതിജീവിതക്കു വേണ്ടി ലേബർ കമ്മീഷണർക്ക് അപ്പീൽ നൽകിയിട്ടുണ്ട് ഇവിടെ ചോദിച്ചതിലേറെയധികം പിഴവുകൾ ആ കമ്മറ്റി നടത്തിയിട്ടുണ്ട്**



ക്കേണ്ടതില്ല എന്നു വിചാരിച്ചാൽപ്പോലും പി ഇ ഉഷയെ വിശ്വസിക്കേണ്ടതുണ്ട്, കൂടെ നിൽക്കേണ്ടതുണ്ട് എന്ന മുൻഗണനകളും പരിഗണനകളും ഈ കേസിൽ ആ സംഘടനയിലെ ഫെമിനിസ്റ്റുകളെ സ്വാധീനിച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ പി ഇ ഉഷക്കാണ് അതിജീവിതയേക്കാൾ കൂടുതൽ വിശ്വാസ്യത അവർക്കിടയിൽ കിട്ടിയത്. അതുകൊണ്ടാണ് ഇതിൽ ജാതിയും സാമൂഹ്യ പ്രിവിലേജും പ്രവർത്തിക്കുന്നുണ്ട് എന്ന് അതിജീവിത തുറന്ന് വിമർശിക്കുന്നത്. ദലിത് വിഭാഗത്തിൽ നിന്നുള്ള അതിജീവിത വിദ്യാസമ്പന്നയും എഴുത്തുകാരിയുമാണ് അവളുടെ ബൗദ്ധികതയും വിശകലനബുദ്ധിയും നേരനുഭവങ്ങളും പോരാട്ടത്തിനായുള്ള നിശ്ചയ ദാർഢ്യവുമാണ് ഈ കേസിൽ സിവിക്പക്ഷ ഫെമിനിസ്റ്റുകളുടെ ദലിത് സ്ത്രീവിരുദ്ധതയുടെ തനി നിറം പുറത്തു കൊണ്ടു വന്നത്. ഇന്റർസെക്ഷണൽ ഫെമിനിസത്തിൽ സവർണ്ണയായ, മുൻകാലത്ത് നീതിക്കായി പോരാടിയ അതിജീവിതക്കും ഇപ്പോൾ പ്രബലനായ  പുരുഷനെതിരെ പൊരുതുന്ന ദലിതയായ അതിജീവിതക്കും ലഭിക്കേണ്ടതായ നീതിയുടെ മാനദണ്ഡങ്ങളെക്കുറിച്ചും മുൻഗണയെക്കുറിച്ചും അവൾക്കറിയാം.

### സിവിക് ചന്ദ്രന് മുൻകുർ ജാമ്യം നൽകിയ സെഷൻസ് കോടതി വിധി

കുറ്റാരോപിതർക്ക് ജാമ്യം ലഭിക്കാനുള്ള മനുഷ്യാവകാശം ഇന്ത്യൻ നിയമ വ്യവസ്ഥയിലുണ്ട്. അതിനാരും എതിരല്ല. എന്നാൽ, സിവിക് ചന്ദ്രന് മുൻകൂർ ജാമ്യം നൽകിയ കോഴിക്കോട് സെഷൻസ് കോടതി വിധിയിൽ പറയുന്ന കാരണങ്ങൾ അതിജീവിതമാരുടെ നീതിക്കു വേണ്ടിയുള്ള സമരത്തെ തകർക്കും വിധത്തിലുള്ളതാണ്. എസ്.സി/എസ്.ടി നിയമത്തെ തന്നെ ഇല്ലാതാക്കുന്ന തരത്തിലുള്ള, രാജ്യമാകെ വലിയ എതിർപ്പുകളും പ്രക്ഷോഭങ്ങളും വിളിച്ചു വരുത്തിയതും സർക്കാരിനെ നിയമപരമായ ഇടപെടൽ നടത്താൻ സമ്മർദ്ദത്തിലാക്കിയതുമായ ഒരു കോടതിവിധിയെ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് എസ്.സി/എസ്.ടി പീഡനവകുപ്പിൽ നിന്ന് സിവിക് ചന്ദ്രനെ ഒഴിവാക്കിക്കൊടുക്കുന്നത്. എസ്.എസ്.എൽ.സി. ബുക്കിൽ ജാതിപ്പേരു വെക്കാത്ത, ജാതിരഹിത സമൂഹത്തിനായി പ്രവർത്തിക്കുന്ന എഴുത്തുകാരനും ആക്ടിവിസ്റ്റുമായ സിവിക് ചന്ദ്രൻ ഒരു ദലിത് സ്ത്രീയോട് മോശമായി പെരുമാറില്ല എന്നാണ് കോടതി പറയുന്നത്! ബാവ്റിദേവി കേസിൽ 1995 ലെ പ്രമാദമായ സെഷൻസ് കോടതി വിധി പോലുള്ള ഒന്നാണ് 2021 ൽ കേരളത്തിൽ നിന്നുണ്ടാകുന്നത് എന്നത് നടുക്കമുണ്ടാക്കുന്ന കാര്യമാണ്.

പരാതി കൊടുത്തതിലെ കാലതാമസമാണ് ഈ പരാതി വിശ്വാസയോഗ്യമല്ലെന്ന് പറഞ്ഞ് തള്ളിക്കളയാനുള്ള മറ്റൊരു കാരണം. പരാതി കൊടുക്കാൻ രണ്ടു മാസത്തിലധികം കാലതാമസം ഈ കേസിലുണ്ടായിട്ടുണ്ട്. എന്നാൽ രണ്ടു മാസമല്ല, രണ്ടു വർഷമോ നാലു വർഷമോ അതിലധികമോ കാല

> **അതിജീവിതക്ക്നീതി ആവശ്യപെടുമ്പോൾ, പൊറുക്കൽ നീതിവാദം ഉയർത്തിയവരും അതിനെ പിന്തുണച്ചവരുമാണ്ംഗം കൂടുതൽ ശബ്ദായമാനമാക്കാൻ കാരണക്കാരായത് ഫെമിനിസ്റ്റ്രാഷ്ട്രീയ ബോധത്തെ ചതിച്ച്സിവിക്ചന്ദ്രനെ പിന്തുണക്കേണ്ടതില്ല എന്നു വിചാരിച്ചാൽപ്പോലും പി ഇ ഉഷയെ വിശ്വസിക്കേണ്ടതുണ്ട് കൂടെ നിൽക്കേണ്ടതുണ്ട്എന്ന മുൻഗണനകളും പരിഗണനകളും ഈ കേസിൽ ആ സംഘടനയിലെ ഫെമിനിസ്റ്റുകളെ സ്വാധീനിച്ചിട്ടുണ്ട് ചുരുക്കിപറഞ്ഞാൽ പി ഇ ഉഷയ്ക്കാണ്അതിജീവിതയേക്കാൾ കൂടുതൽ വിശ്വാസ്യത അവർക്കിടയിൽ കിട്ടിയത്അതുകൊണ്ടാണ് ഇതിൽ ജാതിയും സാമൂഹ്യ പ്രിവിലേജും പ്രവർത്തിക്കുന്നുണ്ട്എന്ന്അതിജീവിത തുറന്ന് വിമർശിക്കുന്നത്**



താമസം പരാതിപ്പെടാനുണ്ടായിട്ടുണ്ടെങ്കിലും സ്ത്രീകൾ പുറത്തു വരുന്നത്, പരാതിപ്പെടുന്നത് എന്തെല്ലാം തടസ്സങ്ങളെ അതിജീവിച്ചു വന്നിട്ടാണെന്ന് മനസ്സിലാക്കണമെന്ന നീതിബോധം ജെന്റർ ജസ്റ്റിസ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നിയമ വ്യവഹാരത്തിലുണ്ട് അത്തരം കാഴ്ചപ്പാട് നീതിബോധം ഇവിടെ പാടേ തമസ്ക്കരിക്കപ്പെട്ടു.

മറ്റൊരു പരാമർശം പരാതിക്കാരിയുടേയും കുറ്റാരോപിതന്റേയും ഉയരവുമായി താരതമ്യം ചെയ്ത് ഇത്തരത്തിലൊരു ലൈംഗിക കുറ്റം ചെയ്തിരിക്കാൻ സാധ്യതയില്ല എന്നതാണ് ഇതൊരു കോടതിവിധി തന്നെയോ എന്ന് അമ്പരന്നു പോകുന്ന തരം തുടർ കാരണങ്ങളാണ് അതു സംബന്ധിച്ച് വിവരിച്ചിട്ടുള്ളത്. പരാതിക്കാരിക്ക് ആരോപണവിധേയനേക്കാൾ ആരോഗ്യമുണ്ടെന്നും പ്രായക്കുറവുണ്ടെന്നും സൂചിപ്പിച്ച് കുറ്റം നടന്നിരിക്കാനിടയില്ല എന്ന് നിഗമനം നടത്തുന്നു. പ്രഥമദൃഷ്ട്യാ കേസ് ഉണ്ടോ എന്ന് പരിഗണിക്കേണ്ട കോടതി പരാതിക്കാരിയുടേയും കുറ്റരോപിതന്റേയും ഉയരത്തെ അളന്നു നോക്കിയിട്ടല്ല, സങ്കല്പിച്ചു കൊണ്ടാണ്, അതേ സമയം വിചാരണ നടത്തിയതു പോലെയാണ് ജാമ്യവിധി പറഞ്ഞിരിക്കുന്നത്.

മുൻകൂർ ജാമ്യാപേക്ഷ തള്ളാതിരിക്കുന്നതിന് മറ്റൊരു കാരണമായി പറഞ്ഞിട്ടുള്ളത് പോലീസിൽ കേസ് കൊടുക്കുന്നതിനു മുമ്പ് മൂന്നു സ്ത്രീകൾ ( മുകളിൽ സൂചിപ്പിച്ച കമ്മറ്റി അംഗങ്ങൾ) മാത്രമുള്ള കമ്മറ്റി ഈ പരാതി അന്വേഷിക്കുകയും അതിൽ തെളിവുകൾ ഇല്ലെന്ന് കണ്ടെത്തുകയും അതിനാൽ കുറ്റാരോപിതന് ജാമ്യം നൽകുന്നു എന്നുമാണ്. അക്ഷരാർത്ഥത്തിൽ ഐ.സി.സി. അന്വേഷണത്തെ ഉപജീവിച്ച് സിവിക് ചന്ദ്രനെ കുറ്റവിമുക്തനാക്കുന്നതു പോലെയുള്ള സ്വരമാണ് ഈ ജാമ്യ വിധിയിലുള്ളത്

### അതിജീവിതമാർക്കൊപ്പം ഫെമിനിസ്റ്റ് മുന്നേറ്റം തുടരുകയാണ്

കേരളത്തിൽ സംഘടിതമായ ഫെമിനിസ്റ്റ് സമരങ്ങൾ ധാരാളമായി നടന്ന കാലഘട്ടം ആയിരത്തി തൊള്ളായിരത്തി എൺപതുകളിലും തൊണ്ണൂറുകളിലമായിരുന്നു. ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ ആദ്യ ദശകത്തിന്റെ പകുതി വരെയും അതിന്റെ സജീവതകൾ പല രൂപത്തിൽ ഉണ്ടായിട്ടുണ്ട്. കാൽ നൂറ്റാണ്ടു കാലം പ്രധാനമായും സ്ത്രീധന പീഡന മരണങ്ങൾ, ബലാത്സംഗ കൊലപാതകങ്ങൾ, കൂട്ടബലാൽസംഗക്കേസുകൾ എന്നിങ്ങനെ സമൂഹത്തിനുള്ളിൽ വലിയ പൊട്ടിത്തെറികളുണ്ടാക്കിയ ചില കേസുകളിൽ ഇടപെട്ടുകൊണ്ടായിരുന്നു അംഗങ്ങൾ കുറവായിരുന്ന ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ അധികമായ സമയവും അദ്ധ്വാനവും ഊർജ്ജവും ചെലവഴിച്ചിട്ടുള്ളത്. തങ്കമണി മുതൽ സൂര്യനെല്ലി, വിതുര, കോഴിക്കോട്, കോതമംഗലം തുടങ്ങി ഇനിയും നിരവധിയായ സ്ഥലനാമങ്ങൾ ഇപ്പോൾ അറിയപ്പെടുന്നത് അവിടെയെല്ലാം പ്രമാദമായ ലൈംഗിക ആക്രമണ കേസുകളിലെ ഇരകളായ സ്ത്രീകളും പെൺകുട്ടികളും ഉണ്ട് എന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ്.

ലൈംഗിക പീഡന സമരങ്ങൾ എല്ലാം വിജയിച്ചിട്ടില്ല. കുറ്റകൃത്യങ്ങൾ നടത്തിയവർ ഇപ്പോഴും രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളായും മന്ത്രിയായും എം എൽ എ ആയും എം പിയായും സിനിമാ നടനായും വക്കീലായും വ്യവസായിയായും ഒക്കെ സമൂഹത്തിനു മുന്നിൽ വിജയികളെപ്പോലെ ജീവിക്കുന്നുണ്ട്. എന്നാൽ ആ സമരങ്ങൾ സ്ത്രീകളുടെ ചിന്തകളിൽ ഉണർത്തിവിട്ട വലിയ സ്വാതന്ത്ര്യബോധവും അനീതിക്കെതിരെ ശബ്ദിക്കാനുള്ള ധൈര്യവും വളരെ വലുതാണ്. അടിമുടി പുരുഷാധിപത്യ വ്യവസ്ഥയുടെ തൂണുകളിൽ നിലനിൽക്കുന്ന സ്ഥാപനങ്ങൾ, കുടുംബം, മതങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, രാഷ്ട്രീയപ്പാർട്ടികൾ, സർക്കാരുകൾ, പോലീസ്, കോടതികൾ, മാധ്യമങ്ങൾ – എല്ലാം സദാ സ്ത്രീപക്ഷത്തു നിന്ന് നിരീക്ഷിക്കപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്യുന്ന ഒരു ജാഗ്രതയുടെ കാലം കേരളത്തിലും ഉണ്ടായിവന്നു. ഇതെല്ലാം ഇന്ത്യയുടെ മറ്റെല്ലാ സംസ്ഥാനങ്ങളിലും നടക്കുന്നുണ്ടായിരുന്നു. കേരളത്തിൽ പൊതുവായും സവിശേഷമായും നടന്ന നവോത്ഥാന സമരങ്ങളുടേയും ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളുടേയും കർഷക വിപ്ലവ സമരങ്ങളുടേയും ഭാഗമായും എപ്പോഴും സ്ത്രീകളുടെ ബൗദ്ധികമായ ചിന്താധാരകൾ സവിശേഷമായി ഉണ്ടായിരുന്നു എന്നതിന്റെ ചരിത്രപരമായ സ്വാധീനശക്തി എൺപതുകളിലെ ഫെമിനിസ്റ്റ് സംഘടനകളുടെ രൂപപ്പെടലുകളിലും കാണാനാവും. ആ ചിന്താധാരകളുടെ ഏറ്റവും വൈവിദ്ധ്യമുള്ളതും എല്ലാ സാമൂഹ്യ വിഭാഗത്തിലും ജെന്റർ ഐഡന്റിറ്റികളിലും ഉൾപ്പെട്ടതുമായ ഫെമിനിസ്റ്റുകൾ അതിജീവിതക്കൊപ്പം ഒരുമിച്ചു നിൽക്കുന്ന, അതിജീവിതകൾ നേതൃത്വപരമായ പങ്ക് വഹിക്കുന്ന ലിംഗനീതി സമരമാണ് 2022 ൽ സിവിക് ചന്ദ്രൻ ലൈംഗിക പീഡന കേസിൽ കേരളത്തിൽ നടക്കുന്നത് എന്നത് തീർച്ചയായും കൂടുതൽ പഠിക്കേണ്ടതും വിശകലനം ചെയ്യേണ്ടതുമായ ആവേശകരമായ സ്ത്രീമുന്നേറ്റമാണ്.



ചർച്ചാവിഷയം

# ക്യാമ്പസിലെത്താവുന്ന മീറ്റൂ അഥവാ കാവ്യനീതി



മൈന ഉമൈബാൻ
എഴുത്തുകാരി

ഗവേഷണ മാർഗ്ഗദർശിയെ തേടി നടന്ന കാലത്ത് 'ചരിത്രമൊക്കെ മനസ്സിലാക്കി വേണം തീരുമാനമെടുക്കാൻ' എന്ന് പലരും മുന്നറിയിപ്പ് നൽകി. പഠിക്കാൻ പോകുന്ന വിഷയത്തിന്റെ ചരിത്രത്തെക്കുറിച്ചല്ല അവർ പറഞ്ഞത്. മാർഗ്ഗദർശിയുടെ മുൻകാലത്തെക്കുറിച്ചാണ്. വിദ്യാർത്ഥിനികളോടുള്ള ഇടപെടലിനെപ്പറ്റിയാണ്.

മുമ്പേ തന്നെ പല അനുഭവകഥകളും കേട്ടിട്ടുണ്ട്. അതിജീവിതകളിൽ നിന്ന് നേരിട്ട് തന്നെ.

ജീവിതത്തിലെ മറക്കാനാകാത്ത ഒരു സംഭവം എഴുതാൻ പറഞ്ഞപ്പോൾ ഒരു പെൺകുട്ടി അധ്യാപകനിൽ നിന്ന് തനിക്ക് നേരിട്ട ദുരനുഭവമാണ് വിവരിച്ചത്. രണ്ടോ മൂന്നോ വർഷം മുമ്പ് നടന്ന സംഭവം അവളിന്നും ഉൾക്കിടിലത്തോടെ മാത്രം ഓർക്കുന്നു. അവസാനം ഭ്രാന്താണവൾക്കെന്ന് പറഞ്ഞു ഞു പരത്തി കുറ്റവാളിയായ അധ്യാപകൻ. അവളെഴുതിയ കുറിപ്പ് ഇന്നും ഞാൻ സൂക്ഷിച്ചിട്ടുണ്ട്.

'ഇന്റേണൽ മാർക്ക് പേടിച്ചിട്ടാ തുറന്നു പറയാതിരുന്നത്' എന്ന് മറ്റൊരു പെൺകുട്ടി പറഞ്ഞിട്ടുണ്ട്. എന്തും വരട്ടെയെന്ന് വിചാരിച്ച് തുറന്നു പറഞ്ഞപ്പോൾ അധ്യാപകരെല്ലാം ഒറ്റക്കെട്ടായി എന്ന് മറ്റൊരുവൾ പറഞ്ഞു. വിനോദയാത്ര പോകുമ്പോൾ അധ്യാപകൻ അടുത്ത് വന്നിരുന്നതും കെട്ടിപ്പിടിച്ചതും ഉമ്മ വെയ്ക്കാൻ ശ്രമിച്ചതും അവളുടെ മായക്കാഴ്ചയായി മാറ്റിക്കളഞ്ഞു അപ്പോഴേക്കും. മാഷിന്റെ ഭാവി, കുടുംബം അവരെ വിചാരിച്ചെങ്കിലും പരാതിയിൽ നിന്ന് പിന്മാറണമെന്ന് പറഞ്ഞു വന്ന എത്രയോ പേർ...

ഫീൽഡ്സ്റ്റഡിക്ക് ഒറ്റയ്ക്ക് പോകാം, ഒരുമിച്ച് മുറിയെടുത്ത് നില്ക്കാം എന്നു പറഞ്ഞ മാർഗ്ഗദർശിയെ കേൾക്കാഞ്ഞതിന് പിന്നെ, അവൾക്കായി കുറ്റം. എഴുതാൻ കഴിവില്ല, ഭാഷയറിയില്ല, ഒന്നും പോരാ.. പോരാ... പ്രബന്ധം പലവട്ടം മാറ്റിയെഴുതിപ്പിക്കുന്നു.

ആഗോളതലത്തിൽ തന്നെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ലൈംഗിക അതിക്രമം വലിയ പ്രശ്നമാണെന്ന് പഠനങ്ങൾ പറയുന്നു.

സർട്ടിഫിക്കറ്റ് കൃത്യ സമയത്ത് ലഭിക്കണമെന്ന് കരുതി, ഇന്റേണൽ മാർക്ക് കുറഞ്ഞ് പോകരുതെന്ന് കരുതി, പുറത്തറിയിച്ചാൽ പിന്നീട് ഉപദ്രവിക്കുമോ എന്ന് ഭയന്നുമൊക്കെയാണ് പല പെൺകുട്ടികളും തങ്ങൾക്ക് നേരേ നടന്ന ലൈംഗിക അതിക്രമത്തെപ്പറ്റി മറച്ചു വെയ്ക്കാൻ ശ്രമിക്കുന്നത്. അതവരെ വലിയ മാനസികാഘാതത്തിൽ കൊണ്ടു ചെന്നെത്തിക്കുന്നു. പിന്നീടുള്ള ജീവിതത്തെ സാരമായി ബാധിക്കുന്നു.

വിദ്യാർത്ഥികൾക്ക് മാത്രമല്ല, പ്രശ്നം അധ്യാപികമാർക്കുമുണ്ട്. സഹപാഠികളിൽ നിന്നുമുണ്ടാകുന്നുണ്ട്. ലൈംഗിക അതിക്രമം എന്നു കേൾക്കുമ്പോൾ അതിനെ സ്വയം നിർവ്വചിക്കുന്നവരാണ് പലരും. നോക്കിലോ, വാക്കിലോ, പ്രവൃത്തിയിലോ പീഡിപ്പിക്കപ്പെടാം എന്നറിയുന്നില്ല. കൃത്യമായ അവബോധം ഉണ്ടാവുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

പരാതിപ്പെട്ടാലും പരിഹരിക്കപ്പെടുന്നില്ല എന്നതാണ് ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രശ്നം. അതിന് പല കാരണങ്ങളുണ്ട്. ലൈംഗിക അതിക്രമ സാധാരണവത്ക്കരണം, വിഷലിപ്തമായ അക്കാദമിക ആൺകോയ്മ സംസ്കാരം, നിശബ്ദ സംസ്ക്കാരം, ആർജ്ജവമുള്ള നേതൃത്വത്തിന്റെ അഭാവം എന്നിവയെല്ലാം തുറന്നു പറച്ചിലിനെ തടയിടുന്നവയാണ്.

സഹസ്രാബ്ദങ്ങളായി അടിമയായി ജീവിച്ചവൾ അത്ര എളുപ്പമൊന്നും നവീകരിക്കപ്പെടില്ല. തിരിച്ചും, കാലങ്ങളായി ആൺകോയ്മയുടെ മിടുക്ക് കാണിച്ചവർ എളുപ്പത്തിൽ സംസ്ക്കരിക്കപ്പെടുന്നുമില്ല. ആത്മസംയമനം, സഹവർത്തിത്വം, പാരസ്പര്യം, കരുണ എന്നിങ്ങനെയുള്ള മൂല്യങ്ങൾ പഠിച്ചു വരുന്നേയുള്ളൂ. ആധുനിക മനുഷ്യൻ എന്നു പറയുമ്പോഴും സംസ്കാരത്തിലൂടെ ആർജ്ജിച്ചെടുത്ത ശീലങ്ങൾ ഒരു നിമിഷത്തിൽ തകർന്നു പോകാവുന്ന അവസ്ഥയിലാണുള്ളത് എന്ന് ഓരോ അനുഭവവും പഠിപ്പിക്കുന്നുണ്ട്.  അതുകൊണ്ടാണ് ചിലരെങ്കിലും 'എന്നോടിങ്ങനെയല്ല അയാൾ നിന്നോടെന്തുകൊണ്ട് ' എന്ന തരത്തിലുള്ള ചോദ്യങ്ങൾ ചോദിക്കുന്നത്. ലൈംഗിക അതിക്രമം ,പൊതുവെ തന്നേക്കാൾ ബലഹീനരോടാണ്. പുറത്ത് പറയില്ല എന്ന ധൈര്യത്തിൽ നിന്ന്...

അഭ്യന്തര പരാതി പരിഹാര കമ്മറ്റികളൊക്കെയുണ്ടെങ്കിലും തുറന്ന് പറച്ചിലിന് ഇപ്പോഴും ധൈര്യമായിട്ടില്ല. ഒരു പരിധി വരെ പരാതികൾ ശരിയായ വിധത്തിൽ പരിഹരിക്കപ്പെടുന്നുമില്ല. മാനസികവും സാമൂഹികവുമായി ഒറ്റപ്പെട്ടു പോകുന്നു അതിജീവിതകൾ അല്ലെങ്കിൽ ഇരയാക്കപ്പെട്ടവർ. ആജീവനാന്തം ശിക്ഷിക്കപ്പെടുന്നത് ഇരകളാണ്.

പരാതി പരിഹാര ഇടത്ത് നടക്കുന്നത് പേരിനൊരു ശാസന മാത്രമാവും, അല്ലെങ്കിൽ ക്ഷമാപണം. പുരുഷനായാൽ മതി – അധികാര കേന്ദ്രമാ



യിക്കഴിഞ്ഞു അവർ. അധികാര ലോകം മുഴുവൻ പലവിധ ന്യായീകരണങ്ങളോടെ പുരുഷനെ അനുകൂലിക്കുന്നു. ഇര കൂടുതൽ സമ്മർദ്ദത്തിന് അകപ്പെടുന്നു.

ലൈംഗികാതിക്രമം തടയുന്നതിന്, നിയമം അനുശാസിക്കുന്ന രീതിയിൽ പോകാൻ സാധിക്കണം. സ്ഥാപനങ്ങൾക്കുള്ളിലെ നവീകരണം ഫലപ്രദമാക്കണം. നിയമങ്ങൾ ധാരാളമുണ്ടെങ്കിലും വ്യവസ്ഥാപിത ലോകം അത്ര എളുപ്പമൊന്നും സ്ത്രീ സൗഹൃദാന്തരീക്ഷത്തെ പുൽകുകയില്ല. സ്ഥാപനങ്ങളാണെങ്കിൽ ലൈംഗികാതിക്രമം തടയുന്നതിനോ പരിഹരിക്കുന്നതിനോ ശ്രമിക്കുന്നതിനു പകരം ഈ വിഷയത്തെ അപൂർവ്വങ്ങളിൽ അപൂർവ്വം

ക്ക സ്ഥാപനങ്ങളിലെയും പ്രധാന ബോർഡുകളിൽ സ്ത്രീ പ്രാതിനിധ്യം കുറവാണെന്നതാണ്.

ഓരോ സ്ഥാപനവും ധീരമായ നിലപാടെടുക്കേണ്ടതുണ്ട്. ലൈംഗിക പീഡനം തടയുന്നതിനും പ്രതിരോധിക്കുന്നതിനും നിലവിലെ സംവിധാനങ്ങൾ പരിഷ്ക്കരിക്കേണ്ടതുമുണ്ട്. എല്ലാ വ്യക്തികളെയും തുല്യതയോടെ കാണാനും ബഹുമാനിക്കാനുമുള്ള തരത്തിലേക്ക് നമ്മുടെ ക്യാമ്പസുകൾ മാറേണ്ടതുണ്ട്. നിയമ സംവിധാനങ്ങൾ ഉറപ്പുതരുന്ന നീതി നേടിയെടുക്കേണ്ടതുണ്ട്. അതിനായി ഇച്ഛാശക്തി കാണിക്കേണ്ടതുണ്ട്.

ചലച്ചിത്ര-സാംസ്ക്കാരിക - സാഹിത്യ ലോകത്താണ് ഇപ്പോൾ 'മീറ്റൂ ' ശക്തിയാർജ്ജിച്ചിരി



എന്ന് പറഞ്ഞ് നിസ്സാരവത്ക്കരിക്കുകയാണ് ചെയ്യുന്നത്.

നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ പ്രത്യേകിച്ച് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ എഴുപതു ശതമാനവും പെൺകുട്ടികളാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ അവരെ ഭരിക്കുന്നത് മുപ്പത് ശതമാനത്തിനുള്ളിലുള്ളവർ. ന്യൂനപക്ഷമെന്ന് പറയുമ്പോഴും ശക്തി ആൺപക്ഷത്തിനു തന്നെയാകുന്നു. അധികാരസ്ഥാനങ്ങൾ ചോദിച്ചു വാങ്ങാൻ ഇന്നും നമ്മുടെ പെൺകുട്ടികൾക്കായിട്ടില്ല എന്നത് തന്നെ അതിക്രമത്തെയും അവർ സഹിച്ചു കൊള്ളും എന്നൊരു സന്ദേശം കൊടുക്കുന്നുണ്ട്. രസമെന്താണെന്നു വെച്ചാൽ, മി

ക്കുന്നത്. ക്യാമ്പസുകളിലേക്ക് വരാൻ അധിക സമയമെടുക്കില്ല. എവിടെയാണോ മറച്ചു വെച്ചത്, അത് തീർച്ചയായും പുറത്തുചാടും. കാലം ചില കാവ്യനീതികൾ ഒരുക്കി വെച്ചിട്ടുണ്ട്. അതുകൊണ്ട്, ആണഹന്തയുടെ മനഃശാസ്ത്രവുമായി നടക്കുന്നവരോട് ഒന്നേ പറയാനുള്ളൂ. ജാഗ്രത!

ക്യാമ്പസുകൾ കൂടുതൽ ജന്റർ സൗഹൃദപരമാക്കേണ്ടതുണ്ട്. ആൺകോയ്മ സംസ്ക്കാരത്തെ ഉടച്ചുവാർക്കേണ്ടതുണ്ട്. അതുവഴി സമത്വമുള്ള, സംസ്കാരമുള്ള ഒരു ക്യാമ്പസായി ഉയർത്താവുന്നതാണ് ഏത് സ്ഥാപനത്തെയും. നമ്മുടെ ക്യാമ്പസുകൾ കൂടുതൽ സ്ത്രീ സൗഹൃദമാക്കട്ടെ!

**ചർച്ചാവിഷയം**



ഡോ. സിസ്റ്റർ ജെസ്മി

# മതവും ലൈംഗികതയും: ഒരു വിചിന്തനം

ഇന്ത്യൻ ഭരണഘടനപ്രകാരം പ്രായപൂർത്തിയായ സ്ത്രീക്കും പുരുഷനും ഉഭയസമ്മതപ്രകാരം ലൈംഗികവേഴ്ച്ചയിലേർപ്പെടാൻ  സ്വാതന്ത്ര്യം ഉണ്ടെന്നത് ശരിയാണെങ്കിലും മതങ്ങളുടെ വീക്ഷണത്തിൽ വിവാഹപൂർവ്വ ലൈംഗികത നിഷിദ്ധമായി തന്നെ തുടരുന്നുണ്ട് എന്നതാണ് വസ്തുത. സെക്സ് പാപമാണ് എന്ന് പ്രത്യക്ഷമായി പഠിപ്പിക്കുന്നില്ലെങ്കിലും അതാണ് മതം വിവക്ഷിക്കുന്നത്. കഴുത്തിൽ താലി ചാർത്തപ്പെടുന്ന നിമിഷം വരെ, പ്രത്യേകിച്ച് സ്ത്രീയെ സംബന്ധിച്ചിടത്തോളം, പാപം ആയ പ്രവൃത്തി വിവാഹകർമ്മശേഷം കർത്തവ്യമായി മാറുന്നത് അംഗീകരിക്കാൻ ബുദ്ധിമുട്ട് ഉളവാകാതിരിക്കുമോ എന്ന സന്ദേഹം ഉടലെടുക്കുന്നു.

മനുഷ്യ സമൂഹത്തിന്റെ പരിണാമത്തെ അടയാളപ്പെടുത്തുന്ന, രാഹുൽ  സാംകൃത്യായൻ രചിച്ച  ''വോൾഗ മുതൽ ഗംഗ വരെ" എന്ന പ്രശസ്ത പുസ്തകപ്രകാരം മനുഷ്യചരിത്രത്തിന്റെ ആരംഭത്തിൽ നിലനിന്നിരുന്ന  മരുമക്കത്തായ വ്യവസ്ഥയിൽ സ്ത്രീ ആരിൽനിന്ന് ഗർഭം ധരിക്കുന്നു എന്നത് അപ്രസക്തവും അജ്ഞാത



വും ആകയാൽ പ്രസവിക്കുന്ന സ്ത്രീയെ തിരിച്ചറിയുന്ന സമൂഹവും, പിന്നീട് ശിശുവും, അവളെ അമ്മയായി അംഗീകരിക്കുന്നു. പിതാവ് ആരെന്ന് ആരും അറിഞ്ഞിരുന്നില്ല; അന്വേഷിച്ചിരുന്നുമില്ല. കുടുംബം എന്ന മനുഷ്യനിർമ്മിതവ്യവസ്ഥ അന്ന് സ്ഥാപിക്കപ്പെടാതിരുന്നതിനാൽ ലൈംഗികവിഷയത്തിൽ മൃഗസഹജമായ അഥവാ മനുഷ്യസഹജമായപ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. പിന്നീട് മുഖ്യമായി മതവും അതുവഴി സമൂഹവും കുടുംബവും ലൈംഗികതയ്ക്കു കടിഞ്ഞാണിട്ടുതുടങ്ങി.

പക്ഷേ ആദർശം പ്രസംഗിക്കുമെങ്കിലും ''വേലി തന്നെ വിളവു തിന്നുന്ന" ഗതികേടിലേക്ക് മതാധ്യക്ഷന്മാർ കൂപ്പു കുത്തുന്ന കാഴ്ചയാണ് എവിടെയും കണ്ടുവരുന്നത്. രഹസ്യമായി കട്ടു തിന്നുന്ന അതിദയനീയ സ്ഥിതിവിശേഷം ഇപ്പോൾ പരസ്യമായി പോലും ചെയ്യാനും അതിനെ നിരാകരിക്കുകയോ ന്യായീകരിക്കുകയോ ചെയ്തുകൊണ്ട് പുണ്യപരിവേഷത്തിന്റെ മൂടുപടം അണിഞ്ഞു തുടരാനും മുതിരുമ്പോൾ, മതവിശ്വാസികൾ മൂക്കത്ത് വിരൽ വെച്ച് നിന്നുപോകുന്നു. മുക്രിയും പുരോഹിതനും സ്വാമിജിയും ബിഷപ്പും ഉൾപ്പെടെ, ആണധികാരത്തിന്റെ കൊടുമുടി കയറി ലൈംഗിക പീഡനവിരുതന്മാരായി വിധേയപ്പെട്ടു നില്ക്കുന്നവരെയും അല്ലാത്തവരെയും മൃഗീയമായി ചൂഷണം ചെയ്യുമ്പോൾ നിസ്സഹായരായി നോക്കി നിലക്കാനെ തരമുള്ളൂ.

''അവരും മനുഷ്യരല്ലേ" എന്ന ന്യായീകരണത്തൊഴിലാളികളുടെ പിന്താങ്ങലുകൾ എന്നെ അസ്വസ്ഥയാക്കുന്നത് എന്തുകൊണ്ടെന്നാൽ അവരിൽ പലരും 'ബ്രഹ്മചര്യ വ്രതം" പരസ്യമായി പ്രഖ്യാപിച്ച് ആ ജീവിതശൈലി സ്വയം തെരഞ്ഞെടുത്തവരാണ് എന്നതാണ്. മാത്രമല്ല, പ്രസംഗവും പ്രവൃത്തിയും അജഗജാന്തരമായതിനാൽ അവരുടെ ഇരട്ടത്താപ്പ് നയം അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. "കാർന്നോമ്മാർക്ക് അടുപ്പിലും ആവാം; അനന്തിരവന്മാർക്ക് പറമ്പിലും ആയിക്കൂടാ" എന്ന കാർക്കശ്യനിയമം ജനാധിപത്യപരമല്ലാത്തതുകൊണ്ട് അസഹ്യവുമാണ്.




ഇത്തരുണത്തിൽ ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കേണ്ടത് അനിവാര്യമാണ്. ബിഷപ്പ് ഫ്രാങ്കോയെ കോടതി കുറ്റവിമുക്തനാക്കിയത് കന്യാസ്ത്രീയുമായുള്ള അദ്ദേഹത്തിന്റെ ലൈംഗികവേഴ്ച ഉഭയസമ്മതപ്രകാരം ആണെന്ന് കോടതി മനസ്സിലാക്കിയതുകൊണ്ടാണ്. അത് കന്യാസ്ത്രീ പരാതിപ്പെട്ടതുപോലെ ബലാൽസംഗം അല്ലെന്ന ബോദ്ധ്യത്തിൽ, ഭരണഘടന അനുശാസിക്കുന്ന പ്രകാരം ബിഷപ്പ് കുറ്റക്കാരനല്ല എന്ന് കോടതി വിധി എഴുതിയതിൽ തെറ്റ് പറയാനാകില്ല. ''ഇനി പന്ത് സഭയുടെ കോർട്ടിൽ" ആണ് എന്നാണ് വിശ്വാസികൾക്ക് പറയാനുള്ളത്. ബ്രഹ്മചര്യം വാഗ്ദാനം ചെയ്ത ബിഷപ്പും കന്യാസ്ത്രീയും ലൈംഗികബന്ധത്തിൽ ഏർപ്പെട്ടാൽ സഭയുടെ പ്രബോധനപ്രകാരം അത് വ്യഭിചാരമാണ്. വിശ്വാസികൾ വ്യഭിചാരം ചെയ്താൽ അത് മാരകപാപം ആണെന്ന് പഠിപ്പിക്കുന്ന സഭ ഇക്കാര്യത്തിൽ മൗനം വെടിഞ്ഞ് വിശ്വാസികളെ സഭയുടെ പുതിയ നിലപാടിനെപ്പറ്റി പ്രബുദ്ധരാക്കിയേ തീരൂ. കന്യകാത്വം

നഷ്ടപ്പെട്ടത്തിനാൽ രണ്ടുപേർക്കും തൽസ്ഥിതി തുടരാൻ അവകാശം ഇല്ല എന്ന് സാമാന്യബുദ്ധിയാൽ മനസ്സിലാക്കുന്ന സാധാരണ വിശ്വാസികൾ സ്വേച്ഛാധിപത്യവ്യവസ്ഥയെ ചോദ്യം ചെയ്യാനാകാതെ അസ്വസ്ഥരായി അന്ധകാരത്തിൽ അന്ധരായി നിലകൊള്ളുകയാണ്. അധികാരികൾക്കും വിശ്വാസികൾക്കും വെവ്വേറെ നീതി എന്നത് യേശുചരിത്രത്തിൽ അസംബന്ധമാണ് എന്നതിൽ രണ്ടുപക്ഷമില്ല. അവിടുന്ന് കരുണ കാണിക്കുന്നതും വിധിയിൽ ഇളവ് നല്കുന്നതും താഴെതട്ടിൽ ഉള്ളവർക്കാണ് എന്നതാണ് ശ്രദ്ധേയമായിട്ടുള്ളത്,

ലൈംഗികത മനുഷ്യസഹജമാണ് എന്ന് വാദിക്കുന്നവർക്കുപോലും ഉത്തരം മുട്ടുന്ന ചെയ്തികളാണ് മതങ്ങളിലെ ഉന്നതരിൽ നിന്ന് വന്നു ഭവിക്കുന്നത്. ബാലപീഡനങ്ങൾ, ലൈംഗികവൈകൃതങ്ങൾ എന്നിവ എല്ലാ മതവിഭാഗങ്ങളിലും നടമാടുന്നത് ലജ്ജാവഹമാണെന്ന് ആർക്കാണറിയാത്തത്! മദ്രസകളിലെ കുട്ടികൾ, അൾത്താരബാലന്മാർ, ആശ്രമനിവാസികൾ എന്നിവർ പീഡനവിധേയരാകുമ്പോൾ "ചൊട്ടയിലെ ശീലം ചുടല വരെ" എന്നതിനാൽ ബാല്യത്തിൽതന്നെ ഈ കൊച്ചുജീവിതങ്ങൾ കശക്കിയെറിയപ്പെടുകയാണ് എന്ന് ഈ നരാധൻമാർ ഓർക്കാത്തതെന്താണ്? കുരുന്നുകൾ ആയിരിക്കുമ്പോൾ ജീവിതം നശിപ്പിയ്ക്കപ്പെട്ട അത്തരം യുവതീയുവാക്കളെ അറിയാവുന്നതിനാൽ അക്ഷന്തവ്യമായ അപരാധമാണ് ഈ പുണ്യവേഷധാരികൾ നിർവ്വഹിച്ചിരിക്കുന്നത് എന്ന് പറയാതെ വയ്യ.

കേരളത്തിൽ പ്രത്യേകിച്ചും ലൈംഗികദാരിദ്ര്യമാണ് ലൈംഗിക ആക്രാന്തത്തിലേക്ക് നയിക്കുന്നത് എന്നത് ഒരു തിരിച്ചറിവാണ്. സെക്സ് വർക്കർ എന്ന് അവകാശപ്പെടുന്ന നളിനി ജമീല സാക്ഷ്യപ്പെടുത്തുന്നത്, ''പല കുടുംബവ്യവസ്ഥയും ഇന്നും സുസ്ഥിരമായി നിലനില്ക്കുന്നത് അവരുടെ സംലഭ്യത കൊണ്ടാണ്" എന്നാണ്. രഹ

**ബലാൽസംഗം ചെയ്യപ്പെട്ട സ്ത്രീകളോട് കമലാ സുരയ്യ ഉദ്ബോധിപ്പിക്കുന്നത് ഭാവാത്മകമായ പരിഹാരം ആണ്. പേപ്പട്ടി കടിച്ചാൽ ഡെറ്റോൾ ഉപയോഗിച്ച് വൃത്തിയാക്കുകയോ കുത്തിവെപ്പിനു വിധേയരാകുകയോ ചെയ്യുക; അല്ലാതെ ആത്മഹത്യ ചെയ്യുകയല്ല വേണ്ടത് എന്നാണ് വിവേകമതിയായ അവർ ആഹ്വാനം ചെയ്യുന്നത്. 'പളുങ്കുപാത്രം തകർന്നുപോകുന്നു പുനർനിർമ്മിക്കാനാകാത്തവിധം' എന്ന് പെൺകുട്ടികളെ ഭയപ്പെടുത്തുന്ന മതങ്ങൾ ഓർക്കുക, 'പളുങ്കുപാത്രം സൃഷ്ടിച്ച സ്രഷ്ടാവിന് അത് പഴയപടി മനോഹരമാക്കി പുനർസൃഷ്ടിക്കാൻ കെൽപ്പുണ്ട് എന്ന യാഥാർഥ്യം.**



സ്യമായ വേഴ്ച ആഗ്രഹിക്കുന്ന ഭീരുക്കളായ മാന്യന്മാരുടെ കാര്യത്തിൽ അത് ഏറെക്കുറെ ശരിയുമാണ്. ഇതിൽ വൈദികരും മറ്റുമത ശ്രേഷ്ഠരും ഉണ്ടെന്ന സത്യം നളിനി തുറന്നു സമ്മതിക്കുന്നുണ്ട്. മുഹമ്മദ് നബി ഇക്കാരണങ്ങൾ കൊണ്ടാകാം നാലു തവണ കെട്ടാൻ അനുവദിച്ചതെന്നുവേണം കരുതാൻ. വിധവകൾക്കും നിരാലംബർക്കും അത്താണിയാകാൻ ആണ് പ്രവാചകൻ ഉദ്ദേശിച്ചതെങ്കിലും അത്ര വെടിപ്പായിട്ടല്ല ഇന്നത്തെ പ്രായോഗികമായ വസ്തുതകൾ എന്നത് ചുറ്റുപാടും നിരീക്ഷിക്കുന്നവർക്ക് മനസ്സിലാകുന്നതാണ്.

വ്യവസ്ഥിതിയിൽ മാറ്റം വരുത്തുന്നത് എങ്ങനെ എന്നത് അടിയന്തിരമായി ചർച്ചാവിഷയമാക്കേണ്ടതാണ്. കന്യകാത്വം, ശുദ്ധത എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും നിർവ്വചനങ്ങളും നിരീക്ഷണങ്ങളും പുനർവ്യാഖ്യാനിക്കപ്പെടേണ്ടത് ഇന്നിന്റെ അത്യാവശ്യമാണുതാനും. ബലാൽസംഗം ചെയ്യപ്പെട്ട സ്ത്രീകളോട് കമലാ സുരയ്യ ഉദ്ബോധിപ്പിക്കുന്നത് ഭാവാത്മകമായ പരിഹാരം ആണ്. പേപ്പട്ടി കടിച്ചാൽ ഡെറ്റോൾ ഉപയോഗിച്ച് വൃത്തിയാക്കുകയോ കുത്തിവെപ്പിനു വിധേയരാകുകയോ ചെയ്യുക; അല്ലാതെ ആത്മഹത്യ ചെയ്യുകയല്ല വേണ്ടത് എന്നാണ് വിവേകമതിയായ അവർ ആഹ്വാനം ചെയ്യുന്നത്. 'പളുങ്കുപാത്രം തകർന്നുപോകുന്നു പുനർനിർമ്മിക്കാനാകാത്തവിധം' എന്ന് പെൺകുട്ടികളെ ഭയപ്പെടുത്തുന്ന മതങ്ങൾ ഓർക്കുക, 'പളുങ്കുപാത്രം സൃഷ്ടിച്ച സ്രഷ്ടാവിന് അത് പഴയപടി മനോഹരമാക്കി പുനർസൃഷ്ടിക്കാൻ കെൽപ്പുണ്ട് എന്ന യാഥാർഥ്യം. ധീരരായ അതിജീവിതകൾ ശിരസ്സുയർത്തി പൊരുതുന്നതുപോലെ, ലജ്ജിക്കേണ്ടത് തെറ്റ് ചെയ്തവരാണെന്ന ബോധ്യത്തോടെ അത് ഉറക്കെ പ്രഖ്യാപിക്കുക രതിവൈകൃതങ്ങൾ ഇല്ലാതാകാൻ മതങ്ങൾ ഏറ്റവും ആദ്യം ബോധവൽക്കരണം നടത്തേണ്ടത് ആൺകുട്ടികൾക്കും യുവാക്കൾക്കും പിന്നീട് പെൺകുട്ടികൾക്കും ആണ്. ചെറുപ്പം മുതൽ പെൺകുട്ടികളെ മനുഷ്യരായി കണ്ടു ബഹുമാനിക്കാൻ അവർ പഠിക്കട്ടെ! അതിനെക്കാളുപരി ചൂഷണത്തിന് വിധേയരാകാതെ പ്രതികരിക്കാൻ അവർ ധൈര്യമുള്ളവർ ആകട്ടെ. യെസ് പറയാൻ അല്ല നോ എങ്ങനെ എപ്പോൾ പറയണം എന്നതിനാണ് മതപാഠശാലകളിൽ യുവതയ്ക്ക് പരിശീലനം നല്കേണ്ടത്. അനുസരണയെക്കാളും അച്ചടക്കത്തേക്കാളും ഉപരിയായി ചോദ്യം ചെയ്യാനും പ്രതികരിക്കാനും അവർ പ്രാപ്തരാകണം. "പ്രാവിനെപ്പോലെ നിഷ്ക്കളങ്കരും സർപ്പത്തെപ്പോലെ വിവേകികളും" ആകാനാണ് വിശുദ്ധ ഗ്രന്ഥത്തിൽ ആവശ്യപ്പെടുന്നത്. നമ്മിൽപ്പലർക്കും നിഷ്ക്കളങ്കത വേണ്ടുവോളം ഉണ്ട്; എന്നാൽ സോളോമൻ രാജാവ് ആവശ്യപ്പെട്ട വിജ്ഞാനം സ്വായത്തമാക്കാൻ നമ്മുടെ യുവതയെ നമുക്ക് ഒരുക്കാം.




**ധീരരായ അതിജീവിതകൾ ശിരസ്സുയർത്തി പൊരുതുന്നതുപോലെ, ലജ്ജിക്കേണ്ടത് തെറ്റ് ചെയ്തവരാണെന്ന ബോധ്യത്തോടെ അത് ഉറക്കെ പ്രഖ്യാപിക്കുക രതിവൈകൃതങ്ങൾ ഇല്ലാതാകാൻ മതങ്ങൾ ഏറ്റവും ആദ്യം ബോധവൽക്കരണം നടത്തേണ്ടത് ആൺകുട്ടികൾക്കും യുവാക്കൾക്കും പിന്നീട് പെൺകുട്ടികൾക്കും ആണ്.**

ചർച്ചാവിഷയം /അഭിമുഖം

# അസംഘടിത മേഖല സ്ത്രീകളുടെ ലൈംഗികപീഡന അനുഭവങ്ങൾ

# വിജി പെൺകൂട്ട് സംസാരിക്കുന്നു





വിജി പെൺകൂട്ട്



**ഗാർഗി ഹരിതകം**
പൊളിറ്റിക്കൽ ആക്ടിവിസ്റ്റ്
എഴുത്തുകാരി

അസംഘടിത മേഖലയിലെ തൊഴിലാളിസ്ത്രീകൾ ലൈംഗികപീഡനത്തിന് ഇരകളാണ് എന്ന് പറയുന്നതിനോട് ചെറിയ വിയോജിപ്പുണ്ട്. പുരുഷാധിപത്യത്തിന്റേയും മുതലാളിത്തത്തിന്റേയും ഇരകളാണ് സ്ത്രീ തൊഴിലാളികൾ. അല്ലെങ്കിലും തൊഴിലാളിസ്ത്രീകൾ പുറത്ത് ജോലിക്കു പോകുമ്പോൾ നീ മറ്റേ പരിപാടിക്ക് പോകുവല്ലേ എന്നൊക്കെ വളരെ മോശമായിട്ടാണ് പറയുന്നത്. അങ്ങനെയുള്ളപ്പോൾ അവർക്ക് പുറത്ത് എന്തെങ്കിലും തരത്തിലുള്ള അക്രമം നേരിട്ടാൽ, അത് വീട്ടിൽ വന്നു പറഞ്ഞാൽ പുരുഷന്മാർ/അവരുടെ ഭർത്താക്കന്മാർ എന്താ ചോദിക്കുക, നിനക്കു മാത്രമെന്താ ഇത്തരം പ്രശ്നം മറ്റുള്ള സ്ത്രീകളൊക്കെ പോകുന്നില്ലോ എന്നാണ് ചോദിക്കുക. അത്തരം കാര്യങ്ങൾ പറയുമ്പോൾ എനിക്ക് വല്ലാത്ത വിഷമമുണ്ടാകും. തൊഴിലാളിസ്ത്രീകളെ മനസ്സിലാക്കാൻ മുതലാളിത്തത്തിനോ പുരുഷാധിപത്യത്തിനോ പറ്റുന്നില്ല.

എന്റെ അനുഭവത്തിൽ തന്നെ പല തൊഴിലാളിസ്ത്രീകളെയും തൊഴിലിടങ്ങളിൽ ഉപദ്രവിച്ചിട്ടുണ്ട്. മിഠായിതെരുവിലെ സിൽക്കിയിൽ നിന്ന് ഒരു

തൊഴിലാളിസ്ത്രീ ഇറങ്ങി പോകുമ്പോൾ ഒരുത്തൻ കയറിപ്പിടിച്ചു. ഉടനെ കോയൻകോയിൽ നിന്ന് ആളുകൾ എന്റെ അടുത്തേക്കാണ് ഓടി വന്നത്. വിജിയേച്ചി അവിടെ ഇങ്ങനെയൊരു പ്രശ്നം നടക്കുന്നുണ്ട്, ഒരുത്തൻ അവിടെ വലിയ പ്രശ്നം ഉണ്ടാക്കുന്നുണ്ട്, കോയൻകോ ബസാർ മാറാട് ബസാർ ആക്കുമെന്ന് പറയുന്നുണ്ട് എന്നൊക്കെ പറഞ്ഞു. ഞാൻ തുണി വെട്ടിക്കൊണ്ടിരിക്കുകയായിരുന്നു. ഇതുകേട്ടയുടനെ ഞാൻ അങ്ങോട്ടേക്ക് ഓടി... കൈയിൽ കത്രികയും ഉണ്ടായിരുന്നു. അവിടെ പോലീസിനെ വിളിച്ച് അയാളെ ഏല്പിച്ചു.അതിനു ശേഷം കടയുടെ മുതലാളിയോട് ചെന്ന് വിവരം പറഞ്ഞു. ഇവിടന്ന് ഇറങ്ങിപ്പോയ ഒരു തൊഴിലാളിസ്ത്രീക്ക് ഇങ്ങനൊരു ദുരനുഭവം ഉണ്ടായെന്നു പറഞ്ഞപ്പോൾ അയാൾ പറഞ്ഞത് ഇതൊന്നും അവരെ ബാധിക്കുന്ന കാര്യമല്ലെന്നായിരുന്നു. ഞങ്ങളുടെ ഷോപ്പിന്റെ ഉള്ളിൽ നിന്ന് എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ ഞങ്ങൾ ഇടപെടും, പുറത്ത് പോയി എന്തു പ്രശ്നം ഉണ്ടായാലും ഞങ്ങൾ ഏറ്റെടുക്കില്ല എന്നായിരുന്നു. കയ്യൊഴിയുന്ന മുതലാളിമാരെയും ഇവൾക്ക് മാത്രം പുറത്തെങ്ങനെ പ്രശ്നങ്ങൾ വരുന്നു എന്നുപറയുന്ന ഭർത്താക്കന്മാരെയുമാണ് ഞാൻ കണ്ടുകൊണ്ടു നിൽക്കുന്നത്. ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവരോട് ഒരു ആശ്വാസവാക്ക് പറയാനോ അത് പരിഹരിക്കാനോ മുതലാളിമാർക്കോ ഭർത്താക്കന്മാർക്കോ പറ്റുന്നില്ല. സ്ത്രീതൊഴിലാളികളെ ചരക്ക് സങ്കൽപത്തിൽ കാണുന്നത് കൊണ്ടാണ് ഇത് സംഭവിക്കുന്നത്.

പ്രശ്നങ്ങളൊക്കെ ഉണ്ട്... ആ പ്രശ്നങ്ങളൊക്കെ വിളിച്ചുപറഞ്ഞ് മുഖ്യധാരയിൽ എത്തിക്കാത്തതിന്റെ കാരണം വീണ്ടും അവരെ അടുക്കളക്കുള്ളിലേക്ക് അടച്ചു പൂട്ടുമോ എന്ന പേടി കൊണ്ടാണ്. ഈ തരത്തിൽ ജോലി കഴിഞ്ഞു പോകുന്ന സ്ത്രീകളെ ആക്രമിക്കുന്നത് ഇതൊക്കെ നമ്മൾക്ക് ആക്രമിക്കാൻ വേണ്ടിയുള്ള ശരീരങ്ങളാണ്, നമുക്ക് കയറിപ്പിടിക്കാനും നമുക്ക് സുഖിക്കാനുമുള്ളതാണ് എന്ന തോന്നലിൽ നിന്നാണ്. കാണുന്നവരൊക്കെ കയറിപ്പിടിക്കുന്ന രീതിയാണ് ഇന്ന് പുറത്തിറങ്ങുന്ന സ്ത്രീതൊഴിലാളികൾ നേരിടുന്നത്. അകത്താണെങ്കിൽ മുതലാളിയാണെങ്കിലും കൂടെ ജോലിയെടുക്കുന്ന പുരുഷന്മാരാണെങ്കിലും ഇവരെ മനുഷ്യരായിട്ടല്ല കാണുന്നത്. അവർക്ക് ഇവരൊരു ചരക്കാണ്. തൊഴിലിടത്തുനിന്നു ടൂർ പോകുമ്പോൾ മുതലാളിമാരും പുരുഷ തൊഴിലാളികളും ഈ സ്ത്രീകളെ കാണുന്ന കാഴ്ചക്കൊരു മാറ്റവുമില്ല. ഇത് ചോരയും നീരുമൊക്കെയുള്ള മനുഷ്യരൊന്നുമല്ല നമ്മൾക്ക് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാനുള്ള നമ്മളുടെ വികാരത്തെ ശമിപ്പിക്കാനുള്ള ആസ്വദിക്കാനുള്ള ഒരു വസ്തുവാണ് എന്നാണ്. ഈയൊരു കാഴ്ചപ്പാടിന്റെ പുറത്താണ് സ്ത്രീതൊഴിലാളികൾ ഇത്തരം ബുദ്ധിമുട്ടുകളൊക്കെ അനുഭവിക്കേണ്ടി വരുന്നത്.

ഒരു സംഭവം പറയാം. കോവിഡിനു മുമ്പ് ഒരു ഷോപ്പിൽ നിന്നും എല്ലാവരും കൂടി ടൂർ പോയി. ടൂറിൽ ഉണ്ടായിരുന്ന സഹപ്രവർത്തകൻ മോശപ്പെട്ട രീതിയിൽ അതിലെ ഒരു സ്ത്രീയെ സമീപിച്ചു. ആ സ്ത്രീ പറഞ്ഞു, നിങ്ങൾ വിചാരിക്കുന്നപോലെയുള്ള ഒരാളല്ല ഞാൻ... നിവൃത്തികേടു കൊണ്ട് ജോലിക്ക് വരുവാണെന്ന്. ഭർത്താവ് ഗൾഫിലാണ്. പക്ഷേ പൈസയൊന്നും അയക്കുന്നില്ല. എനിക്ക് ചെറിയ മക്കളാണ്. ആ മക്കളെ ഉമ്മയുടെ അടുത്താക്കിയിട്ടാണ് വരുന്നത്. എന്റെ മക്കളെയും ഉമ്മയെയും വാപ്പയേയും എനിക്ക് നോക്കണം, അതുകൊണ്ട് എന്നെ ഉപദ്രവിക്കരുത് എന്ന് പറഞ്ഞു. അവൾ രക്ഷപ്പെട്ടു എന്നാണ് അവൾ വിചാരിച്ചത്. അയാളുടെ താത്പര്യത്തിന് അവൾ നിൽക്കാത്തതുകൊണ്ട് അയാൾ അവളെ അടിച്ചു. അടിക്കുന്നത് ആ സ്ഥാപനത്തിൽ വെച്ചിട്ടാണ്. ടൂറൊക്കെ പോയി വന്നതിന് ശേഷം. അത് പ്രശ്നമായി



കേസൊക്കെ കൊടുത്തു. പോലീസ് പറഞ്ഞു അതു വിഷയമാക്കണ്ട ജോലി പോകുമെന്ന്. മുതലാളിയോട് പറഞ്ഞപ്പോൾ അയാൾ പറയുന്നു, ഇത് ഇത്ര വിഷയമാക്കേണ്ട ആവശ്യമുണ്ടോ? ഇനി ആവർത്തിക്കാതിരുന്നാൽ പോരേ എന്ന്. അതിനുശേഷം ആ കുട്ടിയും ഉമ്മയും ഉപ്പയും കൂടി എന്നെ വന്നു കണ്ടിരുന്നു. സംസാരിക്കുമ്പോൾ വളരെ ദയനീയമായിട്ടാണ് അവർ കാര്യങ്ങൾ പറഞ്ഞത്. അവർക്കത് ആ കുട്ടിയുടെ ഭർത്താവ് അറിയാൻ പാടില്ല. ഭർത്താവിന്റെ വീട്ടുകാരും അറിയാൻ പാടില്ല. എന്നാലോ ഈ പ്രശ്നത്തിന് ഒരു പരിഹാരവും വേണം.

ഇത് ഒരൊറ്റ പ്രശ്നമല്ല, ഇത്തരം സ്ഥാപനങ്ങളിൽ നിരന്തരമായി നടക്കുന്ന കാര്യമായിരിക്കും. ചോദ്യം ചെയ്യാൻ ഞങ്ങൾ അവിടെ ചെന്നാൽ ചിലപ്പോൾ അവിടെ അതൊരു പ്രശ്നമാകും. പ്രതികരിക്കേണ്ടി വരും. അപ്പോൾ ഭർത്താവ് അറിയില്ല

അവരുടെ വീട്ടുകാർ അറിയില്ല എന്നൊന്നും ഉറപ്പുകൊടുക്കാൻ പറ്റില്ല. ഇത്തരം കാര്യങ്ങൾ ഇല്ലാതാക്കാൻ വേണ്ടിതന്നെയാണ് ഞങ്ങളുടെ പോരാട്ടം. എന്തായാലും ഞങ്ങൾ ഇടപെട്ടാൽ പ്രശ്നമാവും എന്നുപറഞ്ഞപ്പോൾ ഇതൊന്നും ആരും അറിയാതെ എങ്ങനെ പരിഹരിക്കാൻ പറ്റുമെന്നു ചോദിച്ചു. പരിഹരിക്കും എന്നു ഞാൻ പറയുന്നില്ല.



നിന്റെ സമാധാനത്തിന് ഞാൻ മുതലാളിയെ വിളിക്കാം എന്നുപറഞ്ഞു. പരാതിയൊന്നും തരേണ്ട. തന്നിട്ട് കാര്യമില്ല, ഇതാരും അറിയാതെ പരിഹരിക്കാനുള്ള സംവിധാനം ഞങ്ങളുടെ കൈയ്യിൽ ഇല്ല. ഞങ്ങൾ ജനകീയമായി ജനങ്ങളുടെ മുന്നിൽ വെച്ച് പ്രശ്നം പരിഹരിക്കുക എന്നതാണ് ചെയ്യുന്നത്. മേലിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കരുത്, അതിനുവേണ്ടി എന്തു ചെയ്യാൻ കഴിയും എന്നതാണ് ഞങ്ങൾ നോക്കുക. ഇത് നിന്റെ മാത്രം പ്രശ്നമല്ല ഒരു പൊതുപ്രശ്നമായിട്ടാണ് ഞങ്ങൾക്ക് തോന്നുന്നത്. ഉപ്പയുമുമ്മയും ആ കുട്ടിയും കരഞ്ഞു പറയുകയാണ് ഈ പ്രശ്നം ആരും അറിയാൻ പാടില്ലെന്ന്. എന്റെ മോളെ ഭാവി പ്രശ്നമാവും ഭർത്താവിന്റെ വീട്ടുകാരറിഞ്ഞാൽ പ്രശ്നാവും എന്നൊക്കെ. അതിനുശേഷം ഞാൻ മുതലാളിയോട് ഫോണിൽ സംസാരിച്ചു. പിന്നീട് സഹപ്രവർത്തകൻ മാപ്പുപറഞ്ഞെന്നും ജോലിക്ക് ആ കുട്ടിയെ തിരിച്ചെടുത്തെന്നും അറിയാൻ കഴിഞ്ഞു. പിന്നീട് ഇത്തരം മോശ പ്രവൃത്തികൾക്ക് അവിടെ ഒരു നിയന്ത്രണം ഉണ്ടായി. ഇതുവരെ വേറെ പരാതികളൊന്നും അവിടെ നിന്ന് വന്നിട്ടില്ല. ഇത്തരം പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ പരിമിതികളേറെയുണ്ട്. പുരുഷാധിപത്യത്തിന്റെയും മുതലാളിത്തത്തിന്റെയും ഇടയിലായതുകൊണ്ട് ഇവർക്ക് വീട്ടിനകത്തുള്ള ഭർത്താവിനെയും നോക്കണം ജോലിയും നഷ്ടപ്പെടരുത്. വല്ലാത്തൊരു അവസ്ഥയിലാണ് സ്ത്രീതൊഴിലാളികൾ. പീഡനങ്ങളൊക്കെ ഇഷ്ടം പോലെ ഉണ്ടാകും, ഇക്കാരണങ്ങൾ കൊണ്ടൊക്കെ അവർ സ്വയം സഹിക്കുകയാണെന്നാണ് എനിക്ക് പറയാനുള്ളത്. ഇവരുടെ നിവർത്തികേടിനെ മുതലാളിമാരും പുരുഷന്മാരും ചൂഷണം ചെയ്യുന്നു.

ഞങ്ങൾ സ്ക്വോഡ് വർക്ക് നടത്താറുണ്ട്. പ്രശ്നങ്ങൾ കണ്ടുപിടിച്ചാൽ അതിനെതിരെ പ്രതികരിക്കാറുണ്ട്. മിഠായിതെരുവിലൂടെ നടന്ന് ഇത്തരം പ്രശ്നങ്ങൾ എവിടെയെങ്കിലും നടക്കുന്നുണ്ടോ എന്ന് അന്വേഷിക്കാറുണ്ട്. എല്ലാവരും ഒന്നും തുറന്നുപറയാറില്ല. അറിയണം എന്നുണ്ടെങ്കിൽ എല്ലാ ഷോപ്പുകളിലും ഐ.സി.സി വേണം. അത് ഈ നഗരത്തിൽ ഇല്ലാത്ത ഒരു കാര്യമാണ്. ഐസി ഉണ്ടാവണമെങ്കിൽ എങ്ങനെയായിരിക്കണം എന്നുള്ളതൊന്നും ഈ തൊഴിലിടത്തെ മുതലാളിമാർക്ക് അറിയില്ല. ഇവിടെ ഒരു ഐ.സി.സി ഉണ്ടാക്കുമ്പോൾ തൃശ്ശൂരിലെ വക്കീലോ പൊതു പ്രവർത്തകനോ പോരല്ലോ ഇവിടെ ഒരു നിശ്ചിത പരിധിയിൽ ഉള്ളവർ വേണം. അതൊക്കെ പ്രാക്റ്റിക്കൽ ആയി നടപ്പിലാക്കിയാൽ ഇത്തരം പ്രശ്നങ്ങൾക്ക് ചെറിയൊരാശ്വാസം ഉണ്ടാകും. എല്ലാ സ്ഥാപനത്തിലും ഐ.സി.സി വേണം. 10 സ്ത്രീകൾ തൊഴിലാളികളായി ഉണ്ടെങ്കിൽ അവിടെ ഐ.സി.സി വേണം. കുറെ സ്ത്രീകൾ ഉള്ള ഇടത്തിൽ മാത്രമേ ഐസി ഉണ്ടാവാൻ പാടുള്ളൂ എന്നതിനോട് എനിക്ക് യോജിപ്പില്ല.



രാത്രികാലങ്ങളിൽ ജോലി ചെയ്ത് പുറത്തേക്ക് പോകുന്ന സ്ത്രീകളെ ഇത്തരത്തിൽ ചരക്കുവത്ക്കരിച്ച് അക്രമിക്കുന്നതിനെതിരെ ശക്തമായ നിയമ നടപടികൾ ഉണ്ടാവണം. പോലീസിന്റെ ഇടപെടലുകൾ ഉണ്ടാവണം. ഞങ്ങൾ മുൻ കാലങ്ങളിൽ അത്ര ശക്തമായി ഇറങ്ങി പ്രവർത്തിച്ചതുകൊണ്ടാണ് ഏറെക്കുറെ പ്രശ്നങ്ങൾ അന്ന് പരിഹരിക്കപ്പെട്ടത്. പോലീസ് അത്തരത്തിൽ ജോലി കഴിഞ്ഞു പോകുന്ന സ്ത്രീകൾക്ക് സുരക്ഷിതത്വം കൊടുക്കുന്നതിന് പോലീസിന്റെ ഇടപെടലുകൾ ഉണ്ടാവണം. കാഴ്ചപ്പാടുകൾ മാറണം. അത് മാറ്റിയെടുക്കാൻ എന്തെല്ലാം ചെയ്യാൻ പറ്റുമെന്നാണ് ഞങ്ങൾ ആലോചിക്കുന്നത്...

പെൺപക്ഷം



അജിത കെ.

# സുപ്രീം കോടതി വിധിയുടെ കാലിക പ്രസക്തി




ഇക്കഴിഞ്ഞയാഴ്ച കാലിക പ്രാധാന്യവും പ്രസക്തി യുമുള്ള ഒരു വിധി സുപ്രീംകോടതിയിലെ ജസ്റ്റിസ് ചന്ദ്രചൂഡ് വിധിച്ചു.

സ്ത്രീകൾക്ക്, പെൺകുട്ടികൾക്ക് ഗർഭച്ഛിദ്രം നടത്തണമെങ്കിൽ ഭർത്താവിന്റെയോ പങ്കാളിയുടേയോ അനുവാദം കൂടിയേ കഴിയൂ എന്ന ഇതുവരെയുള്ള നിയമം ശരിയല്ലെന്നും സ്ത്രീയ്ക്കു തന്നെ ആരുടേയും അനുവാദം ചോദിക്കാതെ സ്വയം ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അവകാശമുണ്ട് എന്നും ആ വിധിയിൽ പ്രസ്താവിക്കുന്നു.മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രെഗ്നൻസി ആക്ട് (MTP Act) പ്രകാരം ഇനി ഇക്കാര്യം തീരുമാനിക്കാൻ സ്ത്രീ യ്ക്ക് അവകാശമുണ്ടെന്ന്, സ്ത്രീകൾക്ക് സ്വന്തം ശരീരത്തിന്മേൽ പരമാധികാരമുണ്ടെന്ന് ഈ വിധി പ്രസ്താവിക്കുന്നു.

നേരത്തെ മറ്റൊരു ഭീകരമായ പ്രയോഗമുണ്ടായിരുന്നു. ഗർഭസ്ഥശിശു പെണ്ണാണെന്ന് ultra sound scanningലൂടെ തെളിയിക്കപ്പെട്ടാൽ ഗർഭിണിയുടെ സമ്മതമില്ലാതെ തന്നെ ഭർത്താവും ഭർത്തൃബന്ധുക്കളും ആ ഭ്രൂണത്തെ ഗർഭച്ഛിദ്രത്തിലൂടെ ഇല്ലാതാക്കുന്നത് വളരെ 'ജനസമ്മതി'യുള്ള ഏർപ്പാടായിരുന്നു. അതുകൊണ്ടുതന്നെ ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണയ ടെസ്റ്റ് നടത്തി കുഞ്ഞിനെ സ്വന്തം ഗർഭപാത്രത്തിൽ വഹിക്കുന്ന അമ്മയോട് ഒരു ചോദ്യവും ചോദിക്കാതെ, നിർബന്ധിത മായി ഗർഭച്ഛിദ്രം നടത്തുന്ന, അതായത് യാതൊരു കുറ്റബോധവുമില്ലാതെ പെൺഭ്രൂണഹത്യ നടത്തുന്ന ആ സമ്പ്രദായത്തിനെതിരെ നിയമം പോലും വന്നു. അങ്ങനെ ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണയ ടെസ്റ്റ് നിയമപരമായി നിരോധിക്കപ്പെട്ടു.

ആരോഗ്യ കാരണങ്ങളാലോ മറ്റു സാമൂഹിക കാരണങ്ങളാലോ ഒരു സ്ത്രീയ്ക്ക് അവളുടെ ഗർഭത്തിലുള്ള കുഞ്ഞിനെ വേണ്ടെന്നുവെയ്ക്കാൻ അവകാശമുണ്ടായിരുന്നില്ല. അത്തരം പ്രശ്നങ്ങളിൽ

മതവും കുടുംബവും സമൂഹവും ഈ സംവിധാനങ്ങളുടെ സദാചാര സംവിധാനങ്ങളും ശക്തമായി ഇടപെടുന്നു. സാമൂഹിക അംഗീകാരമില്ലാതെയുണ്ടായ ഗർഭങ്ങൾ ഒഴിവാക്കരുതെന്ന് തിട്ടൂരം കല്പിക്കുന്ന ഈ ഏജൻസികൾ പക്ഷെ, കുടുംബങ്ങളിലെ പിന്തുടർച്ചാവകാശിയായി ഒരു പെണ്ണിനെ ഗർഭം ധരിച്ചാൽ ആ ജീവനെ ഇല്ലാതാക്കണമെന്ന് ദാക്ഷിണ്യമേതുമില്ലാതെ തീരുമാനമെടുക്കുന്നു. എങ്ങനെ തിരിഞ്ഞാലും പെണ്ണിന്റെ ശരീരത്തിന്റെ ഉടമ ഈ പുരുഷാധിപത്യ സംവിധാനങ്ങൾ തന്നെ.

അതുകൊണ്ട് പലപ്പോഴും അവിഹിതമായ, മാരകമായ ഗർഭച്ഛിദ്രങ്ങൾക്ക് വിധേയരാവാൻ നിസ്സഹായരായ സ്ത്രീകൾ നിർബന്ധിക്കപ്പെടുന്നു. അത്തരം അശാസ്ത്രീയമായ രീതികൾ സ്ത്രീകളുടെ ആരോഗ്യ നില പാടെ തകർക്കുന്നു. ചില സ്ത്രീകൾ പ്രസവിച്ച ഉടനെ കുഞ്ഞിനെ കൊല്ലുന്നതിന്റേയും ഒരു പ്രധാന കാരണം നിയമാനുസൃതമായ ഗർഭച്ഛിദ്രം നടത്താൻ നിയമം അവരെ അനു



വദിക്കുന്നില്ല എന്നതു തന്നെയാണ്.

ഈ വിധി പ്രസ്താവത്തിന്റെ ഭാഗമായി സുപ്രധാനമായ മറ്റൊരു പ്രസ്താവനയും വിധിയിലുണ്ടായി. ഭാര്യാഭർത്തൃബന്ധങ്ങളിൽ ഉഭയസമ്മതമില്ലാത്ത ലൈംഗികബന്ധങ്ങൾ മാരിറ്റൽ റേപ്, അതായത് വിവാഹ ബന്ധങ്ങളിലെ ബലാൽസംഗമാണെന്ന് വിധിയിൽ പറയുന്നു. നമ്മുടെ നാട്ടിൽ ഇത്രയേറെ സ്ത്രീ പക്ഷ നിയമങ്ങളുണ്ടായിട്ടും ഗാർഹിക പീഡനങ്ങളുടെ ഭാഗമായ ഇത്തരം സാഡിസ്റ്റിക് അതിക്രമങ്ങൾ ഒരു ക്രിമിനൽ കുറ്റമായി നാളിതുവരെ അംഗീകരിക്കപ്പെട്ടിരുന്നില്ല. ഗാർഹിക പീഡനങ്ങൾ തടയാനുള്ള നിയമത്തിൽ (PWDV Act, 2005) വൈവാഹിക ബലാൽസംഗം തടയാനുള്ള വകുപ്പുണ്ടെങ്കിലും നമ്മുടെ കോടതികൾ ആ വകുപ്പ് ഇതുവരെ ഗൗരവത്തിലെടുത്തിട്ടില്ല.

ഗാർഹിക പീഡനങ്ങളുടെ ഒരു പ്രധാന ഘടകമാണ് മാരിറ്റൽ റേപ്പ്. പക്ഷെ നമ്മുടെ കുടുംബക്കോടതിയിൽ വരാറുള്ള ചില കേസുകളുണ്ട്-

**ഭാര്യാഭർത്തൃബന്ധങ്ങളിൽ ഉഭയസമ്മതമില്ലാത്ത ലൈംഗികബന്ധങ്ങൾ മാരിറ്റൽ റേപ്, അതായത് വിവാഹ ബന്ധങ്ങളിലെ ബലാൽസംഗമാണെന്ന് വിധിയിൽ പറയുന്നു. നമ്മുടെ നാട്ടിൽ ഇത്രയേറെ സ്ത്രീ പക്ഷ നിയമങ്ങളുണ്ടായിട്ടും ഗാർഹിക പീഡനങ്ങളുടെ ഭാഗമായ ഇത്തരം സാഡിസ്റ്റിക് അതിക്രമങ്ങൾ ഒരു ക്രിമിനൽ കുറ്റമായി നാളിതുവരെ അംഗീകരിക്കപ്പെട്ടിരുന്നില്ല. ഗാർഹിക പീഡനങ്ങൾ തടയാനുള്ള നിയമത്തിൽ (PWDV Act, 2005) വൈവാഹിക ബലാൽസംഗം തടയാനുള്ള വകുപ്പുണ്ടെങ്കിലും നമ്മുടെ കോടതികൾ ആ വകുപ്പ് ഇതുവരെ ഗൗരവത്തിലെടുത്തിട്ടില്ല.**

Restitution of Conjugal rights! വിവാഹിതരായാൽ ലൈംഗിക ബന്ധം നിഷേധിക്കാൻ ഭാര്യക്ക് അവകാശമില്ല എന്ന് ഈ വകുപ്പ് പറയുന്നു. എത്ര കടകവിരുദ്ധമായ വകുപ്പുകളും നിയമങ്ങളുമാണിതെല്ലാം.

സ്ത്രീകളുടെ മനുഷ്യാവകാശങ്ങളെ സംബന്ധിച്ച ഐക്യരാഷ്ട്ര സഭയുടെ കൺവെൻഷന്റെ (Convention on Elimination of Discrimination of Women-CEDAW) അടിസ്ഥാനത്തിൽ ഈ പഴഞ്ചൻ നിയമങ്ങളൊക്കെ മാറിമറയേണ്ടതുണ്ട്.

അതിന് പക്ഷെ നമ്മുടെ ഭരണ സംവിധാനങ്ങളുടെ പുരുഷാധിപത്യ മനോനില മാറ്റിയെടുക്കേണ്ടതുണ്ട്. സ്ത്രീകളുടെ വസ്ത്രധാരണമാണ് ലൈംഗികപീഡനങ്ങൾക്ക് കാരണമാകുന്നതെന്ന് നിലപാടെടുക്കുന്ന ജഡ്ജിമാരും അവരെ പിന്തുണയ്ക്കുന്ന ജുഡീഷ്യൽ സംവിധാനങ്ങളും ജെൻഡർ ബോധവൽക്കരണ പരിപാടികളിലൂടെ, അന്താരാഷ്ട്ര മനുഷ്യാവകാശ നിയമങ്ങളിലൂടെ പുനർവാർത്തെടുക്കപ്പെടേണ്ടതുണ്ട്.

ചർച്ചാവിഷയം




പ്രസന്ന പാർവ്വതി
അധ്യാപിക
എഴുത്തുകാരി


# സാംസ്കാരിക രംഗത്തെ ലൈംഗികാതിക്രമങ്ങൾ

ലൈംഗികത ഒരു സ്വാഭാവിക മനുഷ്യ ചോദനയാണ്. വിശപ്പും ദാഹവും പോലെ. പക്ഷെ ഈ നൈസർഗിക ചോദനകളുടെ സാക്ഷാൽക്കാരത്തിന് വേണ്ടി വഴിവിട്ട മാർഗങ്ങൾ തേടാത്ത ജീവിയെയാണ് മനുഷ്യർ എന്ന് പറയുക. ഇതര ജീവികളെ അപേക്ഷിച്ച് മനുഷ്യരുടെ സവിശേഷത അവൾ/അവൻ ഇതരരുടെ താൽപര്യങ്ങളെയും ഇംഗിതങ്ങളെയും കൂടി മാനിക്കുന്നു എന്നതാണ്. തന്റെ നൈസർഗിക ചോദനകൾക്കായി ഇതര മനുഷ്യരെ മുറിപ്പെടുത്തുന്നവനെ മനുഷ്യൻ എന്ന് അഭിസംബോധന ചെയ്യുക വയ്യ.അതിനെയാണ് അതിക്രമം എന്ന് പറയുക. അതിക്രമം ശാരീരികമായ കടന്നുകയറ്റമാവണമെ



ന്നില്ല.അന്യരുടെ ഇഷ്ടങ്ങൾക്കെതിരായ ഏത് ഇടപെടലും അതിക്രമമാണ്.പ്രലോഭനം ഭീഷണി, അനുനയം, ബലപ്രയോഗം എന്നിങ്ങനെ ഏത് വിധേനയും അന്യരുടെ ഇഷ്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് മനുഷ്യവിരുദ്ധമാണ്.പണ്ട് ഇഷ്ടമുണ്ടായിരുന്നു എന്നത് അനിഷ്ടം തോന്നുന്ന വേളയിൽ കടന്നുകയറ്റം നടത്താനുള്ള ന്യായമല്ല.കാരണം ഇഷ്ടാനിഷ്ടങ്ങൾ മാറി മാറി വരുന്നത് മാനവികമായ ഒരു സവിശേഷതയാണ്.

ഈ സവിശേഷതയെ മാനിക്കൽ മനുഷ്യ ബാധ്യതയുമാണ് സ്വാർത്ഥമോഹങ്ങൾക്കായി ഈ ബാധ്യതയെ സൗകര്യം പോലെ മറികടക്കുന്നവരെ കർക്കശമായി ത

ന്നെ പരുവപ്പെടുത്തിയേ പറ്റൂ. ഇല്ലെങ്കിൽ സ്വാർത്ഥമോഹികൾക്ക് അതൊരു പ്രചോദനമാവും.

*സംസ്കാരം എന്നാൽ ....*

സമൂഹത്തിന്റെയും അതിലെ അംഗങ്ങളുടെയും പൊതുവായ സുസ്ഥിതിക്ക് വേണ്ടിയുള്ള ആഗ്രഹവും പ്രവർത്തനസന്നദ്ധതയുമാണ് സംസ്കാരം. മനുഷ്യനന്മക്ക് വേണ്ടി സമർപ്പിതമനസ്സോടെ പ്രവർത്തിക്കുന്നവരാണ് സാംസ്കാരിക പ്രവർത്തകർ. അങ്ങിനെയുള്ളവരിൽ ആക്രമികളുണ്ടാവുന്നത് ഒട്ടും നിസ്സാരമല്ല.സാധാരണ മനുഷ്യരുടെ മനുഷ്യവിരുദ്ധ പ്രവൃത്തികൾ നമുക്ക് മാപ്പാക്കാം. പക്ഷെ സാംസ്കാരിക പ്രവർത്തകന്റെ അതിക്രമങ്ങളെ നിർദ്ദാക്ഷണ്യം കൈകാര്യം ചെയ്യുക തന്നെ വേണം

*കടന്നുകയറ്റങ്ങൾക്കെതിരേ....*

സമൂഹം ഒരുപാടു പുരോഗതി പ്രാപിച്ചു.സമൂഹമാധ്യമങ്ങൾ വളരെ സാധാരണക്കാർക്കു വരെ നിത്യജീവിതത്തിൽ നിന്ന് ഒഴിച്ചുകൂടാനാവാത്ത മേഖലയായി മാറി. സ്ത്രീബോധവൽക്കരണം, ശാക്തീകരണം എന്നിവ പണ്ടത്തേക്കാൾ തകൃതിയായി നടക്കുന്നു. ഫെമിനിസ്റ്റുകളും വനിതാവകാശ പോരാളികളും, സംഘടനകളും വർദ്ധിച്ചുവരുന്നു.എല്ലാം റെഡിയായി എന്നു നിനയ്ക്കാൻ വരട്ടെ! നൂറ്റാണ്ടുകളായി സമൂഹത്തിന്റെ സാരഥ്യം കയ്യിൽ പിടിക്കുന്നവരിൽ വലിയൊരു വിഭാഗത്തിന് എന്തുമാറ്റമാണുണ്ടായത്? ഉദാഹരണത്തിന് ,പോലീസുകാർ, അധ്യാപകർ, ജഡ്ജിമാർ, സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ എന്നിവരിലധികവും ഉൾപ്പെടുന്ന പുരുഷവിഭാഗത്തിന് എന്തു മനോഭാവവ്യതിയാനമാ (Attitudal changes)ണുണ്ടായത്? നമ്മളെന്നും ക്ലാസ്സെടുത്തതും ബോധവൽക്കരിച്ചതും പെൺമക്കളെ, സ്ത്രീകളെ ആയിരുന്നു എന്ന കാര്യം മറക്കരുത്! പുരുഷാധിപത്യ വ്യവസ്ഥിതിയുടെ സകല പ്രിവിലേജിലും ജീവിച്ചു വന്ന പുരുഷൻ ഒരു തൊഴിലിടത്തിലെത്തിയാൽ പൊടുന്നനെ അവന് എന്തു മാറ്റമാണുണ്ടാവുക!തഥൈവ എന്നു തന്നെയാവുമല്ലോ ഉത്തരം. അത്തരം അവസ്ഥയെ മറികടക്കാനാണ് പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടത്. ഇല്ലെങ്കിൽ എത്ര വലിയ സോഷ്യൽ മീഡിയ ക്യാമ്പെയ്നുകൾ നടത്തിയിട്ടും കാര്യമില്ല. കുറ്റവാളികൾ ഹോട്ടലിൽ നിന്ന് ചായ കുടിച്ചിറങ്ങുന്ന ലാഘവത്തോടെ ഇറങ്ങിപ്പോരും. നീതി നിഷേധത്തിന്റെ വേദന നിരന്തരമനുഭവിക്കുന്ന ഒരു പാട് സ്ത്രീകളുടെ നെഞ്ചകം സമ്മർദ്ദത്താൽ വിങ്ങിപ്പൊട്ടും.

മീറ്റു ക്യാമ്പയിനിലൂടെ അടിസ്ഥാന വർഗ്ഗ സ്ത്രീകളുൾപ്പെടെയുള്ളവർക്ക് തങ്ങളുടെ ശരീരത്തിൽ അധികാരക്കൊടി നാട്ടാൻ ശ്രമിക്കുന്നവരെ വെളിച്ചത്തിലേക്കു കൊണ്ടുവരാൻ കുറേയൊക്കെ സാധിക്കുന്നുണ്ട്. പക്ഷേ ലൈംലൈറ്റിൽ നിലകൊള്ളുന്ന സ്ത്രീവാദികൾ (?) തന്നെ പല കാരണങ്ങളാലും ഭിന്നിപ്പിക്കപ്പെട്ട് രണ്ടും മൂന്നും ചേരികളായിത്തീർന്ന് എതിർപ്പിന്റെ ശക്തി കുറയുന്നു.പുരുഷാധിപത്യത്തിനു മാറിടം വളർന്നാലെന്ന പോലെ ചിലർ അതിജീവിതക്കെതിരായിത്തീരുന്നത് മറ്റൊരു ദൗർഭാഗ്യമാണ്.

പ്രണയത്തിനും, കേവല ലൈംഗികതയ്ക്കും വേണം ഒരു പരസ്പരാകർഷണം. ഈ ആകർഷണം തോന്നിയാൽ രണ്ടു മനുഷ്യ ജീവികൾ ലൈംഗിക ബന്ധത്തിലേർപ്പെടുന്നു. അത് സ്വാഭാവികവുമാണ്.സാഹിത്യ സാംസ്കാരിക രംഗത്ത് മരണം വരെ അമരത്തും അണിയത്തും വിഹരിക്കുന്നവർ ആ രംഗത്തെ വളർച്ചയല്ലാതെ കാലത്തിന്റെ വളർച്ച അറിയാതെ നിത്യഹരിതരെന്നു നിനച്ചു പോകുന്നത് വലിയ കഷ്ടമാണ്. പിന്തുടരുന്ന സംസ്കാരത്തിൽ നിന്നുയിർ കൊണ്ട വിവേകം കൊണ്ട് സമയ കാല സന്ദർഭങ്ങൾക്കനുസരിച്ച് തന്റെ ചോദനകളെ നിയന്ത്രിച്ചു പോന്നു. ആ കർഷണം തോന്നുന്നയുടൻ ശരീരത്തിനുമേൽ കടന്നാക്രമണം പൊതുവേ നടത്താറില്ല സ്ത്രീകൾ . ഇത്തരമൊരു ഘട്ടം ഘട്ടമായുള്ള സോഷ്യലൈസേഷനും ചില പാഠഭേദങ്ങളുള്ളതായി കാണാം അടുത്തിടെ വ്യത്യസ്ത മണ്ഡലങ്ങളിൽ നിന്നുയർന്നു വന്ന മീറ്റു ആരോപണങ്ങൾ പഠിക്കുമ്പോൾ അതാണ് മനസ്സിലാകുന്നത്. അതിജീവിതമാർക്കൊപ്പം നിലകൊള്ളുകയും ഏതുന്നതതാനായാലും മേലിൽ ആവർത്തിക്കാതിരിക്കാനും, മറ്റുള്ളവർക്ക് കൂടി മാതൃകയാകും വിധം ശിക്ഷ കൊടുക്കാൻ വേണ്ട സംവിധാനത്തെ ചലിപ്പിക്കാൻ തക്ക പ്രവർത്തനങ്ങൾക്ക് സ്ത്രീ സംഘടനകളും സ്ത്രീവാദികളും ഒരുമിച്ച് കൂടിയാലോചിക്കുകയുമാണ് വേണ്ടത്. ഏതെങ്കിലും സാംസ്കാരിക രംഗത്ത് എത്തിപ്പെടാൻ ആ മണ്ഡലത്തിലെ മഹാഭൂരിപക്ഷത്തിന്റെ സഹായമോ അഭിപ്രായമോ സ്ത്രീകൾക്ക് വേണ്ടി വന്നേക്കാം. പ്രത്യേകിച്ചും ഇരട്ട കീഴാളത്തമനുഭവിക്കുന്ന അടിസ്ഥാന വർഗ്ഗ സ്ത്രീകൾക്ക്. അവളുടെ ശരീരം പ്രതിഫലമായിക്കണ്ടു കൊണ്ട് സഹായം നൽകുന്നത് ഒരു സംസ്കാരത്തിനും നിരക്കാത്തതാണ്. പരിണാമദശകളിൽ പിന്നോട്ടായിപ്പോകുന്നവർക്കു വേണ്ടി ഇനി പുതു പാഠങ്ങളാണ് നമ്മൾ നിർമ്മിക്കേണ്ടതും പഠിപ്പിക്കേണ്ടതും.


പഠനം



**ചൈതന്യ കെ.**
ജൂനിയർ റിസർച്ച് ഫെല്ലോ
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അ
ഡ്വാൻസ്ഡ് സ്റ്റഡീസ്
ബംഗളൂരു.

# പരിചരണ സ്വഭാവമുള്ള തൊഴിലുകളും ലിംഗപദവിയും:

## നഴ്സിംഗ് മേഖലയിൽ നിന്നുള്ള അനുഭവങ്ങൾ



**ലോ**കത്ത് ഏറ്റവും കൂടുതൽ തൊഴിൽപരമായ വൈദഗ്ധ്യം ലഭിച്ച സ്ത്രീകൾ ജോലി ചെയ്യുന്ന തൊഴിൽ മേഖല നഴ്സിംഗ് ആയിരിക്കും. പണ്ട് മുതൽക്കേ തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾ ആതുര ശുശ്രൂഷ രംഗത്ത് പ്രവർത്തിച്ചതിനു ധാരാളം തെളിവുകൾ ലഭ്യമാണ്. പക്ഷെ നഴ്സിംഗ് രംഗത്ത് പ്രവർത്തിക്കുന്ന പുരുഷന്മാർ വളരെ കുറവാണ്.

പലർക്കും നഴ്സ് എന്ന് പറയുമ്പോൾ മനസിലേക്ക് വരുന്നത് ആശുപത്രിയിൽ ജോലി ചെയ്യുന്ന, ഡോക്ടറുടെ സഹായിയായ, വെളുത്ത വസ്ത്രം ധരിച്ച ഒരു സ്ത്രീ രൂപം ആയിരിക്കും. ഈ പൊതുബോധത്തെ ഊട്ടിയുറപ്പിക്കാൻ സിനിമകളും മറ്റു സാഹിത്യ രൂപങ്ങളും വലിയ പങ്കു വഹിച്ചിട്ടുണ്ട്. സർക്കാരിന്റെ ആരോഗ്യ പദ്ധതികളുടെ പരസ്യങ്ങളിൽ പോലും നഴ്സ് ആയി വേഷമിടുന്നത് സ്ത്രീകളാണ്. ഇവയെല്ലാം തന്നെ പൊതുബോധ നിർമിതിയിൽ സ്വാധീനം ചെലുത്തുന്നുണ്ട്. അതുകൊണ്ടു തന്നെ, ഈ മേഖലയിൽ ജോലി ചെയ്യുന്ന പുരുഷന്മാരെക്കുറിച്ച് പൊതുസമൂഹത്തിൽ വളരെ വികലമായ ധാരണകളാണുള്ളത്. ഇതിന്റെ ചരിത്രപരവും സാമൂഹികപരവുമായ കാരണങ്ങളെ പരിശോധിക്കുകയാണ് ഈ ലേഖനത്തിലൂടെ.

ഇന്ത്യയിൽ നഴ്സിംഗ് ആരംഭിക്കുന്നത് കൊളോണിയൽ കാലഘട്ടത്തിലാണ്. ക്രിസ്ത്യൻ മിഷന

റികളുടെ പ്രവർത്തനഫലമായി അതേ സമുദായത്തിൽപ്പെട്ട നിരവധി സ്ത്രീകൾക്ക് പരിശീലനം ലഭിച്ചു. പരിശീലനം ലഭിച്ചതിൽ ഭൂരിഭാഗം പേരും സമൂഹത്തിന്റെ താഴേക്കിടയിലെ സ്ത്രീകളായിരുന്നു. വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചു പോയ സ്ത്രീകൾ, അനാഥർ തുടങ്ങിയവരായിരുന്നു ആദ്യ കാലങ്ങളിൽ ഈ മേഖലയിലേക്ക് കടന്നു വന്നിരുന്നത്. പുരുഷന്മാരായ രോഗികളോട് അടുത്തിടപഴകേണ്ടി വരിക, രോഗികളുടെ ശരീരം സ്പർശിക്കേണ്ടി വരിക, രക്തമുൾപ്പെടെയുള്ള ശരീര സ്രവങ്ങൾ വൃത്തിയാക്കേണ്ടി വരിക തുടങ്ങിയവയെല്ലാം ഒരു നഴ്സ് ചെയ്യേണ്ടി വരുന്നതിനാൽ ഒരുകാലത്ത് ഏറ്റവും മോശപ്പെട്ട തൊഴിലായിട്ടാണ് നഴ്സിങ്ങിനെ കണ്ടിരുന്നത്. അതുകൊണ്ടു തന്നെ പല വിഭാഗങ്ങളിലെയും സ്ത്രീകൾ ഈ തൊഴിലിലേക്ക് വന്നിരുന്നില്ല. മിഷനറിമാരുടെ പ്രവർത്തന ഫലമായും, മതപരമായ കാരണങ്ങളാലും അക്കാലത്തു ജോലി ചെയ്ത ഭൂരിഭാഗംപേരും ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ടവർ ആയിരുന്നു. പിൽക്കാലത്ത് വിദേശ കുടിയേറ്റത്തിലുണ്ടായ വർധിച്ച സാദ്ധ്യതകൾ, അതുവഴി ഉണ്ടാവുന്ന മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ തുടങ്ങിയവ സമൂഹത്തിലെ എല്ലാ വിഭാഗത്തിലുള്ളവരെയും നഴ്സിങ്ങിലേക്ക് ആകർഷിച്ചു. ഇന്ത്യയിൽ നിന്ന് ജോലിക്കായി വിദേശത്തേക്ക് കുടിയേറുന്ന നഴ്സുമാരിൽ ഭൂരിഭാഗവും മലയാളികളാണ്. കേരളത്തിലെ ഉയർന്ന സാക്ഷരതാ നിരക്കും വിദ്യാഭ്യാസ ആരോഗ്യ രംഗത്ത് കൈവരിച്ച പുരോഗതിയും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ മെച്ചപ്പെട്ട രീതിയിൽ നഴ്സിംഗ് മേഖല തഴച്ചു വളരാൻ സഹായകരമായി. പല കുടുംബങ്ങളും സാമ്പത്തികമായും സാമൂഹികമായും ഉയർന്ന നിലയിലായത് സ്ത്രീകളുടെ മാത്രം അദ്ധ്വാനം കൊണ്ടായിരുന്നു. വനിതാ നഴ്സുമാരുടെ വിദേശ കുടിയേറ്റം കേരളത്തിന്റെ സാമ്പത്തിക രംഗത്തെ പുരോഗതിക്കും കൂടെ വഴിവെച്ചു.

മുൻകാലങ്ങളിൽ നഴ്സിംഗ് മേഖലയിൽ പുരുഷന്മാർ പ്രവർത്തിച്ചിരുന്നുവെന്നതിനു ധാരാളം തെളിവുകൾ ചരിത്രകാരന്മാർ നിരത്തിയിട്ടുണ്ട്. അടിമത്തൊഴിലാളികളായ പുരുഷന്മാരെ ബാത്ത് അറ്റൻഡർമാരായും, ഡോക്ടർമാരുടെ സഹായികളായും പണ്ടുകാലത്ത് നിയമിച്ചിരുന്നതായി ഹിപ്പോക്രാറ്റിന്റെ എഴുത്തുകളിൽ പറയുന്നുണ്ട്. പുരാതന ഗ്രീസിൽ പൊതുവിടങ്ങളിൽ പരിചരണ ജോലികൾ ചെയ്തിരുന്നത് പുരുഷന്മാരായിരുന്നു. മാനസികാരോഗ്യ കേന്ദ്രങ്ങളിലും, ലഹരി വിമുക്ത കേന്ദ്രങ്ങളിലും, കുഷ്ഠരോഗ വാർഡുകളിലും പുരുഷന്മാർ മാത്രമായിരുന്നു അക്കാലത്തു സഹായികളായി ഉണ്ടായത്. പിന്നീട് ഫ്ലോറൻസ് നൈറ്റിംഗേലാണ് നഴ്സിംഗ് സ്ത്രീകളുടെ മാത്രം തൊഴിലായി മാറ്റിയെടുക്കുന്നത്.



സ്ത്രീകൾക്ക് ജൈവീകമായി മറ്റുള്ളവരെ പരിചരിക്കാനും സഹാനുഭൂതി പ്രകടിപ്പിക്കാനുമുള്ള കഴിവുണ്ടെന്ന് നൈറ്റിംഗേൽ വിശ്വസിച്ചു. പുരുഷന്മാർക്ക് ഇത്തരം കഴിവുകൾ ഇല്ലായെന്നും, അവരുടെ കൈകൾ പരുക്കനായതുകൊണ്ടും നഴ്സിംഗ് അവർക്ക് പറ്റിയ തൊഴിൽ അല്ല എന്ന് അവർ പ്രചരിപ്പിച്ചു. സ്ത്രീകളുടെ വീട്ടു ജോലികളുടെ തുടർച്ചയെന്നോണമാണ് പലരും നഴ്സിംഗ് ജോലിയെ കണ്ടിരുന്നത്. നഴ്സിംഗ് എന്നാൽ സവിശേഷ വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിലാണെന്ന ധാരണ സമൂഹത്തിൽ പ്രചരിച്ചു. അതുകൊണ്ടു തന്നെ പുരുഷ നഴ്സുമാരെ അംഗീകരിക്കാൻ പലരും മടി കാണിച്ചു. പരിചരണ അദ്ധ്വാനത്തിൽ പുരുഷന്മാരുടെ പങ്കിനെക്കുറിച്ച് പഠനങ്ങൾ വളരെക്കുറവാണ്.

ഇന്ത്യയിൽ പുരുഷന്മാർക്ക് നഴ്സിംഗ് വിദ്യാഭ്യാസം അനുവദിക്കുന്നത് 1938 കളിലാണ്. ഈ 84 വർഷത്തിനിടയിൽ ഒട്ടനവധി മാറ്റങ്ങൾക്കു വിധേയമായിട്ടാണ് ഇന്ത്യയിൽ ആധുനിക നഴ്സിംഗ് ഇ

ന്നീ കാണുന്ന രീതിയിലേക്ക് വളർന്നു വന്നത്. എങ്കിൽപോലും നഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന ആൺകുട്ടികളുടെ എണ്ണവും, നഴ്സുമാരായി ജോലിചെയ്യുന്ന പുരുഷന്മാരുടെ എണ്ണവും വളരെ കുറവാണ്.

വിദേശത്തും നാട്ടിലും സ്വകാര്യ-സർക്കാർ മേഖലയിൽ ജോലി ചെയ്യുന്ന മലയാളികളായ അഞ്ചു പുരുഷ നഴ്സുമാരോട് നടത്തിയ അഭിമുഖ സംഭാഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഇവരുടെ തൊഴിൽ സ്ഥലത്തും പൊതു സമൂഹത്തിലും ഉണ്ടായ അനുഭവങ്ങൾ ശേഖരിച്ചത്. സമൂഹത്തിന്റെ വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്ന, വ്യത്യസ്ഥ കാലഘട്ടങ്ങളിൽ പഠിച്ചിറങ്ങിയ നഴ്സുമാരാണ് ഇവർ. വിഷയത്തിന്റെ സമഗ്രമായ ചിത്രം ലഭിക്കുവാൻ ഇത് സഹായകമായി.

നഴ്സിംഗ് മേഖലയിൽ ഉപരിപഠനം നടത്താൻ പലരെയും പ്രധാനമായും പ്രേരിപ്പിക്കുന്ന ഘടകമെന്നത് പെട്ടെന്നുള്ള തൊഴിൽ സാധ്യതയാണ്. സാമൂഹികമായും സാമ്പത്തികമായും പിന്നിക്കാവസ്ഥയിലുള്ളവർക്ക് തങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുള്ള താല്പര്യമാണ് ഈ മേഖലയിലേക്ക് കടന്നു വരാൻ കാരണം. പഠനം കഴിഞ്ഞിറങ്ങി ചെറിയ കാലയളവിൽ തന്നെ വിദേശ കുടിയേറ്റവും സാമ്പത്തിക ഭദ്രതയുള്ള ജോലിയും നഴ്സിംഗ് കൂടുതൽ ആകർഷകമാക്കി. പ



ലപ്പോഴും കുടുംബത്തിലുള്ള മറ്റു നഴ്സുമാർ, അവരുടെ മികച്ച ജീവിത സാഹചര്യം എന്നിവയെല്ലാം തന്നെ ഈ ജോലി തിരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്ന മറ്റു ഘടകങ്ങളാണ്.

പഠനത്തിന് ശേഷം ജോലി അന്വേഷിക്കുന്ന സമയത്ത് പലർക്കും ജെൻഡർ ഐഡന്റിറ്റി പുരുഷനായതുകൊണ്ട് മാത്രം തൊഴിൽ ലഭിക്കാതെ പോയ സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രത്യേകിച്ചും കേരളത്തിലെ നഴ്സുമാരുടെ സമരത്തിന് ശേഷം പുരുഷ നഴ്സുമാർ പ്രശ്നക്കാരാണ്, ആശുപത്രി അധികൃതരുടെ നിലപാടുകളെ ചോദ്യം ചെയ്യാൻ സാധ്യതയുണ്ടെന്ന ധാരണകളുടെ പുറത്ത് പലർക്കും വ്യാപകമായി തൊഴിൽ നിഷേധിച്ചിരുന്നു. പിന്നീട് അതിൽ മാറ്റങ്ങളുണ്ടായെങ്കിലും ഇന്നും പല സ്വകാര്യ ആശുപത്രികളും നഴ്സിംഗ് റിക്രൂട്ട്മെന്റുകളിൽ വനിതാ നഴ്സുമാർക്ക് മുൻഗണന നൽകാറുണ്ട്. എന്നാൽ കേരളത്തിലെ സർക്കാർ ആശുപത്രികളിൽ കേരളാ PSC വഴി നിയമനങ്ങൾ നടക്കുന്നതിനാൽ ഇരുവർക്കും തുല്യ അവസരങ്ങൾ ലഭിക്കുന്നുണ്ട്. പക്ഷെ കേന്ദ്ര സർക്കാർ സ്ഥാപനമായ അകങ്ങട ആശുപത്രിയിൽ 80:20 എന്ന അനുപാതത്തിലാണ് ഇപ്പോൾ നിയമനങ്ങൾ നടത്തുന്നത്. അതായത്, 80 വനിതാ നഴ്സുമാർക്ക് 20 പുരുഷ നേഴ്സ് എന്ന രീതിയിൽ. രോഗികൾ കൂടുതലായും ഇഷ്ടപ്പെടുന്നത് വനിതാ നഴ്സിനെ ആണെന്നാണ് ഈ നടപടിയുടെ പിന്നിലെ പ്രധാന കാരണമായി മുന്നോട്ടു വെക്കുന്ന വാദം. ഈ മേഖലയിൽ ജോലി ചെയ്യുന്ന പുരുഷന്മാരോടുള്ള സാമൂഹ്യ മനോഭാവത്തിൽ മാറ്റം വരുത്താൻ ഇതുകൊണ്ട് സാധിക്കില്ല, മറിച്ച്, വിവേചനം കൂട്ടാൻ മാത്രമേ ഇത്തരം നടപടികൾ സഹായിക്കുകയുള്ളൂ.

പലപ്പോഴും ആശുപത്രിയിൽ എത്തുമ്പോൾ രോഗികളും പ്രതീക്ഷിക്കുന്നത് വനിതാ നഴ്സുമാരെയാണ്. നഴ്സിംഗ് ഒരേസമയം പരിചരണാദ്ധ്വാനവും മാനസിക അദ്ധ്വാനവും ഒരുമിച്ചു വേണ്ട തൊഴിൽ ആയതിനാൽ സ്ത്രീകൾക്ക് മാത്രമേ ഇ

ത് രണ്ടും ഒരുമിച്ചു നൽകാൻ കഴിയു എന്ന സാമൂഹ്യ നിർമിതിയാവാം ഈ ധാരണകൾക്കു പിന്നിൽ. പല സന്ദർഭങ്ങളിലും നഴ്സ് പുരുഷനായത് കൊണ്ട് മാത്രം രോഗികൾ ചികിത്സക്ക് വിസമ്മതിച്ചിട്ടുണ്ട്. ചികിത്സയുടെ ഭാഗമായി ശരീര ഭാഗങ്ങളിൽ പരിശോധന നടത്തുമ്പോഴോ, ആശ്വസിപ്പിക്കാൻ ശ്രമിക്കുമ്പോഴോ രോഗികൾ തയ്യാറാവാതെയിരുന്നിട്ടുണ്ട്. പല രോഗികളും പുരുഷ നഴ്സുമാരെ കമ്പൗണ്ടർ ആയി തെറ്റിദ്ധരിച്ചിട്ടുമുണ്ട്. ഒട്ടുമിക്ക ആശുപത്രികളിലും ഗൈനക്കോളജി വാർഡുകളിലോ, ലേബർ റൂമുകളിലോ പുരുഷന്മാരെ ജോലി ചെയ്യാൻ ആശുപത്രി അധികൃതരോ ഡോക്ടർമാരോ അനുവദിക്കാറില്ല. കൂടുതൽ കായിക ക്ഷമത ആവശ്യമുള്ള മാനസികരോഗ വാർഡ്, ഓപ്പറേഷൻ തീയേറ്ററുകൾ, എന്നിവയിലാണ് കൂടുതലായും ഇവരെ നിയമിക്കുക. ഉദാഹരണത്തിന്, ഒരു പുരുഷ നേഴ്സ് ഗൈനക്കോളജിയിൽ സ്പെഷലൈസ് ചെയ്ത് എം.എസ്.സി ബിരുദമെടുത്താൽ, അയാൾക്ക് തൊഴിൽ സാധ്യതകൾ വളരെ കുറവാണ്. അതേസമയം മനഃശാസ്ത്രത്തിൽ സ്പെഷലൈസ് ചെയ്യുന്നവർക്ക് ധാരാളം അവസരങ്ങളുമുണ്ട്. ഒരേ തൊഴിൽ ചെയ്യുന്നവർക്കിടയിൽ പോലും ജെൻഡറിന്റെ പേരിൽ തൊഴിൽ വിവേചനം ഈ മേഖലയിൽ കാലങ്ങളായി നിലവിലുണ്ട്. അതേസമയം ഡോക്ടർമാരുടെ ഇടയിൽ ഈ വേർതിരിവ് കാണാൻ സാധിക്കില്ല. രോഗികളായാലും ഡോക്ടർമാർ ചികിത്സയുടെ ഭാഗമായി ശരീരം പരിശോധിക്കുമ്പോൾ സഹകരിക്കാറുണ്ട്. വനിതാ ഡോക്ടർമാരേക്കാൾ മെഡിക്കൽ രംഗത്ത് അറിവ് കൂടുതൽ പുരുഷ ഡോക്ടർമാർക്ക് ആണെന്ന തെറ്റിദ്ധാരണ നിലനിൽക്കുന്നത് കൊണ്ടാവാം ഇത്തരത്തിലൊരു വൈരുധ്യം നിലനിൽക്കുന്നത്. അതേപോലെ പുരുഷ നഴ്സുമാർക്ക് സ്വകാര്യ ആശുപത്രികളിൽ മതിയായ സൗകര്യങ്ങൾ ഇല്ല. പലയിടങ്ങളിലും മതിയായ വിശ്രമ മുറികൾ പോലും നൽകാറില്ല. പുരുഷ നഴ്സുമാരെക്കൊണ്ട് കായികാധ്വാനം ആവശ്യമുള്ള ജോലികൾ ചെയ്യിക്കുന്നു എന്നതാണ് മറ്റൊരു പ്രശ്നം. സ്ട്രെക്ചർ അല്ലെങ്കിൽ വീൽ ചെയർ നീക്കുക, ഡ്യൂട്ടി വാർഡിൽ ബൾബ് മാറ്റിയിടുന്ന പോലുള്ള ജോലികൾ ഉണ്ടെങ്കിൽ അത് ചെയ്യിക്കുക തുടങ്ങി ധാരാളം ഉത്തരവാദിത്തങ്ങൾ ആശുപത്രി അധികൃതർ നൽകാറുണ്ട്.

തൊഴിൽസ്ഥലം വിട്ടു പൊതു സമൂഹത്തിലേക്ക് വരുമ്പോൾ പുരുഷ നഴ്സുമാർക്ക് സാമൂഹിക അംഗീകാരം കുറവാണെന്നു തന്നെ പറയാം. ഈ ജോലി ചെയ്യുന്ന പുരുഷന്മാർ ആണത്തം കുറഞ്ഞവരാണെന്നും, സ്വവർഗാനുരാഗികളാണെന്നുമുള്ള പൊതുധാരണ ശക്തമായി നിലനിൽക്കുന്നുണ്ട്. അതുകൊണ്ടു തന്നെ, സർക്കാർ സ്ഥാപനങ്ങളിൽ ആശുപത്രിയിൽ ജോലി ചെയ്യുന്നവർക്ക് പോലും വിവാഹത്തിന് ധാരാളം ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരാറുണ്ട്. വിദേശത്തേക്ക് പോവാത്ത പുരുഷ നഴ്സുമാർക്ക് വിവാഹ മാർക്കറ്റിൽ ആവശ്യക്കാരില്ല. പൊതുവെ സ്ത്രീകൾ ചെയ്തു വരുന്ന ജോലി ചെയ്യുന്ന പുരുഷൻ വളരെ താഴ്ന്ന ജോലിയാണ് ചെയ്യുന്നതെന്ന് കൂടെയുള്ള ധാരണയാവാം ഇതിനു പിറകിൽ. അതുകൊണ്ടു തന്നെ പലർക്കും തങ്ങളുടെ ജോലിയെക്കുറിച്ച് കള്ളം പറയേണ്ടി വന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ കാരണങ്ങളെല്ലാംകൊണ്ട് തന്നെ ഈ മേഖല വിട്ടു മറ്റു ജോലികളിലേക്ക് പോകുന്ന പുരുഷന്മാർ നിരവധിയാണ്. എങ്കിലും കോവിഡ് മഹാമാരിയുടെ സമയത്ത് അന്താരാഷ്ട്ര തലത്തിൽ തന്നെ നഴ്സിങ്ങിന് വലിയ രീതിയിലുള്ള അംഗീകാരം ലഭിച്ചു. അദൃശ്യമായ ഈ ജോലികൾ കൂടുതൽ ദൃശ്യമാക്കപ്പെട്ടു. പല ആശുപത്രികളും യുദ്ധകാലാടിസ്ഥാനത്തിൽ സ്ത്രീ പുരുഷ ഭേദമെന്യേ ധാരാളം നഴ്സുമാരെ ജോലിക്കെടുത്തു. പലയിടങ്ങളിലും പുരുഷന്മാർക്കായിരുന്നു മുൻതൂക്കം. കാരണം, കോവിഡ് സമയത്ത് മിക്ക ആശുപത്രികളിലും നഴ്സുമാരുൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർ സുരക്ഷാ മുൻകരുതലെന്നോണം ദീർഘകാലം സ്വന്തം വീട്ടിൽ നിന്ന് പൂർണമായും മാറി നിൽക്കേണ്ട അവസ്ഥ വന്നതിനാൽ സ്ത്രീകൾക്ക് ബുദ്ധിമുട്ടാവുകയും പുരുഷന്മാർക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുകയും ചെയ്തു.



നൈറ്റിംഗേലിന്റെ പാത പിന്തുടർന്ന് വന്നതി

നാൽ ഇന്നും ഈ മേഖലയിൽ ഒരു ജെൻഡർ ഗ്യാപ് കാണാൻ സാധിക്കും. നഴ്സിംഗ് മേഖലയിലെ പല പദങ്ങളും സ്ത്രീകളെ മാത്രം വിശേഷിപ്പിക്കാനുതകുന്നതാണ്. സിസ്റ്റർ, മേട്രൺ തുടങ്ങിയവ ഉദാഹരണം. ഇത്തരം പദങ്ങൾക്ക് പകരം നഴ്സിംഗ് ഓഫീസർ അല്ലെങ്കിൽ നേഴ്സ് തുടങ്ങിയ ജെൻഡർ ന്യൂട്രലായ പദങ്ങൾ കൂടുതൽ പ്രചാരത്തിലെത്തേണ്ടതുണ്ട്.

നഴ്സിംഗ് മേഖലയിൽ നിലനിൽക്കുന്ന ജെൻഡർ ഗ്യാപ് പരിഹരിക്കാൻ വിവിധ മേഖലകളുടെ സമഗ്രമായ ഇടപെടലിലൂടെയേ സാധിക്കുകയുള്ളു. ഇന്നും പലർക്കും നഴ്സിംഗ് ലിംഗഭേദമെന്യേ തിരഞ്ഞെടുക്കാവുന്ന ഒരു കരിയർ മേഖലയാണെന്ന അവബോധം ഇല്ല. അത്തരത്തിലുള്ള അവബോധം സൃഷ്ടിക്കലാണ് തുല്യതയിലേക്കുള്ള ആദ്യ ചുവട്. ഈ മേഖലയിൽ ജോലി ചെയ്യാനുള്ള വൈദഗ്ദ്യം സ്ത്രീകൾക്ക് മാത്രം ജൈവീകമായി ലഭിക്കുന്നതല്ല, അഭിരുചിയുള്ള ഏതൊരാൾക്കും ഇഷ്ടാനുസരണം തൊഴിൽ തിരഞ്ഞെടുക്കാനുള്ള സാഹചര്യം ഉണ്ടാവണം. ആശുപത്രികൾക്കും രോഗികൾക്കിടയിലും സമൂഹത്തിലും ഇതേക്കുറിച്ചു ബോധവൽക്കരണം നടത്താൻ സാധിച്ചാൽ ഇപ്പോൾ നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ ഇല്ലാതാക്കാനും പുരുഷ നഴ്സുമാരോടുള്ള വിവേചനം ഒരുപരിധിവരെ കുറച്ചു കൊണ്ടുവരാനും സാധിക്കും. ഇന്നും കൃത്യമായി സംഘടിതരാവാത്ത തൊഴിൽ മേഖലയാണ് നഴ്സിംഗ്, ഒരുപക്ഷെ ശക്തമായ സംഘടനയുടെ പിൻബലത്തോടെ പല പദ്ധതികളിലും മാറ്റങ്ങൾ കൊണ്ടുവരാനും അവകാശങ്ങൾ നേടിയെടുക്കാനും സാധിക്കും. സർക്കാരിന്റെ ഇടപെടലിലൂടെയാണ് തൊഴിൽ മേഖലയിൽ തുല്യത നേടാനുള്ള മറ്റൊരു പ്രധാന സാധ്യത. കാര്യക്ഷമമായ പദ്ധതികളിലൂടെ ഈ മേഖലയിലേക്ക് കടന്നു വരുന്നവരെ സഹായിക്കാൻ ഇവയിലൂടെ സാധിക്കും. നേഴ്സ് എന്നാൽ എങ്ങനെയാവണം എന്ന പൊതു ബോധത്തെ സ്വാധീനിക്കുന്നത് മാധ്യമങ്ങളാണ്. സൂക്ഷ്മമായ ഇടപെടലുകൾ നടത്തിയാൽ ഈ സാമൂഹ്യ നിർമിതിയിൽ കാര്യമായ മാറ്റം കൊണ്ടുവരാൻ സിനിമയടക്കമുള്ള മാധ്യമങ്ങൾക്ക് കഴിയും. നഴ്സിംഗ് കരിക്കുലത്തിലും കോളേജിന്റെ അന്തരീക്ഷത്തിലും കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. സമൂഹത്തിന്റെ സങ്കുചിതമായ ചിന്താഗതിയിൽ മാറ്റം വരുത്താനും നിലവിലുള്ള ചട്ടക്കൂടുകളെ ഇല്ലാതാക്കാനും, സമഗ്ര ലൈംഗീക വിദ്യാഭ്യാസത്തിലൂടെ സാധിക്കും.

ദീർഘകാലാടിസ്ഥാനത്തിലുള്ള ഇത്തരം പ്രവർത്തനങ്ങളിലൂടെ മാത്രമേ സ്ഥായിയായ മാറ്റം കൊണ്ടുവരാനും, നിലവിലെ ജെൻഡർ റോളുകളെ ഇല്ലാതാക്കാനും കഴിയുകയുള്ളൂ.

### സഹായക ഗ്രന്ഥങ്ങൾ


Evans, J. (2004). Men nurses: a historical and feminist perspective. Journal of Advanced Nursing, 47(3), 321-328. https://doi.org/10.1111/j.1365-2648.2004.03096.x

George, C., & Arman Bhatti, F. (2019). The Voices of Male Nurses in Kerala: Career Choice and Satisfaction. Space and Culture, India, 7(3), 115-126. https://doi.org/10.20896/saci.v7i3.492

Jayapal, S. K., & Arulappan, J. (2020). Historical Trajectory of Men in Nursing in India. SAGE Open Nursing, 6, 237796082092012. https://doi.org/10.1177/2377960820920128

Johari, A. (2022, January 5). The one profession where men are demanding equality. Scroll.In. https://scroll.in/article/1014198/the-one-profession-where-men-are-demanding-equality#:%7E:text=Everywhere%2C%20nurses%2C%20both%20men%20and,Nurses%20Union%20in%20Raipur%2C%20Chhattisgarh.

LaRocco, S. (2007). A Grounded Theory Study of Socializing Men into Nursing. The Journal of Men's Studies, 15(2), 120-129. https://doi.org/10.3149/jms.1502.120

Mittal, R. (2022, May 12). Male Nurses In India: The Inspiring Story Of Stanly Jones. Homegrown. https://homegrown.co.in/article/806469/male-nurses-in-india-the-inspiring-story-of-stanly-jones

Nigam, R. (2021, May 12). International Nurses Day: Blurring lines of gender in healthcare. Media India Group. https://mediaindia.eu/society/male-nurse-india/




ചർച്ചാവിഷയം

# ക്വിയർ മനുഷ്യരുടെ സമ്മതത്തിനു വിലയില്ലേ?



**അനസ്.എൻ.എസ്.**
ക്വിയർ വ്യക്തി
ഗവേഷകൻ
കേരള സർവ്വകലാശാല

ഒരു വ്യക്തിയുടെ ശരീരത്തിന് മേൽ ആ വ്യക്തിക്കല്ലാതെ മറ്റൊരാൾക്ക് അവകാശമില്ല എന്നത് ഏവർക്കും ബോധ്യമുള്ളതും എന്നാൽ നിരന്തരം ആവർത്തിച്ചു പഠിച്ചെടുത്താൽ മാത്രം 'ശരി'യായി പാലിക്കാൻ കഴിയുന്നതുമായ ഒരു കാര്യമാണ്. ഒരാളുടെ വ്യക്തിസ്വാതന്ത്ര്യം, സ്വകാര്യത എന്നിവ പരമപ്രധാനമായിരിക്കുമ്പോഴും അവയിലേക്ക് മറൊരാൾ ഇടിച്ചു കയറുന്നത് ഒരു സാധാരണ കാര്യമെന്ന പോലെയായിട്ടുണ്ട്. മറ്റുള്ളവരുടെ അഭിപ്രായം, മനോഭാവം, ചുഴിഞ്ഞുനോട്ടം, സ്വകാര്യതയെ മാനിക്കാതിരിക്കൽ എന്നിവയെ സമൂഹത്തിന്റെ സാധാരണഘടനാസവിശേഷതകളിൽ പെടുത്തി സ്വയം 'നിയന്ത്രിക്കുന്ന'വരായി നമ്മൾ നമ്മളെത്തന്നെ മാറ്റിയിട്ടുണ്ട്. നമ്മുടെ മാനസികാവസ്ഥ, ശരീരം, എന്നിവയുടെ നിയന്ത്രണം നമ്മളിലല്ല എന്നും അതിനു മറ്റുള്ളവർക്ക് ഇടപെടാവുന്ന ഒരു തലമുണ്ട് എന്നും നമ്മൾ നമ്മളെത്തന്നെ വിശ്വസിപ്പിച്ചിരിക്കുന്നു. ഇത്തരം ധാരണകളെ അഴിച്ചെടുക്കുകയാണ് സമ്മതം എന്ന വാക്കിന്റെ പൊരുൾ പഠിക്കുവാൻ നാം ആദ്യം ചെയ്യേണ്ടത്.

### *എന്താണ് സമ്മതം(Consent) ?.*

ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം എവിടെ തുട

ങ്ങി എവിടെ വെച്ചു അവസാനിക്കുന്നു എന്നും അതിന്റെ പരിധിയിലേക്ക് കടക്കുവാൻ ആ വ്യക്തിയുടെ സമ്മതം വാക്കാൽ അല്ലെങ്കിൽ പൂർണ്ണമനസ്സോടെ ആവശ്യമാണ് എന്നും ഇത് ഓരോ തവണയും ആവർത്തിക്കപ്പെടേണ്ടതാണെന്നുമുള്ള കാര്യത്തെയാണ് സമ്മതം ആയി കണക്കാക്കേണ്ടത്. അപരിചിതർ തൊട്ട് പങ്കാളി വരെയുള്ള വ്യക്തികളിൽ ഇത് പ്രാവർത്തികമാക്കേണ്ടതുണ്ട്. ലൈംഗികതയുമായി മാത്രം ചേർത്തു കൊണ്ടാണ് നിലനിൽക്കുന്ന പല വ്യവഹാരങ്ങളും സമ്മതത്തെ കാണുന്നത്. അതിലുപരി രണ്ടോ അതിലധികമോ വ്യക്തികൾ ഇടപെടുന്ന എല്ലാ ഇടങ്ങളിലും സമ്മതത്തിന്റെ ആവശ്യം കടന്നുവരുന്നുണ്ട്. ശരീരങ്ങൾ സ്പർശനാവസ്ഥയിലേക്ക് വരുന്നിടത്തെല്ലാം തന്നെ സമ്മതത്തിന്റെ ആവശ്യമുണ്ട്. ഒരു ഹസ്തദാനത്തിനു പോലും ഇത്തരം സമ്മതത്തെ കരുതേണ്ടത് ആവശ്യമാണ്. സ്പർശനം എല്ലാവ്യക്തികളും ഒരുപോലെ ആസ്വദിക്കുന്നവരാകില്ല. ചിലർക്ക് അത് അരോചകമായിരിക്കാം. സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റമായി ചെറിയൊരു സ്പർശനത്തെ അവർക്ക് അനുഭവപ്പെട്ടു എന്നും വരാം.

ഇന്ത്യൻ ശിക്ഷാനിയമം അനുസരിച്ച് ഒരു സ്ത്രീ പൂർണ്ണമനസ്സോടെ വാക്കുകൾ, വ്യംഗ്യം എന്നിവയിലൂടെ ലൈഗികപ്രവൃത്തിക്ക് സന്നദ്ധത അറിയിക്കലാണ് ലൈംഗികബന്ധത്തിനുള്ള സമ്മതമായി കണക്കാക്കുന്നത്. കൊളോണിയൽ കാലത്തെ സദാചാരത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടാക്കപ്പെട്ട ഇന്ത്യൻ ശിക്ഷാനിയമത്തിൽ ഭിന്നലൈംഗിക മനുഷ്യരുടെ ലൈംഗികാഭിരുചിയെ മാത്രം കണക്കാക്കുന്ന രീതിയിലാണ് മാനഭംഗം, ബലാത്സംഗം തുടങ്ങിയ വകുപ്പുകൾ. സമലൈംഗികപരമായുള്ളതും ലിംഗയോനീബന്ധമല്ലാത്തതുമായ സമ്മതമില്ലാത്ത ലൈംഗികബന്ധത്തെ ഐ.പി.സി 377ലെ (റദ്ദാക്കപ്പെട്ടതിനു ശേഷം) നിലനിൽക്കുന്ന ഉപവകുപ്പുകളിലൂടെയാണ് കുറ്റവൽക്കരിക്കുന്നത്. ലൈംഗികകുറ്റകൃത്യത്തിനു ഇരയാവുന്ന വ്യക്തി അക്രമിയുടെ അതേ ലിംഗത്വമുള്ളവരാവുക, ട്രാൻസ്ജെന്റർ/നോൺ ബൈനറി മനുഷ്യർ ആവുക എന്നത് സിസ് ജെന്റർ സ്ത്രീയെ അക്രമിക്കുന്നതിനേക്കാൾ ലാഘവമുള്ള കുറ്റകൃത്യമായിട്ടാണ് നിലവിലെ ശിക്ഷാനിയമവും ട്രാൻസ്ജെന്റർ നിയമവും കണക്കാക്കുന്നത്. സമ്മതവുമായി ബന്ധപ്പെട്ട ചർച്ചകൾ സിസ് ജെന്റർ- ഭിന്നലൈംഗിക സ്ത്രീക്ക് നേരിടേണ്ടിവരുന്ന ലൈംഗികാക്രമണം എന്ന രീതിയിൽ മാത്രം കണക്കാക്കുന്നതും ക്വിയർ വിരുദ്ധതയുടേയും ഹെറ്ററോസെക്സിസത്തിന്റേയും സൂചനയാണ്. ക്വിയർ മനുഷ്യർ നേരിടേണ്ടി വരുന്ന പല ലൈംഗികാതിക്രമങ്ങളും സാധാരണവൽക്കരിക്കുന്നതിനും ഇത് കാരണമാകുന്നുണ്ട്.



### *ക്വിയർ മനുഷ്യരും ഗാർഹികപീഡനവും.*

സമൂഹത്തിൽ സിസ് ജെന്റർ മനുഷ്യർ മാത്രമേ ഉള്ളൂ എന്നും ട്രാൻസ്/നോൺബൈനറി മനുഷ്യർ പ്രകൃതിപരമായി നിലനിൽക്കുന്നില്ല എന്നും ഉള്ള സിസ് സാധാരണത്വമാർന്ന സമൂഹത്തിൽ ജൈവികമായി സ്ത്രീശരീരത്തിൽ ജനിച്ച ജെന്റർ ക്വിയർ മനുഷ്യർ ജീവിതത്തിന്റെ പലവിധഘട്ടങ്ങളിൽ നേരിടേണ്ടി വരുന്ന മാനസികവും ശാരീരികവുമായ അക്രമങ്ങൾ ആരാലും അഭിസംബോധന ചെയ്യപ്പെടുന്നില്ല. മാനസികമായി താൻ സ്ത്രീയല്ല എന്നും പുരുഷനാണ് എന്നുമൊക്കെ തിരിച്ചറിവുണ്ടാകുമ്പോഴും പുരുഷാധിപത്യഘടനകളാൽ സ്ത്രീശരീരത്തിന്റെ പേരിൽ ചെറുപ്പകാലം തൊട്ടു അതിക്രമങ്ങൾക്ക് ഇരയാകേണ്ടി വരുന്ന ക്വിയർമനുഷ്യർ അനവധിയാണ്. നിർബന്ധിതവിവാഹത്തിന് ഇരയാകേണ്ടി വരിക, നിർബന്ധിത

ലൈംഗികപ്രവർത്തികളിലൂടെ സമൂഹത്തിന്റെ 'നേരെയാക്കലുകൾക്ക് ' ഇരയാകേണ്ടി വരിക എന്നിവ ഇക്കൂട്ടർക്ക് നിരന്തരം നേരിടേണ്ടി വരുന്ന കാര്യങ്ങളാണ്. ഒരു സിസ് സ്ത്രീക്ക് നേരിടേണ്ടിവരുന്ന ലൈംഗികചൂഷണങ്ങളോട് സമൂഹത്തിന്റെ പൊതുമനസ്സാക്ഷിക്ക് അനുതാപപൂർണ്ണമായ സമീപനമാണ് എങ്കിൽ സിസ് ഇതരവും ശാരീരികമായി സ്ത്രീശരീരമുള്ളവരുമായ മനുഷ്യർക്ക് സദാചാരത്തിന്റേയും സാധാരണത്വത്തിന്റേയും അച്ചടക്കവൽക്കരിക്കലിന്റേയും പേരിൽ നേരിടേണ്ടി വരുന്ന ലൈംഗികചൂഷണങ്ങളോട് സമൂഹത്തിന്റെ പൊതുമനസ്സിന് നിസ്സംഗഭാവമാണുള്ളത്. അവർ ഇത്തരത്തിൽ 'നേരെയാക്ക'പ്പെടുന്നത് ഭാവിയിൽ അവർക്കും സമൂഹത്തിനും 'നല്ലതാണ്' എന്ന ധാരണ ഇത്തരം ലൈംഗികാതിക്രമങ്ങൾ സാധാരണവൽക്കരിക്കപ്പെടുന്നതിനു കാരണമാകുന്നു. സുരക്ഷിതമായിരിക്കേണ്ട ഗാർഹികഅന്തരീക്ഷത്തിൽ സകലരാലും അംഗീകരിക്കപ്പെട്ട പീഡനമുറകൾ സാധാരണയെന്ന പോലെ അനുഭവിക്കാൻ ഈ ക്വിയർ മനുഷ്യർ നിർബന്ധിതരാകുന്നു. 'നേരെയാക്കലി'ന്റെ പേരിൽ ഒരു പുരുഷനുമായി വിവാഹം നടത്തപ്പെടുന്ന ജൈവികസ്ത്രീശരീരമുള്ള ക്വിയർ മനുഷ്യർ നേരിടേണ്ടി വരുന്ന ഭർതൃഗൃഹത്തിലെ പീഡനങ്ങൾ അനുഭവിക്കേണ്ടി വരുന്ന അവസ്ഥയും സംജാതമാകുന്നു. അത്തരം അക്രമങ്ങൾ 'ഭർത്താവിന്റെ അവകാശം' എന്നത് പോലെ പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്. ജെന്റർ ക്വിയർ മനുഷ്യർക്കും ലെസ്ബിയൻ സ്ത്രീകൾക്കും ഭർതൃഗൃഹത്തിൽ നേരിടേണ്ടി വരുന്ന ലൈംഗികപീഡനങ്ങൾ ഒരു സിസ് ജെന്റർ ഹെറ്ററോസെക്ഷ്വൽ സ്ത്രീക്ക് നേരിടേണ്ടി വരുന്നതു പോലെ കണക്കാക്കാറില്ല. എഴുതപ്പെട്ട നിയമങ്ങൾ എല്ലാ സ്ത്രീകളുടേയും ലൈംഗികസ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്ന നിലയിലാണെങ്കിലും സമൂഹത്തിന്റേയും സംസ്കാരത്തിന്റേയും സിസ്-ഹെറ്ററോ കേന്ദ്രിത ചിന്തകളുടെ സ്വാധീനം ഈ നിയമങ്ങൾ കൈകാര്യം ചെയ്യുന്നതിലെല്ലാം കടന്നുവരുന്നു.

ലെസ്ബിയൻ സ്ത്രീകൾ രക്തബന്ധമുള്ള മനുഷ്യരാൽ തന്നെ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്ന 'ചടങ്ങുകൾ' വരെ നിലനിൽക്കുന്നതാണ് നാം ജീവിക്കുന്ന സമൂഹം. സ്വന്തം സഹോദരനാലും പിതാവിനാലും ഒക്കെ ലൈംഗികമായി ലെസ്ബിയൻ സ്ത്രീകൾ പീഡിപ്പിക്കപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പുരുഷനെ അറിയാത്തതാണ് അവരുടെ ലെസ്ബിയൻ സ്വത്വത്തിനും സമലൈംഗികതക്കും കാരണം എന്ന ധാരണയിൽ ആണ് ലെസ്ബിയൻ സ്ത്രീകളുടെ മേലുള്ള ലൈംഗികാക്രമങ്ങൾ സാധാരണവൽക്കരിക്കപ്പെട്ടിരിക്കുന്നത്. ശരീരത്തെ വലിയ രീതിയിൽ രാഷ്ട്രീയവൽക്കരിച്ചിരുന്ന രണ്ടാംതരംഗ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളുടെ കാലത്തും ക്വിയർ സ്ത്രീകൾ നേരിടേണ്ടിവരുന്ന ലൈംഗികാതിക്രമങ്ങൾ ചർച്ച ചെയ്യപ്പെടാതെ പോയത് അക്കാലത്തും പിലൽക്കാലത്തും വിമർശിക്കപ്പെട്ടിട്ടുണ്ട്. ശരീരത്തിന്റെ രാഷ്ട്രീയ നില, ശരീരത്തിന്മേലുള്ള സ്വയംനിർണയാവകാശം, സ്വയംഭരണബോധം എന്നിവയൊക്കെ തന്നെ സിസ് ജെന്റർ ഹെറ്ററോ സെക്ഷ്വൽ ആയിട്ടുള്ള മനുഷ്യർക്കും ആ പ്രിവിലേജ് ഉള്ളവർക്കും മാത്രം സ്വാഭാവികമായി ലഭിക്കുന്നതും അങ്ങനെയല്ലാത്തവർക്ക് കടുത്ത പോരാട്ടം അവയ്ക്ക് വേണ്ടി നടത്തേണ്ടി വരികയും ചെയ്യുക എന്നതും ഒട്ടും അത്ഭുതമില്ലാതെ സാധാരണമായിരിക്കുന്നു നിലവിൽ.




### *പീഡനവും പ്രകൃതിവിരുദ്ധപീഡനവും*

സ്വവർഗത്തിൽ നിന്ന് തന്നെ സംഭവിക്കുന്ന ലൈംഗികപീഡനങ്ങളെ മാധ്യമങ്ങൾ ഇപ്പോഴും പ്രകൃതിവിരുദ്ധപീഡനം എന്നുള്ള രീതിയിലാണ് റിപ്പോർട്ട് ചെയ്യുന്നത്. പ്രകൃതിക്ക് വിധേയമായ പീഡനം, പ്രകൃതിക്ക് വിരുദ്ധമായ പീഡനം എന്നിങ്ങനെ ഒരു ദ്വന്ദ്വത്തെ സ്ഥാപിച്ചു പാലിക്കുകയാ

ണ് ഈ ചിന്താഗതിയിലൂടെ. ലിംഗം യോനിയെ ഭേദിക്കുന്ന തരം പീഡനത്തെ പ്രകൃതിപരമായ പീഡനം എന്നും അല്ലാത്തതിനെയെല്ലാം പ്രകൃതിവിരുദ്ധമായ പീഡനം എന്നും തിരിച്ചിരിക്കുന്നത് സാമ്രാജ്യത്വകാലത്തെ സദാചാരയുക്തി വെച്ചായിരുന്നു. ഇതിന്റെ ചുവടു പിടിച്ചായിരുന്നു പ്രായപൂർത്തിയായ മനുഷ്യരുടെ സ്വവർഗലൈംഗികപ്രവർത്തിയേയും കുറ്റകൃത്യമായി 2018 സെപ്റ്റംബർ 6 വരെ ഐ പി സി അനുസരിച്ച് കണക്കാക്കിയിരുന്നത്.

ഒരു പുരുഷന് പുരുഷനാൽ തന്നെ നേരിടേണ്ടി വരുന്ന ലൈംഗികകുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യാനോ നീതി തേടുവാനോ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. അതിനെ ചൂഷണം ചെയ്യുന്ന സ്ഥാപിതതാല്പര്യക്കാർ ഉണ്ടാവുന്നതും സാധാരണമാകുന്നു. സ്വവർഗാനുരാഗികൾക്ക് ഡേറ്റിങ്ങ് ആപ്പുകളിലൂടെയോ മറ്റോ പരിചയപ്പെടുന്ന വ്യക്തിയിൽ നിന്നുണ്ടാവുന്ന ശാരീരികപീഡനങ്ങൾ, സംഘം ചേർന്നുള്ള ബലാത്സംഗം, തട്ടിക്കൊണ്ടു പോകൽ, ഭീഷണിപ്പെടുത്തി പണം ആവശ്യപ്പെടൽ എന്നിവയിൽ പരാതിപ്പെട്ടാൽ പോലും നീതി ലഭിക്കാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. ഐ പി സി 377 പൂർണ്ണമായി നിലനിന്ന കാലത്തായിരുന്നു എങ്കിൽ പരാതിക്കാരൻ കുറ്റവാളിയാവുന്ന അവസ്ഥയും ഉണ്ടായിരുന്നു. മാനഹാനി ഭയന്നോ നീതി ലഭിക്കില്ല എന്ന ധാരണ കൊണ്ടോ ഇത്തരം കുറ്റകൃത്യങ്ങൾ പുറത്തറിയപ്പെടുന്നില്ല. ഇത്തരം ദുരനുഭവങ്ങളാൽ മാനസികമായി തകർന്നവരും സ്വൈരജീവിതം നശിച്ചവരും ആത്മഹത്യ ചെയ്തവരും അനവധിയാണ് നമുക്ക് ചുറ്റും.

ക്വിയർ മനുഷ്യർക്കും ക്വിയർ ഇതര മനുഷ്യർക്കും ഒരേ പരിഗണനയായിരിക്കണം.

2018 ൽ നവതെജ് സിംഗ് ജോഹർ യൂണിയൻ ഓഫ് ഇന്ത്യ കേസിൽ ഐ പി സി 377 ഭാഗികമായി റദ്ദാക്കാൻ സുപ്രീം കോടതി പരിഗണിച്ച പ്രധാന മുൻകാല കേസുകളിൽ ഒന്ന് പുട്ടസ്വാമി കേസ് ആയിരുന്നു. ഏതൊരു പൗരനും സ്വകാര്യതക്കും മാന്യതക്കും അവകാശം ഉണ്ടെന്നും അത്



അനുച്ഛേദം 21 അനുസരിച്ച് മൗലികാവകാശം തന്നെയാണ് എന്നും അതിൽ പറയുന്നുണ്ട്. ഈ നിയമവ്യാഖ്യാനം നിലനിൽക്കുന്ന ഇന്ത്യയിൽ ക്വിയർ മനുഷ്യരുടെ മാന്യത ഹനിക്കപ്പെടുന്നത് ഒരു സാധാരണസംഭവം ആകാൻ പാടില്ല. മെഡിക്കൽ പരിശോധനകളുടെ പേരിൽ മറ്റുള്ളവർക്ക് മുന്നിൽ വിവസ്ത്രരായി പരിശോധനക്ക് നിന്നുകൊടുക്കേണ്ടി വരുന്ന ട്രാൻസ്ജെന്റർ മനുഷ്യർ നിയമം നൽകുന്ന പരിരക്ഷ അനുഭവിച്ചു കിട്ടാത്തവരാകുന്നു. ഒരു വ്യക്തിയുടെ ജെന്റർ ആ വ്യക്തിയാണ് നിർണയിക്കുന്നത് എന്നിരിക്കെ ഇത്തരം സ്വകാര്യതാലംഘനങ്ങൾക്ക് ട്രാൻസ്മനുഷ്യർ ഇരയാകേണ്ടി വരുന്നത് ക്രൂരതയും നിയമവിരുദ്ധതയും ആണ്.

ഒരു ക്വിയർ വ്യക്തിയുടെ സമ്മതം, സ്വകാര്യത, മാന്യത ശരീരസ്വാതന്ത്ര്യം എന്നിവ കൃത്യമായി പാലിക്കപ്പെടുന്ന നിയമപാലനവും സാമൂഹികഘടനയും ഇവിടെ ഉറപ്പാക്കേണ്ടതുണ്ട്. ഇന്ത്യൻ ഭരണഘടന ഓരോ പൗരനും അനുവദിക്കുന്ന പ്രാഥമികവും മൗലികവും ആയ അവകാശത്തിന്റെ ഭാഗമാകുന്നു അത്.

ചർച്ചാവിഷയം




**റ്റിസി മറിയം തോമസ്**
മനശ്ശാസ്ത്ര വിഭാഗം
അധ്യാപിക
കേരള സർവ്വകലാശാല

# ലൈംഗികാതിക്രമങ്ങളിലെ അപരാധിയും ആണത്തബോധ നിർമ്മിതിയും : ഒരാമുഖം

നാഷണൽ ഹൈവേയിൽ വെച്ചാണ് വളരെ അപകടകരമായ രീതിയിൽ വീലിങ് നടത്തി വേഗതയിൽ കുതിക്കുന്ന ആ ആൺകുട്ടികളെ വീണ്ടും കണ്ടത്. ഇരുപതു വയസ്സിൽ കൂടുതലൊന്നും അവർക്കു തോന്നിക്കില്ല. ചീറിപ്പാഞ്ഞു പോകുന്ന കാറുകൾക്കും ഹെവി വെഹിക്കിൾസിനും ഇടയിലൂടെ ഏതോ സിനിമയിലെ ദൃശ്യം പോലെ അവർ വളഞ്ഞും പുളഞ്ഞും പോകുന്നു. ഈ കാഴ്ച പലയിടങ്ങളിലും സാധാരണമാണ്. നിയമപാലകരുടെ കണ്ണ് വെട്ടിച്ചു സ്വയം ഹരം പിടിച്ചുള്ള ഈ പോക്കിനെ ആണത്ത സ്റ്റീരിയോടൈപ്പുകളായ തന്റേടവും കൂസലില്ലായ്മയും സ്വാതന്ത്ര്യ പ്രഖ്യാപനവും ഭയമില്ലായ്മയും ഒക്കെയായി വായിച്ചെടുക്കാം.

...



ഒരു ചെറിയ ഗ്രാമത്തിലെ കുത്തനെ കയറ്റിറക്കങ്ങളുള്ള വെട്ടു റോഡിലൂടെ സൈക്കിളിൽ പായുന്ന, എൽ പി - യു പി ക്ലാസ്സിലെന്നു അനുമാനിക്കാനാവുന്ന, ചെറിയ ആൺകുട്ടികളെയും ഒരിക്കൽ കണ്ടു. ശനി-ഞായർ ദിവസങ്ങളിൽ അവർ മിക്കപ്പോഴും ഈ കയറ്റിറക്കങ്ങളിലൂടെ പാഞ്ഞു പാഞ്ഞു ധീരതയും സ്വാഭിമാനവും ഉറപ്പിച്ചു കൂക്കി വിളിച്ചു പൊയ്ക്കൊണ്ടിരുന്നു. റോഡരികിൽ നിൽക്കുന്ന മുതിർന്നവരാകട്ടെ 'ഈ ആങ്കുട്ട്യോള്' എന്ന് ശുണ്ഠി പിടിക്കുന്ന ശബ്ദത്തിൽ നിസ്സരമായി ചിരിച്ചു.

...,

കുന്നിൻ മുകളിലുള്ള പ്രാചീനമായ ക്ഷേത്രത്തിന്റെ പരിസരത്തു നിന്നും സ്കൂൾ യൂണിഫോമിൽ രണ്ടാൺകുട്ടികളെ സെക്യൂരിറ്റി ഗാർഡ് കണ്ടെത്തി സ്കൂൾ പ്രിൻസിപ്പലിനെ അറിയിച്ചു. അവരുടെ കൈയിൽ മയക്കു മരുന്നും സിഗററ്റുമുണ്ടായിരുന്നു. ഹൈസ്കൂളിലാണ് രണ്ടാളും. 'ഇതൊക്കെ എന്ത്' എന്ന മട്ടിലുള്ള ഭാവത്തോടെ നിന്ന അവരെ മറ്റു ടൂറിസ്റ്റുകൾ നോക്കി 'ആങ്കുട്ട്യോളുടെ ഹുങ്കേ' എന്നഭിപ്രായപ്പെട്ടു

....

പ്രണയിക്കുന്നവരൊക്കെ നിർദാക്ഷണ്യം ഉപേ

ക്ഷിച്ചുപോകുന്നെന്ന പേരിലാണ് ആ മനുഷ്യൻ ആദ്യമായി മനസ്സ് തുറന്നത്. സൗഹൃദത്തിനപ്പുറത്തേക്കുള്ള പ്രണയ-വിവാഹ ബന്ധങ്ങളെ ഭയന്നും അത് സംബന്ധിച്ച ഉത്തരവാദിത്തങ്ങളെ ഒഴിവാക്കിയും, ഒരു സ്ത്രീയോടും അയാൾ സ്വന്തം വികാരങ്ങൾ ആത്മാർഥമായി വെളിപ്പെടുത്തിയിരുന്നില്ല. ആരോടെങ്കിലും അടുക്കുമ്പോഴേക്കും അവർ അകന്നു പോകുമോ എന്നുള്ള ആശങ്കയും ഭയവും മറ്റൊരു തടസ്സമായിരുന്നു. പുരുഷസ്വത്വത്തെക്കുറിച്ചു മനസ്സിലാക്കിയിരുന്ന വികലമായ ധാരണകൾ അയാളെ വിഷാദത്തിലേക്കും ആത്മഹത്യാചിന്തകളിലേക്കും കൊണ്ടെത്തിച്ചു.

നമുക്ക് സുപരിചിതമായിട്ടും ദൈനം ദിനജീവിതത്തിൽ അവഗണിച്ചു പോകുന്ന ചില അനുഭവങ്ങളാണ് മേല്പറഞ്ഞത്. പുരുഷന്റെ മാനസിക ലോകനിർമ്മിതിയെ ആൺകോയ്മാമൂല്യങ്ങൾ ആകമാനം സ്വാധീനിച്ചിട്ടുണ്ട്. തന്റേതായ രീതിയിൽ മാത്രം ജീവിക്കാനും, എപ്പോഴും മേലധികാരം കാണിക്കാനും, എല്ലാ തടസ്സങ്ങളെയും വക വെക്കാതെ അതുറപ്പു വരുത്താനും, അധികാര പരിധിയെ സ്വയം നിർണയിക്കാനും, എന്തിന്, നിയമത്തെപ്പോലും വെല്ലുവിളിക്കാനും അക്രമത്തെ സാധൂകരിക്കാനും കഴിയുന്ന തരത്തിലുള്ള അപകടകരമായ ആൺബോധനിർമിതിയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. തീവ്രവും ഗൗരവതരവുമായ പ്രതിസന്ധികളിലേക്കു നയിക്കുന്ന ആൺബോധനിർമ്മിതിയുടെ പ്രകടവും അന്തർലീനവുമായ വേരുകൾ, ലൈംഗിക അതിക്രമക്കേസുകളുടെ ചരിത്രത്തെ കൂടുതൽ വിശാലമായി മനസ്സിലാക്കാൻ സഹായകമാണ്.

### അപരാധികളുടെ മാനസിക നിർമ്മിതി

(ലൈംഗികാതിക്രമങ്ങളിൽ കുറ്റം ചുമത്തപ്പെട്ടവരെ സാധാരണയായി വിളിക്കാറുള്ള കുറ്റവാളി എന്ന വിശേഷ പദത്തിനു പകരം അപരാധി എന്നാണ് ഈ ലേഖനത്തിലുടനീളം ഉപയോഗിച്ചിരിക്കുന്നത്. അപരാധ ക്രിയയുടെ അദൃശ്യമായ കാരണങ്ങളിലേക്കുകൂടി ശ്രദ്ധ ക്ഷണിക്കുന്നതിനു വേണ്ടിയാണിത്.)

ലോകമെമ്പാടും ലൈംഗിക ന്യൂനപക്ഷങ്ങൾക്കും പെണ്ണിനും ആണിനും എതിരായി തുടരുന്ന അക്രമ പരമ്പരയുടെ കാരണങ്ങളിലേക്കും പരിഹാര മാർഗ്ഗങ്ങളിലേക്കുമുള്ള ചർച്ചകളും ആലോചനകളും ആവർത്തിക്കുന്ന തുടർക്കഥ മാത്രമായിരിക്കുകയാണ്. ലിംഗഭേദമെന്ന വിഭജനം സമാധാനത്തോടെയും ഒരുമയോടെയുമുള്ള മാനുഷിക ബന്ധങ്ങൾക്ക് വലിയൊരു നിലയിൽ തടസ്സമാവുന്നുണ്ടെന്നുള്ളത് ചരിത്ര യാഥാർത്ഥ്യമാണ്. ഒരു സ്വതന്ത്ര വ്യക്തിയുടെ എല്ലാ നിലയ്ക്കുമുള്ള വികാസത്തെയും അത് പ്രതികൂലമായി ബാധിക്കുന്നത് കൊണ്ടു തന്നെ, ലൈംഗിക മേൽക്കോയ്മ ഹേതുവായ അതിക്രമങ്ങളുടെ പട്ടിക നിരത്തി കാരണങ്ങൾ പരിശോധിക്കുന്നതിന് സമകാലിക സമൂഹത്തിന് വലിയ സാംഗത്യമുണ്ട്. ഈ സാമൂഹ്യാവസ്ഥയെ മുഖ്യ വിഷയമാക്കിക്കൊണ്ട് ലൈംഗികാതിക്രമണങ്ങളിലെ കുറ്റവാളികളെയും (അപരാധികളെ), അതിജീവിതകളോടൊപ്പം നിർമ്മിച്ചെടുക്കുന്ന വ്യവസ്ഥിതിയെക്കുറിച്ചുള്ള ഒരു സംവാദത്തിന് ആമുഖതലമൊരുക്കാനുള്ള ആലോചനയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ (2020) കണക്കു പ്രകാരം സ്ത്രീകൾക്കെതിരെയുള്ള അപരാധങ്ങളെ ബലാത്സംഗം, ബലാത്സംഗ ശ്രമം, അഭിമാനക്ഷതം എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. അപരാധങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും അതിക്രമങ്ങളുടെയും നിർമ്മിതിയും വികാസവും വളരെ ആഴത്തിൽ അറിയാൻ ഈ കണക്കുകളെ വിശാലമായ അർത്ഥത്തിൽ സമീപിക്കുന്നത് സഹായകമാവും. അപരാധികളുടെ എണ്ണത്തിൽ വലിയ ശതമാനവും സുഹൃത്ത്, കാമുകൻ, ഭർത്താവ്, അച്ഛൻ, അമ്മാവൻ, അയൽവക്കക്കാരൻ എന്നിങ്ങനെ പൊതു സമൂഹത്തിൽ പരിചിതരും നിത്യ ജീവിതത്തിൽ നമ്മൾ ഇടപെടുന്നതുമായ പുരുഷന്മാരാണ് / ആണുങ്ങളാണ്. ഇത് സാമാന്യ ബോധമാണെങ്കിലും ഈ വസ്തുതകൾ പല ചോദ്യങ്ങളും ഉയർത്തുന്നുണ്ട്

ഒന്ന്, ഏതു സ്ത്രീ -പുരുഷ ബന്ധവും എ

**പുരുഷന്റെ മാനസിക ലോകനിർമ്മിതിയെ ആൺകോയ്മാമൂല്യങ്ങൾ ആകമാനം സ്വാധീനിച്ചിട്ടുണ്ട്. തന്റേതായ രീതിയിൽ മാത്രം ജീവിക്കാനും, എപ്പോഴും മേലധികാരം കാണിക്കാനും, എല്ലാ തടസ്സങ്ങളെയും വക വെക്കാതെ അതുറപ്പു വരുത്താനും, അധികാര പരിധിയെ സ്വയം നിർണയിക്കാനും, എന്തിന്, നിയമത്തെപ്പോലും വെല്ലുവിളിക്കാനും അക്രമത്തെ സാധൂകരിക്കാനും കഴിയുന്ന തരത്തിലുള്ള അപകടകരമായ ആൺബോധനിർമിതിയാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്.**

പ്പോൾ വേണമെങ്കിലും അക്രമസ്വഭാവമുള്ളതാകാൻ സാധ്യതയുണ്ട്. ലിംഗ സമവാക്യങ്ങളിലെ അനീതിയും അസമത്വവും സൂചിപ്പിക്കുന്നത് എല്ലാ തരത്തിലുമുള്ള ആക്രമണ സാധ്യതയും ഒരോ ബന്ധങ്ങളിലും പ്രതീക്ഷിച്ച് അതുപ്രകാരം മുൻ കരുതലിന് തയ്യാറെടുക്കാനുമുണ്ടെന്നാണ്. വ്യക്തി ബന്ധങ്ങളിൽ അവയുടെ ഗതി വ്യക്തമായി മനസിലാക്കാനും അതനുസരിച്ചുള്ള മുൻ കരുതലെടുക്കാനുള്ള പിന്തുണ നൽകാൻ കുടുംബത്തിനും മറ്റു സാമൂഹ്യ സ്ഥാപനങ്ങൾക്കും കഴിയേണ്ടതാണ്. എന്നിട്ടും സ്ത്രീകൾ എങ്ങനെയാണു പൊടുന്നനെ അക്രമത്തിനു ഇരകളാകുന്ന മട്ടിലുള്ള സംഭവങ്ങളുണ്ടാവുന്നത്? സ്ത്രീകളോടൊപ്പം തന്നെ ട്രാൻസ്ജൻഡറുകളും ലൈംഗിക ന്യൂനപക്ഷങ്ങളിലെ അംഗങ്ങളും നേരിടുന്ന അതിക്രമങ്ങളും പ്രധാനമാണ്. തുടരുന്ന ആത്മഹത്യകളും കൊലപാതകങ്ങളും അവരോടുള്ള പൊതുസമൂഹത്തിന്റെ അവഗണനയുടെയും വിവേചനത്തിന്റെയും ഫലമാണെന്ന് ഇവിടെ കൂട്ടിവായിക്കേണ്ടതുണ്ട്.

രണ്ട്, ലിംഗഭേദത്തിനുപരിയായി മനുഷ്യബന്ധങ്ങളെ നിർവചിക്കുന്നതിലും മാതൃക കാണിക്കുന്നതിലും കുടുംബഘടനയും വിദ്യാഭ്യാസ രീതികളും മതം -ജാതി- ഭാഷാക്രമങ്ങളും മാധ്യമങ്ങളും നിയവ്യവസ്ഥയും എന്തൊക്കെ മാർഗ്ഗനിർദേശങ്ങളാണ് മുന്നോട്ടു വെക്കുന്നത്? കാലഹരണപ്പെട്ട മാതൃകകളെ ഉടച്ചു വാർക്കാനും, അതിലൂടെ ബോധപൂർവമായ പുനർവായനയെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും കഴിയാത്തതെന്തു കൊണ്ടാണ്?

മൂന്ന്, അപരാധികളായ കുടുംബാംഗങ്ങളുടെ ശതമാനക്കണക്ക് വ്യക്തമാക്കുന്നത് ഗാർഹിക ഇടങ്ങളിലെ ലിംഗനീതിയുടെ അപര്യാപ്തതയാണ്. ഇതിനെതിരെ പ്രതിരോധിക്കാനുള്ള സാമൂഹിക ഇടപെടലുകളെ ശക്തമാക്കാൻ കഴിയാത്തത് എന്ത് കൊണ്ടാണ്? വീടകങ്ങളിലെ അന്യായസ്വഭാവമുള്ള ക്രയവിക്രയങ്ങൾ ഇപ്പോഴും ഭരണകൂടത്തിനും നിയമത്തിനും കൈയെത്താനാവാത്ത ദ്വീപുകളാവുന്നതെന്താണ്?

ഈ ചോദ്യങ്ങൾ സംഗ്രഹിക്കുന്നത് വീണ്ടും ലിംഗസ്വത്വനിർമിതിയിലേക്കും ലിംഗ അനീതികളുടെ പരിഹാര മാർഗങ്ങളിലെ ന്യൂനതകളിലേക്കും ലൈംഗിക അസമത്വങ്ങളുടെ അടിസ്ഥാനപരമായ പ്രതിരോധ രീതികളിലേക്കുമാണ്.

### ലൈംഗികാതിക്രമികളായ പുരുഷന്മാർ

ലൈംഗികപീഡകരിൽ സ്ത്രീകളേക്കാൾ എണ്ണത്തിൽ കവിഞ്ഞു നിൽക്കുന്നത് പുരുഷന്മാരാണെന്നാണ് വസ്തുത. ആധിപത്യ സ്വഭാവരീതികൾ പിന്തുടരുന്ന ആണത്ത മൂല്യങ്ങൾ എത്രമാത്രം ആഴത്തിൽ പുരുഷന്മാരുടെ ആന്തരിക മനസ്സിൽ ഉറച്ചിട്ടുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

സ്ത്രീ പുരുഷ സ്വഭാവ വ്യത്യാസങ്ങൾ പല കാര്യങ്ങളിലും നിലനിൽക്കുന്നതിന്റെ കാരണങ്ങൾ ജനിതകപരമാണോ അനുഭവശീലങ്ങളാലാണോ എന്നുള്ളത് പൊതുവായി അഭിപ്രായപ്പെടാനാവില്ല. സാംസ്കാരികപരമായ വിവിധങ്ങളായ മാനങ്ങൾ ഇവിടെ പരിഗണിക്കേണ്ടതുണ്ട്. ഒരു അപരാധി/ അക്രമി/ കുറ്റവാളി എന്നീ നിലകളിലൊക്കെ ഒരു പുരുഷൻ രൂപപ്പെടുന്നത് മാനസികമായ കുറെയധികം ഘട്ടങ്ങൾ കഴിഞ്ഞാണ്. ആ പ്രക്രിയയെ വിശദമാക്കാൻ ശാരീരിക - പരിണാമ സംബന്ധ - വ്യക്തിത്വ വികസന - പെരുമാറ്റ പഠന - സാമൂഹ്യവൽക്കരണ - അവബോധപരമായ - സ്ത്രീപക്ഷവാദ സിദ്ധാന്തങ്ങളേറെയാണ്.

ആൺകുട്ടിയോടുള്ള മുൻഗണന അവന്റെ ജനനം തുടങ്ങി ജീവിതത്തിലെ ഓരോ ചുവടുവയ്പിലേയും തെരഞ്ഞെടുപ്പു സ്വാതന്ത്ര്യത്തിന്റെ പരിധി വിശാലമാക്കുന്നതാണ്. സൗഹൃദം, പ്രണയം, വിവാഹം, തൊഴിൽ, സാമൂഹ്യ ഇടപെടലുകൾ എന്നിങ്ങനെ എന്തിലും സാമർഥ്യം, സ്വാധീനം, ശക്തി എന്നിവയൊക്കെ പ്രകടിപ്പിക്കാനും പിടിച്ചു വാങ്ങാനുമുള്ള അധികാര പരിശീലനം അവർക്കു ലഭിക്കുന്നുണ്ട്. സ്വായത്തമാക്കാനും ആനന്ദിക്കാനുമുള്ള പ്രവണതയിൽ സ്ഥാവര ജംഗമ വസ്തുക്കളോടൊപ്പം പ്രകൃതിയും മൃഗങ്ങളും സ്ത്രീകളും മറ്റു ലൈംഗിക ന്യൂനപക്ഷങ്ങളും കുഞ്ഞുങ്ങളും പെടും. ആൺമേൽക്കോയ്മാഘടന തന്നെ ആ സ്വാതന്ത്ര്യം നീട്ടുകയും 'പെൺകോന്തൻ' എന്ന് വിളിച്ചു ചുറ്റുപാടിലുള്ള എല്ലാത്തിനെയും വരുതിക്ക് നിർത്താൻ നിർബന്ധിക്കുകയും ചെയ്യുന്നു. ആ മൂല്യങ്ങൾ തന്നെയാണ് ഭരണകൂടത്തിന്റെയും നി

**ലിംഗഭേദത്തിനുപരിയായി മനുഷ്യബന്ധങ്ങളെ നിർവചിക്കുന്നതിലും മാതൃക കാണിക്കുന്നതിലും കുടുംബഘടനയും വിദ്യാഭ്യാസ രീതികളും മതം –ജാതി– ഭാഷാക്രമങ്ങളും മാധ്യമങ്ങളും നിയമമാർഗവും എന്തൊക്കെ മാർഗ്ഗനിർദേശങ്ങളാണ് മുന്നോട്ടു വെക്കുന്നത്? കാലഹരണപ്പെട്ട മാതൃകകളെ ഉടച്ചു വാർക്കാനും, അതിലൂടെ ബോധപൂർവമായ പുനർവായനയെ മുഖ്യധാരയിലേക്ക് കൊണ്ട് വരാനും കഴിയാത്തതെന്തു കൊണ്ടാണ്?**

യമത്തിന്റെയും കലയുടെയും വിദ്യാഭ്യാസത്തിന്റെയും പൊതുസമൂഹത്തിന്റെയുമൊക്കെ പ്രാഥമികതീരുമാനങ്ങൾ. അവിടെ മറിച്ചൊരു തീരുമാനമെടുത്തു സ്വന്തം ഇടം കണ്ടെത്തി മുന്നോട്ടു പോകണമെങ്കിൽ, ചെറുപ്പം മുതലേ ആൺകുട്ടികൾക്ക് ബുദ്ധിയും യുക്തിയുമുപയോഗിക്കാനുള്ള പരിശീലനം നൽകേണ്ടതുണ്ട്. വക്രമായ അല്ലെങ്കിൽ ദുഷിച്ച ധാരണകളെ (കോഗ്നിറ്റീവ് ഡിസ്റ്റോർഷൻസ്) ശരിയായ അവബോധത്താൽ മാറ്റിയെഴുതാൻ വഴി തെളിക്കേണ്ടതുണ്ട്.

ചെറുപ്പകാലത്തുണ്ടായ അനാരോഗ്യകരമോ പ്രതികൂലമോ ആയ അനുഭവങ്ങൾ, മുതിർന്നു വരുമ്പോൾ വൈരാഗ്യവും അക്രമവാസനയും സൃഷ്ടിക്കുമെന്ന വാദവുമുണ്ട്. സ്വയം ക്രമപ്പെടുത്താനും ഉൾപ്രേരണകളെ നിയന്ത്രിക്കാനുമുള്ള അവബോധവും പരിശീലനവും ഇവിടെ ആവശ്യമാണ്. ലൈംഗികാപരാധത്തിന് പല പരിമാണത്തിലുള്ള ഘടകങ്ങൾ ഉണ്ടെന്നിരിക്കേ ഏക സിദ്ധാന്തത്തിൽ ഇതിനെ വിശദീകരിക്കാനാവില്ല, സ്വയം സംയമനം പാലിക്കാനുള്ള മാർഗങ്ങൾ ശീലിപ്പിക്കുകയും ധാരണയെ ഉണർത്തി സ്വയാവബോധത്തിലേക്കു നയിക്കാൻ പ്രേരിപ്പിക്കുകയുമാണ് എല്ലാ സിദ്ധാന്തങ്ങളും ഉപസംഹരിക്കുന്നതും.

### അപരാധികൾക്കും അതിജീവിതകൾക്കുമിടയിൽ

ഇരകളോ അതിജീവിതകളോ ആകാൻ ജനനം മുതൽ തന്നെ സ്ത്രീകളെ തയ്യാറാക്കുന്ന പഠനരീതികൾ, അപരാധികളാകാനും മനുഷ്യ ബന്ധങ്ങളിൽ അധികാര കേന്ദ്രങ്ങളാകാനും പുരുഷന്മാരെയും സജ്ജമാക്കുന്നുണ്ട്., സ്ത്രീയെ അടക്കി ഒതുക്കി നടത്താനും, മറ്റൊരു വീട്ടിൽ അടുക്കള ജോലി ചെയ്യാനും, മുതിർന്ന എല്ലാ പുരുഷന്മാർക്കും കീഴ്പ്പെട്ടു ജീവിക്കാനും പഠിപ്പിക്കുന്ന വ്യവസ്ഥിതി മേൽപ്പറഞ്ഞ സജ്ജമാകലിനെ കാലാകാലങ്ങളായി കാണാതെ പോകുന്നു. ഒരു ആൺകുട്ടിയെ എങ്ങനെയാണു വളർത്തേണ്ടതെന്ന അങ്കലാപ്പോ തയ്യാറെടുപ്പോ നമ്മുടെ ഗാർഹിക ഇടങ്ങളിൽ ഉണ്ടാവാറില്ല. അവൻ എങ്ങനെയെങ്കിലും പെരുമാറിക്കോളുമെന്നും അതിനനുസരിച്ചുള്ള മാറ്റങ്ങൾ മറ്റു കുടുംബാംഗങ്ങൾ നടത്തിക്കോളുമെന്നുമുള്ള അലിഖിതമായ ഒരു പെരുമാറ്റ ചട്ടം അവിടെയുണ്ട്. ആ കുട്ടിയുടെ പെരുമാറ്റ ദൂഷ്യങ്ങളും കലഹവും എതിർപ്പുമെല്ലാം 'ആണായാൽ അങ്ങനെ വേണം' എന്ന മനോഭാവത്തിൽ സാധൂകരിക്കപ്പെടുന്നു. വിഷമയമായ ആണത്തബോധത്തെ നിർമ്മിച്ചെടുത്ത സ്വത്വബോധമാണ് അവൻ കൗമാരത്തിലേക്കെത്തുമ്പോഴേക്കും ദൃഢമാവുന്നത്. സ്ത്രീയുടെ ഇടങ്ങളെയും സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള ചിന്തകളെ 'ഫെമിനിച്ചി' എന്ന വിളിപ്പേരോടെ ഒതുക്കുന്നതാണ് ആണത്തമെന്ന് പഠിപ്പിച്ച്, സ്ത്രീകളെന്ന 'ആജന്മശത്രുക്കളെ' നിലക്ക് നിർത്താൻ കഴിയാവുന്ന നിലക്ക് 'ഉയരാൻ' പരിശീലിപ്പിക്കുന്നൊരു വ്യവസ്ഥിതിയാണ് നമ്മുടെത്. സ്വന്തം ഭക്ഷണം ഉണ്ടാക്കാനും വസ്ത്രം വൃത്തിയായി സൂക്ഷിക്കാനും കുഞ്ഞിനെ സംരക്ഷിക്കാനും വീട് കാക്കാനും ഒരു മനുഷ്യായുസ്സു മുഴുവൻ മറ്റൊരു സ്ത്രീയുടെ സഹായവും മേൽനോട്ടവും ഈ വക കാര്യങ്ങൾക്കു അത്യന്താപേക്ഷിതമാണെന്ന് ആണത്തപാഠങ്ങൾ മനസ്സിലാക്കികൊടുക്കുന്നു. വീട്ടിലെ അച്ഛനും അമ്മാവനും വല്യച്ഛനും മുത്തച്ഛനും അയൽപക്കത്തെ ചേട്ടനും സിനിമയിലെ ഹീറോയും പരസ്യങ്ങളിലെ ആൺ മോഡലുകളുമെല്ലാം പരസഹായത്തോടെയല്ലാതെ ഈ പറഞ്ഞ കാര്യങ്ങൾ ചെയ്യാത്തപ്പോൾ, ഒരു ആൺകുട്ടിക്കു ഇതരമാർഗ്ഗമുണ്ടാവാൻ യാതൊരു സാധ്യതയുമില്ല.

പ്രിവിലേജുകളുടെ അഥവാ വിശേഷാധികാരങ്ങളുടെ സുഖവും സ്വസ്ഥതയും ഏറ്റുവാങ്ങിക്കൊണ്ടേയിരിക്കുന്ന ആൺലോകത്തു മറിച്ചൊരാലോചനയുടെ ആവശ്യമേ ഉദിക്കുന്നില്ല. മുൻ നിർണ്ണയിക്കപ്പെട്ട വഴികളിലൂടെ ആൺമക്കളെ നയിക്കുകയല്ലാതെ മാതാപിതാക്കൾ, മറ്റൊന്നും പരിശീലിപ്പിക്കുന്നുമില്ല. നിലനിൽക്കുന്ന ആണത്ത മുൻവിധികളും വിവേചനവും അവനെ കൊണ്ടെത്തിക്കുന്നത് ആരോഗ്യപരമായ രീതികളിൽ മാനസിക പിരിമുറുക്കത്തെ നേരിടാനാവാത്ത അവസ്ഥയിലേക്കാണ്. മാനസികാരോഗ്യ കണക്കുകളിൽ സൂചി

**ഒരു ആൺകുട്ടിയെ എങ്ങനെയാണു വളർത്തേണ്ടതെന്ന അങ്കലാപ്പോ തയ്യാറെടുപ്പോ നമ്മുടെ ഗാർഹിക ഇടങ്ങളിൽ ഉണ്ടാവാറില്ല. അവൻ എങ്ങനെയെങ്കിലും പെരുമാറിക്കോളുമെന്നും അതിനനുസരിച്ചുള്ള മാറ്റങ്ങൾ മറ്റു കുടുംബാംഗങ്ങൾ നടത്തിക്കോളുമെന്നുമുള്ള അലിഖിതമായ ഒരു പെരുമാറ്റ ചട്ടം അവിടെയുണ്ട്. ആ കുട്ടിയുടെ പെരുമാറ്റ ദൂഷ്യങ്ങളും കലഹവും എതിർപ്പുമെല്ലാം 'ആണായാൽ അങ്ങനെ വേണം' എന്ന മനോഭാവത്തിൽ സാധൂകരിക്കപ്പെടുന്നു.**

പ്പിക്കുന്ന മദ്യപാന- ലഹരി ഉപയോഗനിരക്കുകൾ നൽകുന്ന അന്തിമ വിശകലനം പുരുഷന് സഹായമാവശ്യമുണ്ടെന്നാണ്.പ്രണയപരാജയത്തെ അംഗീകരിക്കാനാവാതെ കാമുകിയെ ക്രൂരമായി കൊലപ്പെടുത്താനാവുന്ന മാനസികവിശേഷത്തിലേക്ക് ഒരു യുവാവെത്തുമ്പോൾ അപരാധികളാവുന്നത്, അവനോടൊപ്പം അവന്റെ ജൻഡർ പാഠപുസ്തകങ്ങളും കൂടിയാണ്. അവന്റെ പിറകിൽ നിയമലംഘനം നടത്തുന്ന എല്ലാ സംഘങ്ങളേയും മൗനികളാക്കുകയും അവരെക്കുറിച്ചു ഒരു തരത്തിലും പ്രതിപാദിക്കുക പോലും ചെയ്യാത്ത അന്വേഷണങ്ങളും മാധ്യമ വിവരണങ്ങളും നിശബ്ദമാക്കുന്നത് ആൺബോധ നിർമ്മിതിയുടെ കൂട്ടാളികളെയാണ്. തൊഴിൽരാഹിത്യവും സാമ്പത്തിക പ്രതിസന്ധിയും ബന്ധങ്ങളിലെ പാളിച്ചകളും ആരുമായും പങ്കുവെക്കാൻ ശീലിക്കപ്പെടാതെ, സ്വയം കൈകാര്യം ചെയ്യുമ്പോൾ, പിഴച്ചു പോകുന്നത് ഒരുപക്ഷേ, അവന്റെ കുടുംബ- സൗഹൃദ -തൊഴിൽ- സാമൂഹ്യ ബന്ധങ്ങൾ തന്നെയാണ്. ആൺകോയ്മാ മൂല്യങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് അപരാധികളായ പുരുഷന്മാരെ ന്യായീകരിക്കാനോ അക്രമങ്ങളെ പിന്തുണക്കാനോ അല്ല, മറിച്ചു ലിംഗഭേദമെന്ന വസ്തുതയെ അപരാധികളുടെ ആണത്ത ബോധ നിർമ്മിതിയിൽ നിന്നും മനസ്സിലാക്കാനും അവയെ പുറത്തു കൊണ്ടുവരാനുമാണ് ശ്രമിക്കേണ്ടത്.

**ആണത്ത നിർമ്മിതിയിലെ സാമൂഹിക പങ്കാളിത്തം**

പുരുഷന്മാരുടെ മാനസിക നിർമിതിയെക്കുറിച്ചുള്ള പഠനങ്ങളും ചർച്ചകളും പാശ്ചാത്യ രാജ്യങ്ങളിലെ അക്കാദമിക മേഖലകളിൽ തുടരുന്നുണ്ടെങ്കിലും, കേരളത്തിൽ, ലൈംഗിക അസമത്വത്തെക്കുറിച്ചുള്ള ചർച്ചകളിൽ ഇവയെ കാര്യമായി ഉൾപ്പെടുത്തിയിട്ടില്ല. എന്തിന്, ജൻഡറിനെക്കുറിച്ചുള്ള എല്ലാ പരിപാടികളും സ്ത്രീകളെ (മാത്രം) പങ്കെടുപ്പിച്ചു കൊണ്ടുള്ളതും അവരുടെ ശാക്തീകരണത്തെ ലക്ഷ്യമാക്കിയുള്ളതുമാണ്. എന്നാൽ കഴിഞ്ഞ ജൂണിൽ കേരളത്തിലെ പല കലാലയങ്ങളിലും നടന്ന സ്വാഭിമാനാഘോഷം ഇതിനൊരു അപവാദമായിരുന്നു.

1960 – 70കളിൽ പാശ്ചാത്യ രാജ്യങ്ങളിൽ ആരംഭിച്ച പുരുഷന്മാരുടെ അവകാശ സംരക്ഷണത്തിന് വേണ്ടിയുള്ള പ്രസ്ഥാനങ്ങൾ, സെക്സിസമെന്ന സാംസ്കാരിക വിഷയം, സ്ത്രീയെയും പുരുഷനെയും ഒരേ പോലെ ബാധിക്കുന്നുണ്ടെന്നും സ്ത്രീക്കും ഈ വ്യവസ്ഥിതിയിൽ വിശേഷാധികാരങ്ങൾ ലഭിക്കുന്നുണ്ടെന്നും അഭിപ്രായപ്പെടുന്നു. വിമോചന പ്രസ്ഥാനങ്ങൾ തന്നെയായിരുന്നു അവ. ഇന്ത്യയിലെ പുരുഷാവകാശ പ്രസ്ഥാനങ്ങൾ 1990 –2000 കാലഘട്ടത്തിലാണ് പ്രവർത്തനം തുടങ്ങുന്നത്. സ്ത്രീധനം, വിവാഹ മോചനം, കുട്ടിയുടെ രക്ഷാപാലനം എന്നിങ്ങനെയുള്ള വിഷയങ്ങളിൽ നിയമപരമായ പക്ഷപാതമുണ്ടെന്ന വാദത്തിലാണ് പുരുഷ പ്രസ്ഥാനം ശ്രദ്ധകേന്ദ്രീകരിച്ചത്.

ലൈംഗിക അസമത്വങ്ങളെ കൈകാര്യം ചെയ്യുന്ന പ്രക്രിയയിലെ പ്രശംസനീയമായ കാര്യം, ട്രാൻസ്ജൻഡറുകളുടെയും ലൈംഗിക ന്യൂനപക്ഷങ്ങളുടെയും ക്ഷേമത്തിലുള്ള താല്പര്യമാണ്. പല മേഖലയിലേക്കും അവർ എത്തിപ്പെടുന്നുവെന്നുള്ളതും ഇതിനൊരു കാരണമാണ്. അതിനോടൊപ്പം തന്നെ ബോധപൂർവം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് വിഷമയമായ ആണത്ത നിർമിതീരൂപങ്ങളെ തിരിച്ചറിയുകയെന്നത്. അവയെ ഒരു തരത്തിലും ആഘോഷിക്കപ്പെടാനോ ബലപ്പെടുത്താനോ അനുവദിക്കാതിരിക്കുക വഴി മാതൃകകൾ ഇല്ലാതെയാകും. ഒപ്പം, ആരോഗ്യകരമായ ആൺബോധം സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. വീടകങ്ങളിലും വിദ്യാഭ്യാസമേഖലയിലുമാണ് അത് തുടങ്ങേണ്ടത്. ലിംഗഭേദത്തിനതീതമായ മാനുഷിക ബന്ധങ്ങളിലേക്ക് വ്യക്തികളെ കൊണ്ടുവരിക വഴി മാത്രമാണ് ലൈംഗികാതിക്രമങ്ങളുടെ പ്രതിരോധമാർഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനാവുക.സ്ത്രീയുടെയും പുരുഷന്റെയും സാമൂഹ്യവൽക്കരണത്തിനു ബോധപൂർവവും പക്ഷഭേദമില്ലാതെയുള്ളതുമായ ഇടപെടലുകൾ അത്യാവശ്യമാണ്. സ്ത്രീകളുടെയോ മറ്റു ലിംഗസ്വത്വങ്ങളുടെയോ പ്രശ്നങ്ങളിൽ നിന്നും സ്വയം ഒഴിവാകാനും അവയെ അവഗണിക്കാനുമുള്ള പ്രവണതയാണ് ആൺകോയ്മാ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നത്. വിഷമയമായ ആൺ ബോധത്തിൽ നിന്നും പരസ്പരപൂരകങ്ങളായ മനുഷ്യരെന്ന നിലയിൽ സഹാനുഭൂതിയോടെ സഹവർത്തിക്കാൻ ബോധപൂർവ്വമായ പരിശീലനം ആവശ്യമാണ്.


(ലൈംഗികാതിക്രമങ്ങളിൽ അപരാധിയായ പുരുഷനെയോ പുരുഷമൂല്യങ്ങളെയോ പിന്തുണക്കുകയാണ് ഈ ലേഖനമെന്ന തെറ്റായ വായനക്ക് ഒരുപക്ഷേ സാധ്യതയുണ്ടാകാം. സാമൂഹ്യവ്യവസ്ഥയും ഘടനയും ആൺബോധ നിർമ്മിതിയിൽ വഹിക്കുന്ന പങ്കിനെ മനസ്സിലാക്കുകയും അത് തിരുത്താനുള്ള പദ്ധതികളിൽ പങ്കാളിയാവുകയും ചെയ്യേണ്ടതുണ്ടെന്ന പശ്ചാത്തലമാണ് ഈ എഴുത്തിന് ആസ്പദം. മറിച്ചൊരു വായനക്ക് ലേഖിക ഉത്തരവാദിയായിരിക്കില്ല).



**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

**ഈ** വർഷത്തെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകൾ പ്രഖ്യാപിക്കപ്പെടുകയും, സമ്മാനിക്കപ്പെടുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. സ്വാഭാവികമായും എന്നത്തേയും പോലെ ആഘോഷങ്ങൾക്കും , ആരോപണങ്ങൾക്കും, ചർച്ചകൾക്കും, വിവാദങ്ങൾക്കും അവാർഡുകൾ തിരികൊളുത്തുകയും ചെയ്തു. പക്ഷെ ഈ കോലാഹങ്ങളിൽ പെടാതെ പോയ ഒരു അവാർഡിനെ കുറിച്ച് സംസാരിക്കാനാണ് വഴിത്താരകൾ ശ്രമിക്കുന്നത്.നല്ല ചലച്ചിത്ര ഗ്രന്ഥത്തിന് സ്പെഷൽ ജൂറി പരാമർശം നേടിയ ഡോ. ഷീബ എം. കുര്യൻറെ പുസ്തകമാണത്.

# അവാർഡിന്റെ തിളക്കത്തിൽ ഷീബയുടെ സിനിമാ പുസ്തകം




ഒരു പത്ത് വർഷം മുമ്പെങ്കിലും മികച്ച സംവിധായകൻ, മികച്ച അഭിനേതാക്കൾ തുടങ്ങിയുള്ള അവാര്ഡുകള്ക്കൊപ്പം തന്നെ തിളക്കമുള്ള അവാര്ഡായിരുന്നു ,തികച്ച ചലച്ചിത്ര ഗ്രന്ഥത്തിനുള്ള അവാർഡും. ക്യാംപസുകളിൽ ഗൗരവമേറിയ ചലച്ചിത്ര പഠനങ്ങൾ രംഗപ്രവേശം ചെയ്ത കാലഘട്ടം കൂടി ആയിരുന്നു അത്.ലോകസിനിമയെ മലയാളിക്ക് പരിചയപ്പെടുത്തുന്നതിലും, അന്തർദേശിയ തലത്തിൽ തന്നെ പടർന്നു പന്തലിക്കുന്ന ചലച്ചിത്ര പഠനപദ്ധതിയിലെ നൂതനധാരകളിലേക്കു മലയാള ചലച്ചിത്ര അന്വേഷണങ്ങളെ ചേർത്ത് നിർത്തുന്നതിലും ഈ പഠനങ്ങൾ നിസ്തുലമായ പങ്കു വഹിച്ചിട്ടുണ്ട്.സംസ്കാര പഠനങ്ങളുടെ

അവിഭാജ്യ ഘടകമായി മാറിയ ചലച്ചിത്ര ചിന്തകൾ ഒരുപാടു ഉത്സാഹത്തോടെയാണ് സാധാരണ വായനക്കാരും അക്കാദമിക സമൂഹവും എതിരേറ്റത്.സിനിമയെ കുറിച്ചുള്ള ഏതൊരു പുതിയ എഴുത്തും ശ്രദ്ധ ക്ഷണിച്ചിരുന്നു.ചിന്തകളെ കൂടുതൽ ജാഗരൂകമാക്കിയിരുന്നു.അവ സംവാദങ്ങൾക്ക് ഇടം ഒരുക്കിയിരുന്നു.കൂടുതൽ സൂക്ഷ്മമായ ചലച്ചിത്ര മനനങ്ങളിലേക്കു അവ നമ്മേ കൂട്ടി കൊണ്ട് പോയി.

അടുത്ത കാലത്തായി ഈ മേഖലയിൽ ഒരു മാന്ദ്യം സംഭവിച്ചിട്ടുണ്ടോ? ഷീബയ്ക്കു കിട്ടിയ പ്രത്യേക പരാമർശത്തെക്കുറിച്ചോ, അവാർഡ് കിട്ടിയ പുസ്തകത്തിനെ കുറിച്ചോ കേവലം വാർത്തക്കപ്പുറം ഒരു പരാമർശമോ,ചർച്ചയോ മുഖ്യധാരാ അച്ചടി മാധ്യമങ്ങളിലോ സമൂഹ മാധ്യമങ്ങളിലോ കണ്ടില്ല. ഇനി അഥവാ ഉണ്ടായിട്ടുണ്ടെങ്കിൽ ച്ചത്!

കേരള സർവകലാശാലയിലെ മലയാള വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോക്ടർ ഷീബ കഴിഞ്ഞ കുറച്ചു വർഷങ്ങളായി സിനിമയെ അതർഹിക്കുന്ന ആഴത്തിൽ വായിക്കാൻ ശ്രമിക്കുന്ന വ്യക്തിയാണ്. കേരളത്തിൽ, ചലച്ചിത്രസംവിധായികമാർ ആകുന്നതിനു മുൻപ് സിനിമയെ സ്ത്രീ പക്ഷ വീക്ഷണകോണിലൂടെ വായി ച്ചു കൊണ്ടാണ് സ്ത്രീകൾ രംഗത്തെത്തിയത്. നടിമാർ, മേക്കപ്പ് ആർട്ടിസ്റ്റുകൾ, നൃത്ത സംവിധായകർ എന്നീ നിലകളിൽ സ്ത്രീകൾ മലയാള സിനിമയിൽ നിറസാന്നിധ്യമായിരുന്നു. എന്നാൽ അവരിൽ പലരെയും നമ്മൾ ‘കണ്ടു’ തുടങ്ങിയത് സ്ത്രീ പ്രസ്ഥാനത്തിന്റെ ഇടപെടലിനെ തുടർന്നാണ്. മാത്രമല്ല ചലച്ചിത്രങ്ങളിലെ സ്ത്രീ കഥാപാത്രങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക എന്നത് സ്ത്രീ



തന്നെ അത് ഒരു കാര്യമായ ആലോചനക്ക് കാരണം ആയിട്ടില്ല. സിനിമ അവാർഡും, നടീ നടന്മാർക്കുള്ള അവാർഡും എല്ലാം വലിയ തർക്കങ്ങൾക്കും അഭിപ്രായ വ്യത്യാസങ്ങൾക്കും വഴി തെളിച്ചപ്പോൾ എന്തുകൊണ്ടാണ് ചലച്ചിത്ര ഗ്രന്ഥത്തിനുള്ള അംഗീകാരം അത്ര ശ്രദ്ധ ആകർഷിക്കാതിരുന്നത്? അതും സിനിമയും എഴുത്തും ഒരു പോലെ ഹരമായി കൊണ്ട് നടക്കുന്ന മലയാളികൾക്കിടയിൽ? താരതമ്യേന സ്ത്രീകൾക്ക് അധികം അവാർഡ് കിട്ടാത്ത ഒരു മണ്ഡലമാണിത്. അത് കൊണ്ട് തന്നെ ഷീബ കുര്യന്റെ അവാർഡിന് ജൻഡർ പ്രാധാന്യവുമുണ്ട്. പൊതുവെ ഇത്തരം നേട്ടങ്ങളിൽ വളരെ ശുഷ്കാന്തി പ്രകടിപ്പിക്കുന്ന, ചലച്ചിത്ര സാക്ഷരത അവകാശപ്പെടുന്ന കേരള സമൂഹം എന്തുകൊണ്ടാണ് ഇവിടെ അടക്കം പാലി

പ്രസ്ഥാനത്തിന്റെ ആവശ്യകത കൂടി ആയിരുന്നു.ചലച്ചിത്രങ്ങളെ കുറിച്ചുള്ള ആദ്യകാല സ്ത്രീ രചനകൾ പലതും ആക്ടിവിസത്തിന്റെ ഒരു തുടർ പ്രവർത്തനം ആയിരുന്നു.

പക്ഷെ 2021 ലെ അവാർഡിനർഹമായ ഫോക്കസ്:സിനിമാപഠനങ്ങൾ എന്ന ഷീബയുടെ പുസ്തകത്തിലെ ലേഖനങ്ങൾ ഒരു ഫെമിനിസ്റ്റ് പരിപ്രേക്ഷ്യത്തിൽ നിന്നും കൊണ്ട് മാത്രം എഴുതപ്പെട്ടവയല്ല. സ്ത്രീപക്ഷ സിദ്ധാന്ത ധാരകളെ ഉൾകൊള്ളുന്ന രണ്ടു ലേഖനങ്ങൾ ഒഴിച്ച് നിർത്തിയാൽ മറ്റു ലേഖനങ്ങൾ വ്യത്യസ്ത ദിശകളിൽ സഞ്ചരിക്കുന്നവയാണ്. പല ആനുകാലികങ്ങളിലും റിസർച്ച് ജേർണലുകളിലും പല സമയങ്ങളിലായി അച്ചടിച്ച് വന്ന പത്തോളം ലേഖനങ്ങളുടെ സമാഹാരമായ ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്ന

ത് ഗയ പുത്തകച്ചാലയാണ്.

വിവിധ ഘട്ടങ്ങളിൽ എഴുതപ്പെട്ട ലേഖനങ്ങളായതു കൊണ്ട് തന്നെ പത്തു അധ്യായങ്ങളെ കോർത്തിണക്കുന്ന ഒരൊറ്റ ആശയമോ, വാദമുഖമോ നമുക്കിവിടെ കാണാനാവില്ല . എന്നാൽ ഓരോ അധ്യായവും ഗൗരവമായ സമീപനവും, ശ്രദ്ധേയങ്ങളായ ചില നിരീക്ഷണങ്ങളും, സരളമായ ആഖ്യാന ശൈലിയും കൊണ്ട് വായനക്കാരെ പ്രചോദിപ്പിക്കാം.. ലോക/ഇന്ത്യൻ/മലയാള സിനിമകളിൽ എഴുത്തുകാരിയെ ആകർഷിച്ചിട്ടുള്ള ചില സവിശേഷതലങ്ങളെയും കാഴ്ചാനുഭവങ്ങളെയും വായനക്കാരുമായി പങ്കു വെക്കുകയാണ് ഷീബ ചെയ്യുന്നത്. സിനിമ പഠനമേഖലയിൽ തുടക്കക്കാർക്ക് മുതൽ ഏറെ ദൂരം സഞ്ചരിച്ചവർക്കു വരെ ഈ ലേഖനങ്ങളിൽ നിന്ന് ഉൾക്കൊ ള്ളാനും, ചിന്തിക്കാനുമുള്ള സാമഗ്രികളുണ്ട് എന്നതാണ് ഈ സമാഹാരത്തിന്റെ പ്രത്യേകതയായി എനിക്ക് തോന്നിയത്.


'സിനിമയുടെ സഞ്ചാരങ്ങൾ' എന്ന ആദ്യ ലേഖനം പത്തൊൻപതാം നൂറ്റാണ്ടിൽ പിറന്നു വീണ ചലച്ചിത്ര കലയുടെ ആഗോള പ്രയാണത്തെ കുറിച്ചുള്ള ഒരു കുറിപ്പാണ്. സാധാരണ ഗതിയിൽ ഇന്ത്യൻ സിനിമയുടെ ചരിത്രത്തിൽ കാണാത്ത തെന്നിന്ത്യൻ സിനിമാ ചരിത്രത്തിലേക്ക് ഈ ലേഖനം നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു എന്നത് സ്വാഗതാർഹമാണ്.തുടർന്നുള്ള സിനിമാ പഠനങ്ങൾ കൂടുതലും പ്രമേയത്തിൽ ഊന്നി നില്കുന്നു എന്ന പ്രതീതി ഉളവാക്കുന്നുണ്ട്. സാങ്കേതിക വശങ്ങളിലേക്ക് എത്തിനോക്കുവാൻ ചില ശ്രമങ്ങൾ ഇവിടെ കാണുന്നുണ്ട് എങ്കിലും കേവലം ചില പരാമർശങ്ങള്ക്കപ്പുറം ഒരു വിശകലന രീതിശാസ്ത്രത്തെ വികസിപ്പിച്ചെടുക്കാൻ ആ അറിവുകൾ പര്യാപ്തമാണോ എന്ന സന്ദേഹം ബാക്കി നില്കുന്നു.ജനപ്രിയ സിനിമകളെ കുറിച്ചുള്ള ഷീബയുടെ നിരീക്ഷണങ്ങൾ കേരളത്തിലെ ചലച്ചിത്ര പഠിതാക്കൾ പലവുരു ആവർത്തിച്ചു കഴിഞ്ഞ ചില സമവാക്യങ്ങളിൽ വീണ്ടും കുടുങ്ങി പോകുന്നുണ്ടോ എന്ന ആശങ്കയും ഉണ്ടാക്കുന്നു .കുടുംബം.പ്രത്യയശാസ്ത്രഘടന,ആഗോളവത്കരണത്തിന്റെ സാമ്പത്തിക-സാമൂഹ്യ ഉത്കണ്ഠകൾ എന്നിവക്കപ്പുറം സിനിമാ നിരൂപണങ്ങളും അപഗ്രഥനരീതികളും സഞ്ചരിക്കാൻ തുടങ്ങേണ്ടതല്ലേ ?പവിത്രം, ആറാം തമ്പുരാൻ തുടങ്ങിയ സിനിമകളുടെ വായനകൾ ചില ഉദാഹരണങ്ങൾ മാത്രം.

വളരെ ആത്മാർത്ഥമായി, അർപ്പണബോധത്തോടെയാണ് ഷീബ തന്റെ ഉത്തരവാദിത്തം നിറവേറ്റുന്നത്.എങ്കിലും ചില വിടവുകൾ സൂചിപ്പിക്കാതെ വയ്യ.പുസ്തകത്തിനു മുന്നോടിയായി "സംസ്കാരപഠനത്തിലൂന്നിയുള്ള ഗവേഷണാത്മകമായ സിനിമാപഠനങ്ങളാണ്" തന്റേത് എന്ന് പറയുമ്പോൾ, മലയാളത്തിൽ തന്നെ ഇതിനകം വന്നു കഴിഞ്ഞ ഗഹനങ്ങളായ ചലച്ചിത്ര പഠനങ്ങൾ,ആസ്വാദനങ്ങൾ,വിമർശനങ്ങൾ എന്തുകൊണ്ടാണ് സഹായക ഗ്രന്ഥങ്ങളുടെ പട്ടികയിൽ ഇല്ലാതെ പോയത് എന്ന് എന്നെ മാത്രമല്ല അത്ഭുതപ്പെടുത്തുക. വിശേഷിച്ചും സ്ത്രീപക്ഷ വായനകളെ കുറിച്ചുള്ള ലേഖനങ്ങളായാലും ജനപ്രിയ ചലച്ചിത്രഅവലോകനങ്ങളായാലും മലയാള സിനിമയെ കുറിച്ച് ഇംഗ്ലീഷിലും മലയാളത്തിലും വന്നിട്ടുള്ള പുസ്തകങ്ങളോ പഠനങ്ങളോ കുറിപ്പുകളോ ശ്രദ്ധയിൽ പെട്ടില്ല.പാശ്ചാത്യ സൈദ്ധാന്തികർക്കുള്ള മുൻതൂക്കം സംസ്കാര പഠനങ്ങളിൽ പ്രത്യേകിച്ചും വേണ്ടത്ര ഫലപ്രദം ആവില്ലല്ലോ. കഴിഞ്ഞ രണ്ടു ദശകങ്ങളിലായി കേരളത്തിലെ ചലച്ചിത്ര പഠനശാഖ ഈ മേഖലയിൽ സമ്പന്നമായ ഒരു ജ്ഞാനമണ്ഡലത്തെ ഉണ്ടാക്കി എടുത്തിട്ടുണ്ട്.യൂറോപ്യൻ സൈദ്ധാന്തിക ചട്ടക്കൂടിനുള്ളിലേക്കു പാശ്ചാത്യേതര സിനിമാ സംസ്കാരങ്ങളെ തിരുകി കയറ്റുന്നതിനു പകരം ,സവിശേഷമായ സാംസ്കാരിക ഭൂമികകുളിൽ നിന്ന് കൊണ്ട് ഇവിടത്തെ ചലച്ചിത്ര ഭാവുകത്വത്തെ മനസ്സിലാക്കുവാൻ സർഗ്ഗാത്മകമായ ശ്രമങ്ങൾ നടന്നിട്ടുണ്ട്. ആ സംവാദങ്ങളുടെ തുടർച്ചകളാണ് നമുക്കിനി വേണ്ടത്.അവയെ മറികടന്നു കൊണ്ടുള്ള നോട്ടങ്ങളും,ഉൾക്കാഴ്ചകളും ആവശ്യമാണ് . വരുംകാലങ്ങളിൽ ഷീബയുടെ ഗവേഷണ ത്വര അത്തരമൊരു സംവാദോന്മുഖത വെളിപ്പെടുത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**ഓരോ അധ്യായവും ഗൗരവമായ സമീപനവും, ശ്രദ്ധേയങ്ങളായ ചില നിരീക്ഷണങ്ങളും, സരളമായ ആഖ്യാന ശൈലിയും കൊണ്ട് വായനക്കാരെ പ്രചോദിപ്പിക്കാം.. ലോക/ഇന്ത്യൻ/മലയാള സിനിമകളിൽ എഴുത്തുകാരിയെ ആകർഷിച്ചിട്ടുള്ള ചില സവിശേഷതലങ്ങളെയും കാഴ്ചാനുഭവങ്ങളെയും വായനക്കാരുമായി പങ്കു വെക്കുകയാണ് ഷീബ ചെയ്യുന്നത്.സിനിമ പഠനമേഖലയിൽ തുടക്കക്കാർക്ക് മുതൽ ഏറെ ദൂരം സഞ്ചരിച്ചവർക്കു വരെ ഈ ലേഖനങ്ങളിൽ നിന്ന് ഉൾക്കൊള്ളാനും, ചിന്തിക്കാനുമുള്ള സാമഗ്രികളുണ്ട് എന്നതാണ് ഈ സമാഹാരത്തിന്റെ പ്രത്യേകതയായി എനിക്ക് തോന്നിയത്.**

കവിത

# കണ്ണുകെട്ടിക്കളി



**ശാലിനി രാമചന്ദ്രൻ**
അദ്ധ്യാപിക
മലയാളവിഭാഗം
സി.എം.എസ്. കോളേജ്

കുഞ്ഞുങ്ങളെല്ലാം ദേവികളായിരുന്നോരു ദേശമുണ്ടായിരുന്നു
അവിടെ പൂണൂലുപോലെ നീണ്ടോരൊറ്റ പള്ളിക്കൂടവും
പോകരുതെന്ന് വിലക്കുണ്ടായിരുന്നു.
കണ്ണുകെട്ടിക്കളിച്ചെപ്പോഴോ
അറിയാതൊരുണ്ണി പൂണൂൽ പള്ളികൂടത്തിലകപ്പെട്ടു.
കണ്ണടച്ചുരുവിട്ടുകൊണ്ടേയിരിക്കുന്നവർ,
കണ്ടിട്ടും കാണാതെ–
കരയാൻ മറന്നവായാൽ ചവച്ചുനിൽക്കുന്നു,
പൊൻമണികിലുക്കത്തിലൊത്തിരി ഗോക്കൾ.
കൺകെട്ടഴിച്ചിട്ടും നിറഞ്ഞ നെയ്ദീപത്തിൻ ചൂട്
തെളിച്ചമില്ലാത്തതെന്തേയെന്നുണ്ണിയ്ക്കാശ്ചര്യം
നാളുനാളേറെക്കടന്നു, വളർന്നെപ്പോഴോ പുറത്തേയ്ക്കും....
അതിശയം, നെഞ്ചിൻകൂടുചുറ്റെ നൂൽവലയം
നിറമിളകിയൊലിച്ചോരു കറുപ്പ് തൂവെള്ളകുപ്പായമാകെ,
ഉരച്ചിട്ടുമുരച്ചിട്ടും പോകാതെ തോട്ടുവക്കത്തൊരു നെടുവീർപ്പ്
വെയിലകന്നോരുച്ചബാക്കിയിൽ കളിച്ചു കുഞ്ഞുകൺകൾകെട്ടി
എത്തീ, തിരിഞ്ഞുമറഞ്ഞ നടത്തത്തിനപ്പുറമൊരു, പൂമുഖം
ഊഞ്ഞാലിലാടി പൂണൂലുറയിട്ടോരു ബാല്യത്തിനതിഗൗരവം
കല്ലിച്ച നിശബ്ദത ഭയപ്പാടെന്ന നിമിഷത്തിൽ കൺകെട്ടഴിച്ചതും
ആഞ്ഞടഞ്ഞു പുതുകൊത്തുവേല ചാതുരിയായൊരു വാതിൽ
മഴക്കാലമെന്നതോ ശരി, കാറ്റുവീശിയതെന്നാകുമോ?
അന്നുതൊട്ടെന്ന പോലാകുമോ
ദേവാംശമൊക്കെയും മാഞ്ഞ കുഞ്ഞുപിറവികൾ
അതിരുചാർത്തുവാൻ, കനത്ത വാതിൽപ്പുറങ്ങൾക്കും മെച്ചമായ്
പുതുമരം നാടൊട്ടുശിരോടെ പടർന്നു. മതം പോലുള്ളുറച്ചവ
വംശം പോൽ പുറംതൊലി നേർത്തതും
കുഞ്ഞുങ്ങളെല്ലാം ദേവകളായിരുന്നോരു ദേശത്ത്
കണ്ണുകെട്ടിക്കളി കാറ്റിൽ പറന്നുപോയി
കളികളില്ലാതെ കനച്ചകണ്ണുകൾ പിന്നേയും ഞെട്ടി
നൊന്തു, വിറങ്ങലിച്ചു
നീണ്ട വൃത്തവരാന്തയുടെ പൂണൂൽ സർവ്വകലാശാലയ്ക്കുള്ളിൽ
രഹസ്യത്തിലെ രഹസ്യമായി ഭൂതകാലത്തെയുറക്കി
പുതപ്പായ് പൊതിഞ്ഞ്
കറപടർന്നതൂവെള്ളകുപ്പായം, അതിൻമേലൊരു കാഴ്ചപ്പെട്ടകപ്പൂട്ടും






ഡോ.ജാൻസി ജോസ്

# അടികൊണ്ടു മാറുന്ന സൂക്കേടുകൾ

ഇത്രയും പുരോഗതി പ്രാപിച്ചിട്ടും കേരളത്തിൽ സ്ത്രീകൾ ഭൂപടത്തിനു പുറത്ത് പോവുകയാണോ?ആണും പെണ്ണും അടങ്ങുന്ന ഒരു വലിയ സമൂഹം സ്ത്രീ പീഡകർക്കൊപ്പം നിൽക്കുന്ന തുകാണുമ്പോൾ വെറൊന്നും ചോദിക്കാൻ തോന്നുന്നില്ല.സ്ത്രീകൾക്ക് പലതും മനസിലാക്കാൻ കഴിയാതെവരുന്നത് ആരുടെയെങ്കിലും ചട്ടുകങ്ങളായി മാറുന്നതുകൊണ്ടാവുമോ?അതോ സ്ഥാനമാനങ്ങൾ പ്രതീക്ഷിച്ച് വാലും ചുരുട്ടി കണ്ണടച്ച് ഇരിക്കുന്നതു കൊണ്ടോ?

എന്തായാലും ഇതിൽകൂടുതൽ എന്തെങ്കിലും പറഞ്ഞാൽ സ്വയം കുത്തി ചാവുന്നപോലാവില്ലേ? നിർത്തി, പെണ്ണുങ്ങളുടെ തമ്മിൽ തല്ലിനെക്കുറിച്ച് പറയുന്നതു നിർത്തി.



തെറി പറയുന്നത് കുത്തകാവകാശമായി കരുതുന്നവർ ഏറെയുണ്ട്. ആണുപറഞ്ഞാൽ അഭിമാനവും പെണ്ണ് പറഞ്ഞാൽ അപമാനവും ആണ് ഇവർക്ക്. തെറിവാക്കുപയോഗിച്ചു എന്ന് പരാതികൊടുത്താൽ കൂടിവന്നാൽ ഇത്രയൊക്കയേ ഉണ്ടാവാൻ വഴിയുള്ളൂ. അതിനുപകരം നല്ല നാലുതെറി പഠിച്ചിരുന്നാൽ നമുക്കു വേണ്ടിടത്തോളം ,അല്ല മതിയാവുന്നിതത്തോളം തെറി തിരിച്ചു പറയാനാവും.തെറിമാത്രമല്ല നല്ല മെയ് വഴക്കവും അറിഞ്ഞിരിക്കണം നമ്മുടെ സാനിയ ഈയ്യപ്പന്റെ കൈനിവർത്തിയുള്ള അടി സ്ത്രീകളുടെ അഭിമാനമുയർത്തി എന്നു പറയാതെ വയ്യ. നല്ല തല്ലുകൊണ്ടാൽ തീരുന്ന സൂക്കേടുകളേ പലർക്കും ഉള്ളൂ എന്ന് ആർക്കാണറിയാത്തത്.അടക്കവും ഒതുക്കവും പഠിപ്പിക്കുന്നതിനു പകരം അടിയുംതടയുംപഠിപ്പിക്കാൻ തുടങ്ങുകതന്നെവേണം

ആക്രാന്തം പിടിച്ച ജനങ്ങൾക്കിടയിലൂടെ സ്ത്രീകളെ കോണ്ടുവരുമ്പോൾ എത്രമാത്രം സുരക്ഷ ഒരുക്കേണ്ടതുണ്ട് എന്ന ബോധ്യം നമുക്കുണ്ടാവേണ്ടതുണ്ട്.നമ്മുടെയിടയിൽ സ്ത്രീകൾക്ക് ; അതാരുമാവട്ടെ, ബഹുമാനം കിട്ടും എന്ന് ആരെങ്കിലും വിചാരിക്കുന്നെങ്കിൽ അതു തെറ്റി. സ്ത്രീകളെ ബഹുമാനിക്കണമെന്ന് ഏതെങ്കിലും വീട്ടിൽ നിന്നു കണ്ടുപഠിക്കുകയോ കേട്ടുപഠിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ മാത്രം അതു പ്രതീക്ഷിച്ചാൽ മതി എന്നർത്ഥം. എന്തിന്റേയും അവസാനം പെണ്ണല്ലേ എന്ന ഒരേ ഒരു പ്രയോഗം കരുതിവെച്ചിരിക്കുന്നവർക്കിടയിൽനിന്നും അപമാനം പ്രതീക്ഷിച്ചാൽ മതി.നമ്മുടെ ആസൂത്രണങ്ങൾക്കൊന്നും ഈ പോരായ്മ നികത്താൻ കഴിയാതിരിക്കുന്നത് അവയൊക്കെ മറ്റുള്ളവരിൽ പ്രയോഗിക്കുവാൻ ഉണ്ടാക്കുന്ന പദ്ധതികളായതുകൊണ്ടാണ്.നമുക്ക് പെൺകുട്ടികളെ ചുണക്കുട്ടികളാക്കാം.

ശാസ്ത്രം



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# ക്രിസ്പറിന്റെ മാതാവിനെ തേടി പ്രഥമ കിംബർലി പുരസ്ക്കാരം



ശാസ്ത്രനേട്ടങ്ങൾക്ക് പിതാക്കൾ മാത്രമല്ല മാതാക്കളുമുണ്ടെന്ന് ലോകം കൈയടിച്ച് അംഗീകരിക്കുന്ന കാലമാണിത്. മുമ്പും ശാസ്ത്ര ഗവേഷണത്തിൽ വിസ്മയ നേട്ടങ്ങൾ കൈയെത്തിപ്പിടിച്ച വനിതകൾ ഉണ്ടായിരുന്നെങ്കിലും പലർക്കും കണ്ടുപിടിത്തത്തിന്റെ ക്രെഡിറ്റോ അംഗീകാരമോ ലഭിച്ചതേയില്ല. ജീൻ എഡിറ്റിങ്ങിൽ വിസ്മയങ്ങൾ വിരിയിച്ചുകൊണ്ടിരിക്കുന്ന, തന്മാത്രാ കത്രിക എന്നറിയപ്പെടുന്ന ക്രിസ്പറിന്റെ മാതാക്കളായ ജെന്നിഫർ ഡൗഡ്നയ്ക്കും ഇമ്മാനുവെല്ലെ ഷാർപെന്റിയറിനുമായിരുന്നു 2020-ലെ രസതന്ത്ര നൊബേൽ പുരസ്ക്കാരം. ഇപ്പോഴിതാ ജെന്നിഫർ ഡൗഡ്നയെ തേടി പ്രഥമ കിംബർലി പുരസ്ക്കാരവും എത്തിയിരിക്കുന്നു. മനുഷ്യാരോഗ്യം മെച്ചപ്പെടുത്താൻ സഹായിക്കുന്ന , ജനിതക രോഗങ്ങളെ പേടിക്കേണ്ടാത്ത ഒരു കാലം വാഗ്ദാനം ചെയ്യുന്ന ക്രിസ്പർ ജീൻ എഡിറ്റിങ്ങ് സങ്കേതം മനുഷ്യരിൽ പ്രയോഗിക്കാൻ കഴിയും വിധം യാഥാർഥ്യമാക്കിയ

തിനാണ് പുരസ്ക്കാരം. നോർത്ത് വെസ്റ്റേൺ യൂണിവേഴ്സിറ്റിയിലെ ഫെയ്ൻബെർഗ് സ്ക്കൂൾ ഓഫ് മെഡിസിൻ ആന്റ് സിംപ്സൺ ക്വെറി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എപ്പിജനറ്റിക്സ് ആണ് പുരസ്ക്കാരം പ്രഖ്യാപിച്ചത്. ജൈവരസതന്ത്ര മേഖലകളിൽ വിസ്മയ നേട്ടങ്ങൾ കൈവരിക്കുന്ന ഗവേഷകരെ ആദരിക്കാനായി കിംബെർലി ക്വെറി തന്റെ ഭർത്താവ് ലോ സിംപ്സണിന്റെ സ്മരണാർഥം ഏർപ്പെടുത്തിയ പുരസ്ക്കാരമാണിത്.

1964-ൽ വാഷിങ്ടൺ ഡിസിയിൽ ഡൊറോത്തി ജെയിനിന്റെയും മാർട്ടിൻ ഡൗഡ്നയുടെയും മകളായാണ് ജെന്നിഫർ ഡൗഡ്നയുടെ ജനനം. ഡൗഡ്നയ്ക്ക് ഏഴു വയസ്സുള്ളപ്പോൾ പിതാവിന് ഹവായ് യൂണിവേഴ്സിറ്റിയിൽ അധ്യാപകനായി ജോലി ലഭിച്ചതോടെ കുടുംബം അങ്ങോട്ടു ചേക്കേറി. ഹവായിലെ അതിമനോഹരമായ പ്രകൃതി കൊ


ജെന്നിഫർ ഡൗഡ്ന

ച്ചു ഡൗഡ്നയിൽ നിരീക്ഷണപാടവം വളർത്തി. ഡൗഡ്നയ്ക്കായി അച്ഛൻ പോപ്പുലർ സയൻസ് പുസ്തകങ്ങളുടെ ഒരു ശേഖരം തന്നെയൊരുക്കി. ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ സമ്മാനമായി ലഭിച്ച വാട്സന്റെ 'ഡബിൾ ഹെലിക്സ്' എന്ന പുസ്തകമാണ് തന്നെ ഏറെ സ്വാധീനിച്ചതെന്ന് ഡൗഡ്ന പറയുന്നു. ഹൈസ്ക്കൂളിലെ രസതന്ത്ര അധ്യാപികയായിരുന്ന ജീനെറ്റ് വോങ്ങും ആ പെൺ

**ജൈവരസതന്ത്ര മേഖലകളിൽ വിസ്മയ നേട്ടങ്ങൾ കൈവരിക്കുന്ന ഗവേഷകരെ ആദരിക്കാനായി കിംബെർലി ക്വെറി തന്റെ ഭർത്താവ് ലോ സിംപ്സണിന്റെ സ്മരണാർഥം ഏർപ്പെടുത്തിയ പുരസ്ക്കാരമാണിത്.**

കുട്ടിയിലെ ശാസ്ത്രതാല്പര്യം വളർത്തുന്നതിൽ മുഖ്യ പങ്കു വഹിച്ചു.

കാലിഫോർണിയയിലെ പൊമോണ കോളേജിൽ നിന്നും 1985-ൽ ജൈവരസതന്ത്രത്തിൽ ബിരുദം നേടിയ ഡൗഡ്ന ഉപരിപഠനത്തിനായി ഹാർവാഡ് മെഡിക്കൽ സ്ക്കൂൾ ആണ് തെരഞ്ഞെടുത്തത്. 1989-ൽ ഡോക്ടറേറ്റ് നേടിയ ഡൗഡ്ന മസ്സാച്ചുസെറ്റ്സ് ജനറൽ ഹോസ്പിറ്റലിൽ തന്മാത്രാ ജീവശാസ്ത്രത്തിലും ഹാർവാഡ് മെഡിക്കൽ സ്ക്കൂളിൽ ജനിതകത്തിലും ഗവേഷണങ്ങൾ തുടർന്നു. തുടർന്ന് കൊളറാഡോ യൂണിവേഴ്സിറ്റിയിൽ ബയോമെഡിക്കൽ സയൻസിൽ പോസ്റ്റ്ഡോക്റ്ററൽ സ്ക്കോളർ ആയി. ആർ.എൻ.എ ഗവേഷണങ്ങളിൽ ഡൗഡ്നയുടെ സംഭാവനകൾ ലോകം ശ്രദ്ധിച്ചു.

കലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷണം തുടരുന്നതിനിടെ ഇമ്മാനുവെല്ലെ ഷാർപെന്റിയറുമായി കൈകോർത്തു ഡൗഡ്ന നടത്തിയ ഗവേഷണങ്ങളാണ് ഇരുവരെയും രസതന്ത്ര നൊബേൽ നേട്ടത്തിലേക്ക് എത്തിച്ചത്. ബാക്റ്റീരിയകളെ വൈറസ് ബാധിക്കുമ്പോൾ അവ അതിനെ പ്രതിരോധിക്കുന്നതെങ്ങനെ എന്ന അന്വേഷണത്തിനൊടുവിൽ വൈറസ് ഡി.എൻ.എ. തകർത്തുകൊണ്ടാണ് ബാക്റ്റീരിയകൾ വൈറസ്സിനെ തുരത്തുന്നതെന്ന് ഷാർപെന്റിയർ തിരിച്ചറിഞ്ഞു. 2011-ൽ ഈ ഗവേഷണത്തിൽ ജൈവരസതന്ത്രത്തിലും ആർ.എൻ.എ ഗവേഷണങ്ങളിലും അഗ്രഗണ്യയായ ഡൗഡ്ന കൂടി പങ്കാളിയായതോടെ ബാക്റ്റീരിയയിലെ ജീൻ എഡിറ്റിങ് വിദ്യ പുനർ രൂപകല്പന ചെയ്ത് ടെസ്റ്റ് ട്യൂബിൽ സാധ്യമാക്കാൻ കഴിഞ്ഞു! ഈ നൂറ്റാണ്ടിലെ വിസ്മയ നേട്ടം എന്നു തന്നെ വിശേഷിപ്പിക്കാവുന്ന, ജീവന്റെ കോഡുകൾ തന്നെ തിരുത്തിയെഴുതാൻ ശേഷിയുള്ള ക്രിസ്പർ കാസ്-9 എന്ന നൂതന ജീൻ എഡിറ്റിങ് സങ്കേതം അങ്ങനെ യാഥാർഥ്യമായി. ഇത് മനുഷ്യരിൽ പ്രയോഗിക്കാൻ കഴിയും വിധം രൂപകല്പന ചെയ്യാനും സാധിച്ചു. കാലിഫോർണിയ ബെർക്കിലി സർവ്വകലാശാലയിൽ ക്രിസ്പറിന്റെ പ്രായോഗിക സാധ്യതകൾ കൂടുതൽ വിശാലമാക്കാനുള്ള ഗവേഷണങ്ങളുമായി മുന്നേറിക്കൊണ്ടിരിക്കുകയാണ് ഇപ്പോൾ ജെന്നിഫർ ഡൗഡ്നയും സഹപ്രവർത്തകരും.


AVA
NEW
MEDIMIX®
TOTAL CARE
SHAMPOO
ടോട്ടൽ
എന്നാൽ എല്ലാം
അമൂല്യമായ പ്രകൃതിദത്ത ചേരുവകളാൽ
സമ്പന്നമായ മെഡിമിക്സ് ട്രിപ്പിൾ ആക്ഷൻ
ഷാംപൂ നിങ്ങളുടെ കേശത്തിന് സമ്മാനിക്കുന്നു
ടോട്ടൽ സംരക്ഷണം. നമ്മുടെ മുടിയിഴകൾ
ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളായ
താരൻ, മുടികൊഴിച്ചിൽ എന്നിവക്കെതിരെ
പോരാടി മുടിയിഴകൾക്ക് സംരക്ഷണം
നൽകുവാനും മുടിയെ കണ്ടീഷൻ ചെയ്യുവാനും,
മെഡിമിക്സിൽ അടങ്ങിയിരിക്കുന്ന 9 പ്രകൃതിദത്ത
ചേരുവകൾക്ക് പുറമെ ആപ്പിൾ സിഡർ
വിനീഗർ, ടീ ട്രീ ഓയിൽ മുതലായവ നമ്മളെ
സഹായിക്കുന്നു. അങ്ങനെ മുടിയിഴകൾക്ക്
ടോട്ടൽ സംരക്ഷണം ലഭിക്കുന്നു.
നിങ്ങളുടെ മനോഹര ചർമ്മം പരിപാലിക്കുന്നതിൽ
50 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള
മെഡിമിക്സിന്റെ ടോട്ടൽ കെയർ ഷാംപൂ
ഉള്ളപ്പോൾ, വെവ്വേറെ ഷാംപൂകളുടെ സഹായം
നിങ്ങൾക്ക് എന്തിന് ?
നിങ്ങളുടെ മുടിയിഴകൾക്ക് സമ്മാനിക്കൂ
പ്രകൃതിദത്ത സംരക്ഷണം എന്നെന്നും.
Intro Offer
25%
EXTRA
ട്രിപ്പിൾ ആക്ഷൻ
• മുടികൊഴിച്ചിൽ കുറയ്ക്കുന്നു *
• താരനെതിരെ പോരാടുന്നു ^
• മുടിയെ കണ്ടീഷൻ ചെയ്യുന്നു ^
9 A UNIQUE MIX OF 9 NATURAL HERBS
MEDIMIX TOTAL CARE SHAMPOO
Buy 3 Get 1 FREE
Triple Action
₹3
5ml
MEDIMIX®
TOTAL CARE
SHAMPOO
Triple Action
Toll Free: 1800 103 1282 www.medimix.co.in
* Conditions apply. * Based on consumer research study.
^ Based on lab study under test condition. Individual test result may vary.